33rd Year of Service 2025

Price $1.00

# കേരളാ എക്സ്പ്രസ്


# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

July 11, 2025 | Vol. XXXIII No. 28 | Periodicals Postage Paid











അമേരിക്കൻ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ജൂലൈ 4–ാം തീയതി ചിക്കാഗോയിലെ ഗ്ലെൻവ്യൂവിൽ നടന്ന സ്വാതന്ത്ര്യദിന പരേഡിൽ ഗ്ലെൻവ്യൂ മലയാളീസ് ഇൻഡ്യയുടെ നേതൃത്വത്തിൽ മലയാളി സമൂഹം അണിനിരന്നപ്പോൾ. ഭാരവാഹികളായ കുഞ്ഞച്ചൻ കൊച്ചുവീട്ടിൽ (പ്രസിഡണ്ട്), ജിനോ മഠത്തിൽ (കൺവീനർ), ഷാനി അബ്രഹാം, ചാക്കോച്ചൻ കടവിൽ, ജോൺ പാട്ടപ്പതി, കുര്യൻ ഇമ്മാനുവൽ, ജോസഫ് തെക്കേക്കര, ജോർജ് നെല്ലാമറ്റം, ജിതേഷ് ചുങ്കത്ത് തുടങ്ങിയവർ പരേഡിനു നേതൃത്വം നല്കി. (വാർത്ത 32–ാം പേജിൽ) ഫോട്ടോ: മോനു വർഗീസ്


BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY
SUNNY
FINANCIAL STRATEGIES, LLC
Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116 tom@sunnyfinancial.com
Comprehensive Financial Planning
Risk Management & Insurance: Life/Disability/Long Term Care/Health/Medicare
401(k), 403(b), IRA, Roth IRA Rollovers & Account Set-ups
Professional Investment Management & Guidance
Business Plans/Employee Benefits/Pension
Retirement Income/Retirement Savings
Tax Planning Strategies
Estate Planning: Trusts/Wills
Education Funds
www.sunnyfinancial.com
475 N Martingale Rd, Suite 1250, Schaumburg, IL 60173
Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

33rd Year of Service 2025
NOT OUR MERIT BUT HIS GRACE · KERALA EXPRESS
Price $1.00
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 റിപ്പോർട്ട് തേടി ഗവർണർ
8 ഹൃദയാഘാതം കോവിഡ് വാക്സിൻ മൂലമല്ല
12 പി.ജെ. ജോസഫിന് ശതാഭിഷേകം
21 ഇൻഡസ് ലയൺസ് ക്ലബ്ബ് മൂന്നാം വാർഷികം
22 പാ. എം.എസ്. മത്തായിയെ ഓർക്കുമ്പോൾ

# ചിക്കാഗോ സീറോമലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങൾ 2026 ജൂലൈ 9–12 തീയതികളിൽ

ജോസ് കണിയാലി

ചിക്കാഗോ: ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതാ സ്ഥാപനത്തിന്റെ സിൽവർ ജൂബിലി ആഘോഷപരിപാടികളും രൂപതയുടെ സ്ഥാപകബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേക സിൽവർ ജൂബിലിയും കൺവൻഷനും 2026 ജൂലൈ 9, 10, 11, 12 തീയതികളിൽ നടത്തപ്പെടുന്നതാണെന്ന് രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് അറിയിച്ചു. ഡൗൺടൗൺ ചിക്കാഗോയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന മക്കോർമിക് കൺവൻഷൻ സെന്ററായിരിക്കും ആഘോഷങ്ങൾക്ക് വേദിയാകുക. അമേരിക്കയിലുള്ള സീറോമലബാർ വിശ്വാസികൾക്കായി 2001 മാർച്ച് 13-ാം തീയതി രൂപീകൃതമായ സെന്റ് തോമസ് സീറോമലബാർ രൂപത, ബിഷപ് മാർ ജേക്കബ് അങ്ങാടിയത്തിന്റെ നേതൃത്വത്തിൽ വളർച്ചയുടെ പടവുകൾ ചവുട്ടിക്കയറി. 25 വർഷം കൊണ്ട് 52 ഇടവകകൾ, 35 മിഷനുകൾ, 87,000-ത്തിലധികം വിശ്വാസികൾ എന്നിവയെ പ്രതിനിധാനം ചെയ്യുന്ന വലിയ ആദ്ധ്യാത്മിക കൂട്ടായ്മയായി രൂപത വളർന്നു.


ബിഷപ് മാർ ജോയി ആലപ്പാട്ട്


ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്


ഫാ. തോമസ് കടുകപ്പിള്ളിൽ


ബിജി സി. മാണി


ജോസഫ് ചാമക്കാല

ഇന്ന് ബിഷപ് മാർ ജോയി ആലപ്പാട്ടിന്റെ നേതൃത്വത്തിൽ രൂപത വികസനത്തിന്റെ നേർവഴിയിലാണ്. ആയിരക്കണക്കിന് സീറോമലബാർ കുടുംബങ്ങൾ ഈ വലിയ കൂട്ടായ്മയിൽ പങ്കുചേരുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവാണ് കിക്കോഫ് കർമ്മം നിർവഹിച്ചത്. വിശ്വാസികൾ, (ശേഷം 21-ാം പേജിൽ)

# കൽദായ സഭ മുൻ ആർച്ച്ബിഷപ് ഡോ. മാർ അപ്രേം കാലംചെയ്തു



തൃശൂർ: കൽദായ സഭാ മുൻ ആർച്ച്ബിഷപ് ഡോ. മാർ അപ്രേം കാലം ചെയ്തു. 85 വയസ്സായിരുന്നു.

2022-ൽ ആർച്ച്ബിഷപ് പദവിയൊഴിഞ്ഞശേഷം ഹൈറോഡിലെ കൽദായ സഭാ അരമനയിൽ വിശ്രമത്തിലായിരുന്ന മാർ അപ്രേമിനെ മെയ് 22-ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലിരിക്കെ 7-ന് രാവിലെ 9.58-നാണ് വിയോഗം.

തൃശൂരിന്റെ പൗരോഹിത്യ-സാംസ്കാരിക രംഗത്തെ അപൂർവ മുഖമായിരുന്ന മാർ അപ്രേം എല്ലാ സഭകളുടെയും സമുദായങ്ങളുടെയും അടുത്ത സുഹൃത്തായിരുന്നു. തൃശൂരിന്റെ ചരിത്രം ആഴത്തിൽ പഠിച്ച അദ്ദേഹം എഴുപതിലേറെ പുസ്തകങ്ങളുടെ രചയിതാവാണ്. നർമ്മ ഭാഷകൻ, ഗായകൻ അങ്ങനെ (ശേഷം 28-ാം പേജിൽ)

# ഭീകരവാദം മനുഷ്യരാശി നേരിടുന്ന ഏറ്റവും ഗുരുതരമായ വെല്ലുവിളിയെന്ന് മോദി

റിയോ ഡി ജനീറോ: ബ്രിക്സ് ഉച്ചകോടിയിൽ സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും മൂല്യങ്ങളോടുള്ള ഇന്ത്യയുടെ പ്രതിബദ്ധത അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ലോകസമാധാനവും സുരക്ഷയുമാണ് ഭാവിയുടെ അടിത്തറയെന്ന് വിശേഷിപ്പിച്ച മോദി, ഭീകരവാദം മനുഷ്യരാശി നേരിടുന്ന ഏറ്റവും ഗുരുതരമായ വെല്ലുവിളിയായി മാറിയിരിക്കുകയാണെന്നും പറഞ്ഞു. പഹൽഗാം ഭീകരാക്രമണം മുഴുവൻ മനുഷ്യരാശിക്കെതിരെയുള്ള പ്രഹരമായിരുന്നെന്നും മോദി പറഞ്ഞു.

ഇന്ന് മനുഷ്യരാശി നേരിടുന്ന ഏറ്റവും ഗുരുതരമായ വെല്ലുവിളിയായി ഭീകരവാദം മാറിയിരിക്കുന്നു. പഹൽഗാം ഭീകരാക്രമണം ഇന്ത്യക്ക് മാത്രമല്ല, മുഴുവൻ മനുഷ്യരാശിക്കും ഒരു പ്രഹരമായിരുന്നു. ഭീകരവാദികൾക്കെതിരെ ഉപരോധം ഏർപ്പെടുത്തുന്നതിൽ ഒരു മടിയും പാടില്ല. ഭീകരവാദത്തിന്റെ ഇരകളെയും അതിനെ പിന്തുണയ്ക്കുന്നവരെയും ഒരേ തുലാസിൽ തൂക്കിനോക്കാനാവില്ല.



വ്യക്തിപരമോ രാഷ്ട്രീയമോ ആയ നേട്ടങ്ങൾക്കായി, ഭീകരതയ്ക്കു നിശബ്ദ സമ്മതം നല്കുകയും ഭീകരതയെയോ ഭീകരരെയോ പിന്തുണയ്ക്കുകയും ചെയ്യുന്നത് സ്വീകാര്യമല്ല. ഭീകരതയെക്കുറിച്ചുള്ള വാക്കുകൾക്കും പ്രവൃത്തികൾക്കും ഇടയിൽ വ്യത്യാസമുണ്ടാകരുത്. ഭീകരവാദത്തെ അപലപിക്കുക എന്നത് നമ്മുടെ തത്വമായിരിക്കണം: മോദി പറഞ്ഞു.

പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ ഇറക്കുമതി തീരുവകൾ ആഗോള സമ്പദ് വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്നും ബ്രിക്സ് ഉച്ചകോടി ആരോപിച്ചു. ഏകപക്ഷീയമായ താരിഫ് വർദ്ധനവിൽ (ശേഷം 30-ാം പേജിൽ)

# ടെക്സസിൽ വീണ്ടും പ്രളയസാദ്ധ്യതാ മുന്നറിയിപ്പ്; മരണം 78



ടെക്സസ്: മധ്യ ടെക്സസിലെ മിന്നൽ പ്രളയത്തിൽ മരണസംഖ്യ 78. നിരവധി പേരെ കാണാതായി. മരണസംഖ്യ ഉയരാൻ ഇടയുണ്ടെന്ന് അധികൃതർ വ്യക്തമാക്കി. വീണ്ടും പ്രളയമുണ്ടാകാമെന്ന മുന്നറിയിപ്പുണ്ട്. മരിച്ചവരിൽ 28 പേർ കുട്ടികളാണ്. ഗ്വാഡലൂപ് നദിക്കരയിലെ പ്രസിദ്ധമായ ക്യാംപ് മിസ്റ്റിക്കിൽ 700 പെൺകുട്ടികളാണ് ഉണ്ടായിരുന്നത്.

ക്യാമ്പിലെ ക്യാബിനുകൾക്കുള്ളിൽ ആറടിപ്പൊക്കത്തിൽ വെള്ളം വന്നുനിറഞ്ഞു. സ്വാതന്ത്ര്യ ദിനാഘോഷത്തിനായി ഒട്ടേറെപ്പേർ നദിക്കരയിലെ താമസയിടങ്ങളിൽ ഉണ്ടായിരുന്നു. (ശേഷം 30-ാം പേജിൽ)

കേരളാ എക്സ്പ്രസ്
KERALA EXPRESS

ഞാറവേലിൽ ചിന്നമ്മ ഫിലിപ്പ്: ജീവിതംകൊണ്ട് മാതൃകയാകുമ്പോൾ (ചിക്കാഗോ)



വഴിത്താരകൾ
പേജ്, 16, 17

# റിപ്പോർട്ട് തേടി ഗവർണർ; പുതിയ രജിസ്ട്രാറെ നിയമിച്ച് വിസി

തിരുവനന്തപുരം: കേരള സർവകലാശാല സിൻഡിക്കേറ്റ് യോഗത്തെ സംബന്ധിച്ച് റിപ്പോർട്ട് തേടി ഗവർണർ. രജിസ്ട്രാറുടെ സസ്പെൻഷൻ സിൻഡിക്കേറ്റ് റദ്ദാക്കിയോ, അദ്ദേഹം ചുമതലയേറ്റോ തുടങ്ങിയ കാര്യങ്ങളിലാണ് ചാൻസലർ കൂടിയായ ഗവർണർ വിസിയുടെ ചുമതലയുള്ള സിസ തോമസിനോട് റിപ്പോർട്ട് തേടിയത്.

വൈസ് ചാൻസലർ പിരിച്ചുവിട്ട സിൻഡിക്കേറ്റ് യോഗത്തിൽ പങ്കെടുത്തതിന് ജോയിന്റ് രജിസ്ട്രാർ സി. ഹരികുമാറിനെ ചുമതലയിൽ നിന്നു നീക്കി. ഭരണവിഭാഗത്തിന്റെ ചുമതലയിൽനിന്നും മാറ്റിനിർത്തി. പകരം ജോയിന്റ് രജിസ്ട്രാർ മിനി കാപ്പനു ചുമതല നൽകി. ഡോ. കെ. എസ്. അനിൽകുമാറിനെ രജിസ്ട്രാർ പദവിയിൽ നിന്നു നീക്കിയപ്പോൾ ചുമതല ഹരികുമാറിനായിരുന്നു നൽകിയിരുന്നത്.

ഭാരതാംബ വിവാദവുമായി വിസി സസ്പെൻഡ് ചെയ്ത രജിസ്ട്രാർ അനിൽ കുമാറിനെ തിരിച്ചെടുക്കാൻ ഇടത് സിൻഡിക്കേറ്റ് തീരുമാനിച്ചു. എന്നാൽ ഈ വിഷയം അജണ്ടയിൽ വരുന്നതിനു മുൻപേ തന്നെ വിസി യോഗം പിരിച്ചു വിട്ടിരുന്നു. വിസി പിരിച്ചു വിട്ട യോഗത്തിൽ ജോയിന്റ് രജിസ്ട്രാർ ഹരികുമാർ പങ്കെടുക്കുകയും രജിസ്ട്രാറുടെ സസ്പെൻഷൻ പിൻവലിക്കുകയും ചെയ്തിരുന്നു. ഇത് സർവകലാശാലയുടെ ചട്ടങ്ങളുടെ ലംഘനമാണെന്ന് വിസി സിസ തോമസ് ജോയിന്റ് രജിസ്ട്രാറോട് വ്യക്തമാക്കിയിരുന്നു. താൻ പിരിച്ചു വിട്ട യോഗത്തിൽ നിയമപരമായി രജിസ്ട്രാർ പങ്കെടുക്കാൻ വ്യവസ്ഥയില്ലാതിരിക്കെ പങ്കെടുക്കുകയും സസ്പെൻഷനിലുള്ള ഉദ്യോഗസ്ഥനെ സർവകലാശാലയിൽ ജോലിയിൽ തിരികെ പ്രവേശിക്കാൻ സിൻഡിക്കേറ്റിനോടൊപ്പം ചേർന്ന് ചട്ടവിരുദ്ധമായി ജോയിന്റ് രജിസ്ട്രാർ പ്രവർത്തിച്ചുവെന്നാണ് വിസിയുടെ കണ്ടെത്തൽ. ഇതെല്ലാം കാട്ടി വിസി ഗവർണർക്ക് റിപ്പോർട്ട് നൽകി.

# ഏകീകൃത ഗൾഫ് ടൂറിസ്റ്റ് വിസ യാഥാർത്ഥ്യമാകുന്നു

ദുബായ്: സൗദി, യുഎഇ, കുവൈത്ത്, ബഹ്റൈൻ, ഒമാൻ, ഖത്തർ എന്നീ ആറ് ഗൾഫ് രാജ്യങ്ങൾ ഒറ്റ വിസയിൽ സന്ദർശിക്കാൻ കഴിയുന്ന ഏകീകൃത ടൂറിസ്റ്റ് വിസ ഉടൻ യാഥാർത്ഥ്യമാകും. മൂന്ന് മാസം വരെയായിരിക്കും വിസയുടെ കാലാവധിയെന്ന് ഗൾഫ് സഹകരണ കൗൺസിൽ (ജിസിസി) ജനറൽ സെക്രട്ടറി ജാസിം മുഹമ്മദ് അൽബുദയ്‌വി അറിയിച്ചു.

ജിസിസി രാജ്യങ്ങളിലെ ഇമിഗ്രേഷൻ വിഭാഗങ്ങൾ സംയുക്തമായി പുതിയ വിസ അവതരിപ്പിക്കാനുള്ള ശ്രമത്തിലാണ്. ഉദ്യോഗസ്ഥതലത്തിൽ നിരന്തര കൂടിക്കാഴ്ചകൾ നടത്തുന്നുണ്ട്.

ഈ മാസം രണ്ടിന് റിയാദിൽ നടന്ന ജിസിസി രാജ്യങ്ങളുടെ ഇമിഗ്രേഷൻ ഡയറക്ടർ ജനറൽമാരുടെ യോഗത്തിലെ പ്രധാന അജൻഡ ഏകീകൃത ടൂറിസ്റ്റ് വിസ ആയിരുന്നു.

ഗൾഫ് രാജ്യങ്ങളുടെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ബന്ധം സുദൃഢമാക്കാൻ പുതിയ വിസയിലൂടെ കഴിയുമെന്നാണു വിലയിരുത്തൽ. വ്യോമ, നാവിക, കര ഗതാഗതം, ഹോട്ടൽ, സുരക്ഷ എന്നീ മേഖലകളിൽ വൻ കുതിച്ചു ചാട്ടമാണു പ്രതീക്ഷിക്കുന്നത്.

പുതിയ നിക്ഷേപ പദ്ധതികൾക്കും നീക്കം കരുത്ത് പകരും. വിനോദസഞ്ചാര മേഖല കൂടുതൽ സജീവമാകും. ഗൾഫ് രാജ്യങ്ങൾ എന്നും ഒന്നിച്ചാണെന്ന സന്ദേശവും ഏകീകൃത ടൂറിസ്റ്റ് വിസ ലോകത്തിനു നൽകും.

## വന്യജീവി ആക്രമണം:
# കേരളം നിയമനിർമാണത്തിനൊരുങ്ങുന്നു

തിരുവനന്തപുരം: വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിയമനിർമാണം നടത്താനുള്ള നടപടികളുമായി കേരളം മുന്നോട്ടു പോകുകയാണെന്നും കരട് ബിൽ നിയമവകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചതായും എംപിമാരുടെ യോഗത്തിൽ മുഖ്യമന്ത്രി അറിയിച്ചു. പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിന് മുന്നോടിയായി മുഖ്യമന്ത്രി വിളിച്ച എംപിമാരുടെ യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്. വയനാട് മേപ്പാടി-ചൂരൽമല പുനരധിവാസവുമായി ബന്ധപ്പെട്ട് പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്മെന്റ് നടത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ചതു പ്രകാരം മേപ്പാടിക്ക് 2221.10 കോടി രൂപയും കോഴിക്കോട് വിലങ്ങാടിന് 98.10 കോടിയും അനുവദിക്കാനായി ഒന്നിച്ച് നിലപാട് സ്വീകരിക്കാൻ യോഗം തീരുമാനിച്ചു. ദേശീയ ദുരന്ത നിവാരണ നിയമത്തിൽനിന്ന് ഒഴിവാക്കിയ 'സെക്ഷൻ 13' പുനഃസ്ഥാപിക്കാൻ കൂട്ടായ ഇടപെടൽ വേണം. വന്യജീവി സംരക്ഷണ നിയമത്തിലെ 11-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങളിൽ പ്രാദേശിക ആവശ്യങ്ങൾ കണക്കിലെടുത്ത് ലഘൂകരണം നൽകാൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരം നൽകുന്ന നിയമഭേദഗതി അടിയന്തരമായി വരുത്തുന്നതിനും നഷ്ടപരിഹാരത്തിനുള്ള കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിന് ആവശ്യം ഉന്നയിക്കണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

കൊച്ചി മെട്രോ എസ്എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷൻവരെ നീട്ടാനുള്ള തുക അനുവദിക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തണം. സംസ്ഥാന താത്പര്യം സംരക്ഷിക്കുന്നതിന് ആവശ്യമായ ഇടപെടൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായി സ്വീകരിക്കുമെന്ന് എംപിമാർ ഉറപ്പു നൽകി. അടിസ്ഥാനസൗകര്യ വികസന പദ്ധതികളായ ഗിഫ്റ്റ് സിറ്റി (ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി), കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോറിനു കീഴിൽ ഗ്ലോബൽ സിറ്റി ഘടകത്തെ ബന്ധിപ്പിക്കണം. ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കുന്നതിന് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ലഭ്യമാക്കുന്നതിലും കണക്ടിവിറ്റി ഇൻഫ്രാസ്ട്രക്ചർ പൂർത്തീകരിക്കാൻ സമയബന്ധിതമായി കേന്ദ്ര പിന്തുണ തേടണം. എയിംസ് (ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കേരളത്തിൽ അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം. കടൽ ഭിത്തി നിർമാണത്തോടൊപ്പം തീരത്തെ മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തും സംരക്ഷിക്കാനുള്ള വിവിധ പ്രൊപ്പോസൽ കേന്ദ്രസർക്കാരിനു സമർപ്പിച്ചതിന്മേൽ നടപടി സ്വീകരിക്കണം.

# നിപ: ഒരു കുട്ടിക്കു കൂടി പനി; 383 പേർ സമ്പർക്ക പട്ടികയിൽ

തിരുവനന്തപുരം: നിപ ബാധിച്ച പാലക്കാട് തച്ചനാട്ടുകര സ്വദേശിനിയുടെ (38) സമ്പർക്ക് പട്ടികയിൽ ഉണ്ടായിരുന്ന ഒരു കുട്ടിക്കു കൂടി പനി ബാധിച്ചു. കുട്ടിയെ പാലക്കാട് മെഡിക്കൽ കോളജിലേക്കു മാറ്റി. ഇതോടെ പനിബാധിച്ചവരുടെ എണ്ണം നാലായി. നിപ ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളജിൽ കഴിയുന്ന യുവതിയുടെ ആരോഗ്യനില അതീവ ഗുരുതരമായി തുടരുകയാണ്.

കേരളത്തിൽ 383 പേർ നിലവിൽ നിപ സമ്പർക്ക പട്ടികയിൽ ഉള്ളതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. മലപ്പുറത്ത് നിപ ബാധിച്ച വ്യക്തിയുടെ സമ്പർക്കപട്ടികയിലുള്ള 241 പേരും പാലക്കാട് നിപ സ്ഥിരീകരിച്ച രോഗിയുടെ സമ്പർക്ക പട്ടികയിലുള്ള 142 പേരും നിരീക്ഷണത്തിലാണ്. ആകെ സമ്പർക്ക പട്ടികയുള്ളവരിൽ 94 പേർ കോഴിക്കോട് ജില്ലയിലും രണ്ട് പേർ എറണാകുളം ജില്ലയിലുമാണെന്ന് മന്ത്രി അറിയിച്ചു. മലപ്പുറത്ത് 12 പേരാണ് ചികിത്സയിലുള്ളത് 5 പേർ ഐസിയു ചികിത്സയിലുണ്ട്. പാലക്കാട് 4 പേർ ഐസൊലേഷനിൽ ചികിത്സയിലാണ്. മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. വീടുകളിലെ സന്ദർശനവും പനി സർവൈലൻസും നടത്തിവരുന്നു. ഐസൊലേഷനിലുള്ളവരെ ഫോണിൽ വിളിച്ച് മാനസിക പിന്തുണ ഉറപ്പാക്കുന്നുണ്ട്. ചികിത്സയ്ക്കായി എത്തുന്ന രോഗികൾ കൂടിയാൽ അതു മുന്നിൽ കണ്ട് കൂടുതൽ ഐസിയു, ഐസൊലേഷൻ സൗകര്യങ്ങൾ ജില്ലകളിൽ ഉറപ്പാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു,

# എജ്ബാസ്റ്റണിൽ ഇന്ത്യക്ക് ചരിത്രജയം

ബിർമിംഗ്ഹാം: 58 വർഷത്തെ കാത്തിരിപ്പിന് വിരാമം! എജ്ബാസ്റ്റണിൽ ഇന്ത്യക്ക് ആദ്യ ടെസ്റ്റ് ജയം. ശുഭ്മാൻ ഗിൽ നയിച്ച ഇന്ത്യ ഇംഗ്ലണ്ടിനെതിരെ നടന്ന രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് മത്സരത്തിൽ ഇംഗ്ലണ്ടിനെ 336 റൺസിന് തോൽപ്പിച്ചു. 608 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ട് രണ്ടാമിന്നിംഗ്സിൽ 271 റൺസിന് ഓൾഔട്ടായി. ആറു വിക്കറ്റെടുത്ത പേസ് ബൗളർ ആകാശ്ദീപിന്റെ തകർപ്പൻ പ്രകടനമാണ് ഇന്ത്യക്ക് വിജയം സമ്മാനിച്ചത്. സ്കോർ: ഇന്ത്യ: 587, 427-6 ഡിക്ലയേഡ്. ഇംഗ്ലണ്ട്: 407, 271. ഇതോടെ അഞ്ചു ടെസ്റ്റുള്ള പരമ്പര 1-1 തുല്യനിലയിലായി. ലോർഡ്സിൽ 10 മുതലാണ് മൂന്നാം ടെസ്റ്റ്.

1967-ൽ എജ്ബാസ്റ്റണിൽ ആദ്യമായി മൻസൂർ അലിഖാൻ പട്ടൗഡിയുടെ നേതൃത്വത്തിൽ ടെസ്റ്റ് കളിച്ചതിനു ശേഷം ഇന്ത്യയുടെ ഈ ഗ്രൗണ്ടിലെ ആദ്യ ടെസ്റ്റ് വിജയമാണിത്. സ്റ്റാർ പേസർ ജസ്പ്രീത് ബുംറ ഇല്ലാതെയാണിറങ്ങിയതെങ്കിലും, നായകൻ ശുഭ്മാൻ ഗിൽ മുന്നിൽനിന്ന് നയിച്ചു. രണ്ട് ഇന്നിംഗ്സുകളിലുമായി ഒരു ഇരട്ട സെഞ്ചുറിയും ഒരു സെഞ്ചുറിയും നേടിയ ഗിൽ ഇന്ത്യക്ക് വ്യക്തമായ മുൻതൂക്കം നൽകി. ആകാശ്ദീപിന്റെയും മുഹമ്മദ് സിറാജിന്റെയും മികച്ച പേസ് ബൗളിംഗ് വിജയമുറപ്പിച്ചു. ഇരു ഇന്നിംഗ്സുകളിലുമായി 1014 റൺസ് നേടിയതോടെ, ഒരു ടെസ്റ്റ് മത്സരത്തിൽ 1000 റൺസിന് മുകളിൽ നേടുന്ന ആദ്യ ഇന്ത്യൻ ടീമായി ഗില്ലിന്റേത്. പരമ്പരയിലെ ആദ്യ രണ്ട് ടെസ്റ്റുകളിലായി 1849 റൺസ് നേടിക്കൊണ്ട്, ഒരു ടെസ്റ്റ് പരമ്പരയുടെ ആദ്യ രണ്ടു മത്സരങ്ങളിൽ ഏതൊരു ടീമിന്റെയും ഏറ്റവും ഉയർന്ന റൺനേട്ടവും ഇന്ത്യ സ്വന്തമാക്കി.




ഇംഗ്ലണ്ടിനെതിരെ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ വിജയിച്ച ഇന്ത്യൻ ടീമിന്റെ ആഹ്ലാദം.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 28
July 11, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

അനുശാസനം നല്ലതാണ്. പ്രോത്സാഹനമാണ് ഉത്തമം.

**ഗെയ്ഥേ**

സമൂഹം വ്യക്തിയെ എന്നതുപോലെ ഏകാന്തത ഭാവനയെയും രൂപപ്പെടുത്തുന്നു.

**ജയിംസ് ലോവൽ**

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT®
Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

### Fee Discounts On Certain Cases For Malayalee Clients

### Home Visits Available



Steve Crifase
Steve@Crifaselaw.com

## CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating
Better Business Bureau

## GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

## MIDWEST
WINDOWS & DOORS




MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com



Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യ നേരിട്ടത് മൂന്നു കൂട്ടരെ: കരസേനാ ഉപമേധാവി

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യക്ക് മൂന്നു പ്രതിയോഗികളെ നേരിടേണ്ടി വന്നുവെന്നു കരസേനാ ഉപമേധാവി (ഡെപ്യൂട്ടി ചീഫ് ഓഫ് ആർമി സ്റ്റാഫ്) ലെഫ്റ്റനന്റ് ജനറൽ രാഹുൽ ആർ. സിംഗ്. നാല് ദിവസം നീണ്ടുനിന്ന സൈനികസംഘർഷത്തിൽ ഇന്ത്യ നേരിട്ടേറ്റുമുട്ടിയത് പാക്കിസ്ഥാനോടാണെങ്കിലും ചൈനയും തുർക്കിയും സാധ്യമായ എല്ലാ സഹായങ്ങളും പാകിസ്ഥാന് ലഭ്യമാക്കിയിരുന്നതായി കരസേനാ ഉപമേധാവി വ്യക്തമാക്കി.

യുദ്ധമുഖത്ത് ഇന്ത്യയോട് നേരിട്ടു പോരാടിയില്ലെങ്കിലും 'കടം വാങ്ങിയ കത്തി ഉപയോഗിച്ചു കൊല്ലുക' എന്ന പുരാതന ചൈനീസ് യുദ്ധതന്ത്രമുപയോഗിച്ചാണ് ചൈന ഇന്ത്യയെ ദ്രോഹിക്കാൻ ശ്രമിച്ചതെന്ന് കരസേനാ ഉപമേധാവി ചൂണ്ടിക്കാട്ടി. വടക്കൻ അതിർത്തിയിൽ നേരിട്ടുള്ള ഏറ്റുമുട്ടലിൽ ഏർപ്പെടുന്നതിനേക്കാൾ അയൽരാജ്യത്തെ ഉപയോഗിച്ച് ഇന്ത്യയെ വേദനിപ്പിക്കാനാണ് ചൈന ശ്രമിച്ചത്. കഴിഞ്ഞ അഞ്ച് വർഷത്തെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ പാകിസ്ഥാന്റെ കൈവശമുള്ള 81 ശതമാനം സൈനികോപകരണങ്ങളും ചൈനീസ് നിർമിതമാണെന്ന് വ്യക്തമാകുമെന്ന് ലെഫ്റ്റനന്റ് ജനറൽ സിംഗ് ഡൽഹിയിലെ ഒരു പൊതു പരിപാടിയിൽ വ്യക്തമാക്കി.

ചൈന തങ്ങളുടെ ആയുധങ്ങൾ പരീക്ഷിക്കാനുള്ള 'തത്സമയ ലാബായി' ഇന്ത്യ-പാക് സംഘർഷത്തെ വിനിയോഗിച്ചുവെന്നും ഓപ്പറേഷൻ സിന്ദൂറിലെ ഇന്ത്യയുടെ സൈനിക വിവരങ്ങളെക്കുറിച്ചുള്ള തത്സമയ വിവരങ്ങൾ ചൈന പാകിസ്ഥാനു ലഭ്യമാക്കിയിരുന്നതായും ലെഫ്റ്റനന്റ് ജനറൽ സിംഗ് വെളിപ്പെടുത്തി.


രാഹുൽ ആർ. സിംഗ്

പാകിസ്ഥാന് ആയുധം നൽകിയതിലൂടെ ചൈനയ്ക്ക് അവരുടെ ആയുധങ്ങൾ മറ്റുള്ള ആയുധങ്ങൾക്കുനേരേ പരീക്ഷിക്കാൻ കഴിഞ്ഞു. വെടിനിർത്തലിനുവേണ്ടി ഇരുരാജ്യങ്ങളുടെയും ഡയറക്ടർ ജനറൽ ഓഫ് മിലിറ്ററി ഓപ്പറേഷൻസ് ചർച്ച നടത്തിയപ്പോൾ നമ്മുടെ പ്രധാനപ്പെട്ട സൈനികവിവരങ്ങളെന്തൊക്കെയാണെന്നു പാകിസ്ഥാൻ സൂചിപ്പിച്ചു. ആക്രമണത്തിനായി നമ്മുടെ ഏതൊക്കെ സൈനിക ഉപകരണങ്ങളാണ് സജ്ജമാക്കിവെച്ചിരിക്കുന്നതെന്നും അവ സഞ്ചരിക്കുന്ന ദിശയും പാതയും തങ്ങൾക്ക് അറിയാമെന്നും അതിനാൽ ആക്രമണത്തിൽ നിന്ന് പിന്മാറുന്നതായി അപേക്ഷിക്കുന്നതായും അവർ ഡിജിഎംഒ ചർച്ചകൾക്കിടെ സൂചിപ്പിച്ചു. അതിനർഥം അവർക്കു ചൈനയിൽനിന്ന് തത്സമയ വിവരങ്ങൾ ലഭിക്കുന്നുവെന്നാണ്. അതിനാൽ ഇത്തരം വിവരങ്ങൾ ചൈനയ്ക്കും പാക്കിസ്ഥാനും ലഭ്യമാകുന്നതിൽനിന്ന് അടിയന്തരവും ഉചിതവുമായ നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണെന്നും കരസേന ഉപമേധാവി വ്യക്തമാക്കി. സൈനികസംഘർഷത്തിനിടയിൽ തുർക്കി നിർമിത ഡ്രോണുകൾ പാക്കിസ്ഥാനു ധാരാളമായി ലഭിച്ചിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പാക്കിസ്ഥാനും ഇന്ത്യയും ഇനിയൊരു സൈനിക സംഘർഷത്തിലേക്ക് നീങ്ങിയാൽ പാക്കിസ്ഥാൻ ഇന്ത്യയിലെ ജനവാസകേന്ദ്രങ്ങളെ ലക്ഷ്യം വെച്ചേക്കാമെന്നും നാം അതിനെ പ്രതിരോധിക്കാൻ തയാറായിരിക്കണമെന്നും ലെഫ്റ്റനന്റ് ജനറൽ സിംഗ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

# വഖഫ് ചട്ടം കേന്ദ്ര വിജ്ഞാപനമായി

ന്യൂഡൽഹി: വഖഫ് ഭൂമി സംബന്ധിച്ച തർക്കത്തിൽ കളക്ടറേക്കാൾ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥൻ ഒരു വർഷത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന വഖഫ് ചട്ടം കേന്ദ്രം വിജ്ഞാപനം ചെയ്തു.

അന്വേഷണത്തിനുള്ള സമയപരിധി വഖഫ് നിയമത്തിൽ നേരത്തെ പരാമർശിച്ചിരുന്നില്ല. അന്വേഷണം പൂർത്തിയാകുംവരെ ഭൂമിക്കു വഖഫ് പരിരക്ഷ ലഭിക്കില്ലെന്നാണ് നിയമത്തിലെ വ്യവസ്ഥ. ഇത് അന്വേഷണം അനന്തമായി നീളാൻ ഇടയാക്കുമെന്ന് വിമർശനമുയർന്നിരുന്നു. വഖഫ് നിയമത്തിനെതിരെയുള്ള ഹർജികളിലെ പ്രധാന ആക്ഷേപങ്ങളിലൊന്നായിരുന്നു ഇത്. വഖഫ് സ്വത്തുക്കൾ രജിസ്റ്റർ ചെയ്യാനുള്ള 'ഉമീദ്' പോർട്ടലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് പുതിയ ചട്ടം.

സ്വകാര്യ വഖഫിൽ (വഖഫ് അൽ ഔലാദ്) സ്ത്രീകളടക്കമുള്ളവരുടെ പിന്തുടർച്ചാവകാശം ഉറപ്പാക്കും. ജീവനാംശം അവകാശപ്പെട്ടവർക്ക് വഖഫ് ബോർഡിന് അപേക്ഷ നല്കാം. ബോർഡ് അംഗീകരിച്ചാൽ ഏഴ് ദിവസത്തിനുള്ളിൽ അപേക്ഷകരെയും വഖഫിന്റെ ചുമതലപ്പെട്ടവരെയും അറിയിക്കണം.

വഖഫ് നിയമം പ്രാബല്യത്തിൽ വന്ന ഏപ്രിൽ 8-ന് ശേഷം പുതുതായി ലഭിക്കുന്ന വഖഫ് സ്വത്തുക്കൾ മൂന്നു മാസത്തിനകം രജിസ്റ്റർ ചെയ്യണം. ഈ അപേക്ഷ കളക്ടർക്ക് കൈമാറും. തുടർന്ന് 60 ദിവസത്തിനുള്ളിൽ കളക്ടർ പരിശോധന നടത്തി റിപ്പോർട്ട് നല്കണം. സ്വത്ത് സർക്കാർ ഭൂമിയല്ലെന്നും പട്ടികവർഗ്ഗക്കാരുടെ ഭൂമിയല്ലെന്നും ഉറപ്പാക്കണം. അപേക്ഷകന്റെ തന്നെ ഭൂമിയാണോയെന്നും കളക്ടർ ഉറപ്പിക്കണം. ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന വഖഫ് സ്വത്തുക്കളുടെ സർവേയ്ക്കുശേഷം സംസ്ഥാന സർക്കാർ വിവരങ്ങൾ പോർട്ടലിൽ പ്രസിദ്ധീകരിക്കണം. ഭൂമിയുടെ അതിരുകൾ, ഉപയോഗം, വഖഫ് ആക്കിയയാളുടെ വിവരങ്ങൾ, വഖഫിന്റെ ഉദ്ദേശ്യം, മുത്തവല്ലിയുടെ പേര് എന്നിവയടക്കമുണ്ടാകണം. വഖഫ് ഭൂമിയായി വിജ്ഞാപനമിറങ്ങി 90 ദിവസത്തിനകമാണ് പ്രസിദ്ധീകരിക്കേണ്ടത്.

പോർട്ടൽ പ്രവർത്തനം ഏകോപിപ്പിക്കാനായി സംസ്ഥാന സർക്കാരുകൾ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കണം. പോർട്ടലിന്റെ പ്രവർത്തനം ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനം സ്വതന്ത്ര ഏജൻസി വിലയിരുത്തണം. പോർട്ടലിൽ നല്കുന്ന വഖഫ് വിവരങ്ങൾ സംസ്ഥാന വഖഫ് ബോർഡ് നേരിട്ട് പരിശോധിച്ചുറപ്പാക്കും.

# സൈബർ ക്രൈം തടയാൻ ഇസ്രയേൽ മാതൃക

തിരുവനന്തപുരം: കേരള പോലീസിന്റെ നിർദേശം പരിഗണിച്ച് തട്ടിപ്പുകാരുടെ ഫോൺ, അക്കൗണ്ട് നമ്പർ വിവരങ്ങൾ ബാങ്കുകൾക്ക് കൈമാറി പണമിടപാട് തത്സമയം തടയുന്ന ഫിനാൻഷ്യൽ ഫ്രോഡ് റിസ്ക് ഇൻഡിക്കേറ്റർ സംവിധാനം കേന്ദ്രം നടപ്പാക്കുന്നു. സൈബർ തട്ടിപ്പുകൾ തടയാൻ ഇസ്രയേൽ വിജയകരമായി നടപ്പാക്കിയ പദ്ധതിയാണ് ഒരു വർഷം മുമ്പ് സംസ്ഥാന പോലീസ് മേധാവി ഷേയ്ക്ക് ദർവേഷ് സാഹിബ് മുന്നോട്ടുവെച്ചിരുന്നത്.

നിർമിതബുദ്ധിയുടെ സഹായത്തോടെയാണ് അക്കൗണ്ടുകൾക്കും അതുമായി ബന്ധിപ്പിച്ചിട്ടുള്ള ഫോൺ നമ്പറുകൾക്കും വിശ്വാസസ്കോർ നല്കുന്നത്. ഇടപാടുകൾക്ക് മുതിരുമ്പോൾ തത്സമയം അക്കൗണ്ടുകളുടെ വിശ്വാസ്യത അറിയാനാകും. വർഷങ്ങളായി ഉപയോഗിക്കുന്നതും കൃത്യമായ ഇടപാടുകൾ നടത്തുന്നതുമായ അക്കൗണ്ടുകൾക്ക് നല്ല സ്കോർ ഉണ്ടാകും. തട്ടിപ്പുകാർ ഉപയോഗിക്കുന്ന അക്കൗണ്ടുകൾക്ക് സ്കോർ കുറവായിരിക്കും.

പരാതികൾ വരുന്നത് അനുസരിച്ച് ഇവ ചുവപ്പ് വിഭാഗത്തിലേക്ക് മാറും. ഇത്തരമൊരു അക്കൗണ്ടിലേക്ക് പണം കൈമാറാൻ ശ്രമിക്കുമ്പോൾ ഉപഭോക്താവിന് മുന്നറിയിപ്പ് ലഭിക്കും. എന്നിട്ടും പണമിടപാട് നടത്തുകയാണെങ്കിൽ ആ ഇടപാട് വേഗത്തിൽ കണ്ടെത്തി റദ്ദാക്കാൻ പാകത്തിൽ ഫ്ളാഗ് ചെയ്യും. പരാതി ഉയർന്നാൽ ഓൺലൈൻ പണമിടപാടുകൾ നിശ്ചിത സമയത്തിനുള്ളിൽ റദ്ദാക്കാനാകും. ഈ സംവിധാനം നടപ്പാക്കാൻ ബാങ്കുകൾക്ക് റിസർവ് ബാങ്ക് അടുത്തിടെ നിർദേശം നല്കിയിരുന്നു.

ഒറ്റത്തവണ പാസ്‌വേഡ് കൈവശപ്പെടുത്തി പണം കവരുന്നത് തടയാനുള്ള നിർദേശവും കേരള പോലീസ് സമർപ്പിച്ചിരുന്നു. സംസ്ഥാനത്തുനിന്ന് 2024-ൽ മാത്രം 763 കോടി രൂപയാണ് സൈബർ തട്ടിപ്പിൽ നഷ്ടമായത്. 107 കോടി മാത്രമാണ് തിരിച്ചെടുക്കാൻ കഴിഞ്ഞത്.

# പ്രതിച്ഛായ നഷ്ടപ്പെടുന്ന ആരോഗ്യമേഖല

കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയുടെ കെട്ടിടം തകർന്ന് സ്ത്രീ മരിച്ചതും തിരുവനന്തപുരം മെഡിക്കൽ കോളജിൽ ശസ്ത്രക്രിയാ ഉപകരണങ്ങളില്ലെന്നു ഡോക്ടർ ചൂണ്ടിക്കാണിച്ചതും പുറത്തുവരുന്ന മറ്റു സർക്കാർ ആശുപത്രികളിലെ പരിമിതികളുമൊക്കെ സർക്കാരിന്റെ വീഴ്ചയാണ്. പക്ഷേ, അതു ചൂണ്ടിക്കാണിക്കുന്നവരോടുള്ള സർക്കാരിന്റെയും പാർട്ടിയുടെയും അസഹിഷ്ണുതയോടെയുള്ള പ്രതികരണങ്ങൾ ജനാധിപത്യത്തെക്കുറിച്ചുള്ള അവസരവാദങ്ങളെ തുറന്നുകാണിക്കുന്നു. കേരളത്തിലെ ആരോഗ്യരംഗം ഇന്ത്യയിൽത്തന്നെ മികച്ചതാണെന്നതിൽ ആർക്കും സംശയമില്ല. പക്ഷേ, അത് അടുത്തയിടെ കൈവരിച്ച നേട്ടമല്ല, ജനങ്ങളുടെയും മാധ്യമങ്ങളുടെയും ഓരോ കാലത്തെയും പ്രതിപക്ഷത്തിന്റെയും ജാഗ്രതയ്ക്ക് അതിൽ പങ്കുണ്ട്. മാറിമാറി വന്ന സർക്കാരുകളുടെ വീഴ്ചകളെ ചൂണ്ടിക്കാണിച്ച ആ ജനാധിപത്യ പ്രതികരണബോധമാണ് കേരളത്തെ പലതിലും മുന്നിലെത്തിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളജ് യൂറോളജി വകുപ്പിൽ ആവശ്യമായ ഉപരണങ്ങളില്ലാത്തതിനാൽ ശസ്ത്രക്രിയകൾ മുടങ്ങുന്നുവെന്ന് വകുപ്പ് മേധാവി ഡോ. ഹാരിസ് ഹസൻ ഫേസ്ബുക്കിൽ കുറിച്ചതോടെയാണ് വിവാദം തുടങ്ങിയത്. അഴിമതി തൊട്ടുതീണ്ടിയിട്ടില്ലാത്ത, രാഷ്ട്രീയ താത്പര്യങ്ങളില്ലാത്ത, രോഗികളോടു മാത്രം പ്രതിബദ്ധതയുള്ള ഡോക്ടർ ഹാരിസിനെ തള്ളിപ്പറയാൻ സർക്കാരിന് എളുപ്പമല്ലായിരുന്നു. അതുകൊണ്ട് ഒരടി പിന്നോട്ടു മാറി; ഉപകരണങ്ങൾ ആശുപത്രിയിലെത്തി. പക്ഷേ, രണ്ടടി മുന്നോട്ടുവന്ന്, ആരോഗ്യമേഖലയെ തെറ്റായി ചിത്രീകരിക്കാൻ ശ്രമം നടക്കുന്നെന്നു മുഖ്യമന്ത്രി പറഞ്ഞു. നേതാവിന്റെ താത്പര്യം അറിഞ്ഞു മാത്രം ജനാധിപത്യത്തെ പരിപോഷിപ്പിക്കുന്ന പാർട്ടിക്കാരെല്ലാം മുന്നോട്ടു വരുന്നതാണു കണ്ടത്.

ഡോക്ടർ തെറ്റായ ഒരാളാണെന്ന് ഒരാളും പറയില്ലെന്നും എന്നാൽ ഇന്ത്യയിലെ ഏറ്റവും നല്ല ആരോഗ്യമേഖലയെ തെറ്റായി ചിത്രീകരിക്കുന്നതിനു അദ്ദേഹം കാരണമായെന്നും ഇത് അനുഭവപാഠം ആയിരിക്കണമെന്നും മുന്നറിയിപ്പിന്റെ സ്വരത്തിലായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി. ഇതാണോ പ്രബുദ്ധ കേരളം അവകാശപ്പെടുന്ന അഭിപ്രായ സ്വാതന്ത്ര്യം? ഡോ. ഹാരിസ് പറഞ്ഞതത്രയും സത്യമാണെന്നു കേരളത്തിലെ ജനങ്ങൾക്കു ബോധ്യമാണെന്നിരിക്കെ മുഖ്യമന്ത്രി പറഞ്ഞതു ശരിയല്ലെന്നു പറയാൻ എന്തിലും അഭിപ്രായം പറയുന്ന സാസ്കാരിക നായകന്മാരടക്കം തയാറായില്ല. അതിനുപകരം മുഖ്യമന്ത്രിക്കു പിന്നാലെ മന്ത്രിമാരും പാർട്ടി സെക്രട്ടറിയുമടക്കം ഡോ. ഹാരിസിനെ വിമർശിക്കുന്ന നാണംകെട്ട സമീപനമാണ് പുലർത്തിയത്. ഡോ. ഹാരിസിന്റെ വാക്കുകൾ കേരളത്തിന്റെ ആരോഗ്യമേഖലയെ തളർത്താനല്ല, ഉണർത്താൻ സഹായകരമായ ഒന്നായിരുന്നു. അതു മനസിലാക്കാനുള്ള വിവേകം സർക്കാരിനില്ലാതെ പോയി. ജനങ്ങളുടെ ക്ഷേമത്തേക്കാൾ സർക്കാരിന്റെ പ്രതിച്ഛായയ്ക്കാണ് പ്രാധാന്യമെന്നു കരുതുന്ന ഭരണാധികാരികളുടെ ചെറിയ മനസിന്റെ പ്രകടനമാണ് കോട്ടയത്തും കണ്ടത്. കെട്ടിടങ്ങളുടെ സുരക്ഷാ പരിശോധനയിൽ വീഴ്ച സംഭവിക്കുകയും സുരക്ഷാ ഭീഷണിയിലുള്ള ഇടത്തേക്കു പ്രവേശനം തടയുന്നതിലും ഭരണസംവിധാനത്തിനു വീഴ്ച സംഭവിച്ചിരിക്കുന്നു. അപകടസമയത്തു കെട്ടിടത്തിൽനിന്നു രോഗികൾ പരിഭ്രാന്തരായി ഓടിയെന്നതിനും ദൃക്സാക്ഷികളുണ്ട്. എന്നാൽ, പിന്നീടു സ്ഥലത്തെത്തിയ മന്ത്രിമാർ അപകടത്തെ നിസാരവത്കരിക്കാനാണ് ശ്രമിച്ചത്. ഇതോടെ രക്ഷാപ്രവർത്തനത്തിന്റെ താളംതെറ്റി. അതീവ നിർണായകമായ മണിക്കൂറുകളാണ് നഷ്ടമായത്. സർക്കാരിന്റെ ഭാഗമായിരുന്നുകൊണ്ട് അതിനെ വിമർശിക്കുന്നതു ശരിയാണോയെന്ന ചോദ്യവും ഗൗരവമുള്ളതാണ്. ഒരു പാർട്ടിയുടെയോ സംഘടനയുടെയോ പ്രസ്ഥാനത്തിന്റെയോ ഭാഗമായിരുന്നുകൊണ്ട് അതിനെ അനാവശ്യമായി പൊതുസമൂഹത്തിൽ അപകീർത്തിപ്പെടുത്തുന്നയാളെ പുറത്താക്കുന്നതുപോലെയല്ല, ജനാധിപത്യസർക്കാരിനെ വിമർശിക്കുന്നത്. സിസ്റ്റത്തിന്റെ മറ്റെല്ലാ വഴികളും അടഞ്ഞപ്പോൾ ജനങ്ങളുടെ കഷ്ടപ്പാട് സഹിക്കാനാവാതെയാണ് ഡോ. ഹാരിസ് പൊതുസമൂഹത്തിൽ തുറന്നുപറഞ്ഞത്. അദ്ദേഹം പറഞ്ഞതു ശരിയായിരുന്നെന്നു തെളിഞ്ഞു. ഉപകരണങ്ങൾ ലഭ്യമാക്കിയതോടെ ശസ്ത്രക്രിയകൾ നടത്തുകയും ചെയ്തു. മറ്റെല്ലാ വഴികളും അടഞ്ഞിട്ടും ഒന്നും മിണ്ടാതെ സിസ്റ്റത്തിന്റെ ആനുകൂല്യങ്ങളുംപറ്റി അലസനായിരുന്നെങ്കിൽ ഡോ. ഹാരിസ് സിസ്റ്റത്തിന്റെ നല്ലപിള്ളയാകുമായിരുന്നു. അത്തരമാളുകളും വിധേയരുമാണ് ഈ സിസ്റ്റത്തെ ഇവിടെയെത്തിച്ചത്. പക്ഷേ, അദ്ദേഹം ജനപക്ഷത്തു നിൽക്കാൻ ഒരു നിമിഷത്തേക്ക് സിസ്റ്റത്തെ മറന്നു. ഇത് ജനാധിപത്യത്തിൽ കുറ്റമാണോയെന്ന ചർച്ച തുടരേണ്ടതുണ്ട്. ജനങ്ങൾക്കു നരകയാതന അനുഭവിക്കേണ്ടിവന്നാലും അതൊന്നും ആരും പുറത്തുപറയരുതെന്നും പരസ്യമായി പറഞ്ഞാൽ സർക്കാരിന്റെ പ്രതിച്ഛായ മോശമാകുമെന്നുമാണു പിണറായി വിജയൻ സർക്കാരിന്റെ പൊതു നിലപാട്. ഡോ. ഹാരിസിന്റെ വെളിപ്പെടുത്തലിനു പ്രതികരണമായി മുഖ്യമന്ത്രിതന്നെ കേരളത്തിലെ ജനങ്ങളെ ബോധ്യപ്പെടുത്തിയ കാര്യമാണിത്. ഉപകരണക്ഷാമംമൂലം മെഡിക്കൽ കോളജിൽ ശസ്ത്രക്രിയകൾ മുടങ്ങുന്ന സാഹചര്യമുണ്ടെന്നും ബ്യൂറോക്രസിയുടെ ഇടപെടലാണ് പരിമിതികൾ സൃഷ്ടിക്കുന്നതെന്നുമായിരുന്നു ഡോ. ഹാരിസിന്റെ തുറന്നുപറച്ചിൽ.

# വേർപാടിന്റെ 50-ാം ദിനം (7-11-2025)



## അച്ചാമ്മ കോശി തലയ്ക്കൽ
## (കുഞ്ഞുമോൾ)

*'യേശു കൈയിൽ മാ സൈ്വരം*
*തന്മാർവിൽ എൻ ക്ഷേമം*
*തൻ സ്നേഹത്തണലിലെൻ*
*ദേഹി മേവും സ്വസ്ഥം'*

എന്റെ പ്രിയപത്നി കുഞ്ഞുമോളുടെ ദേഹവിയോഗത്തിൽ നേരിട്ടും വിവിധ മാധ്യമങ്ങളിലൂടെ അനുശോചനങ്ങളും പ്രാർത്ഥനകളും അർപ്പിച്ച എല്ലാ പ്രിയപ്പെട്ടവർക്കും സംസ്കാര ശുശ്രൂഷയ്ക്കു നേതൃത്വം നല്കിയ അഭിവന്ദ്യ വൈദികർക്കും ഫിലാഡൽഫിയാ ഇമ്മാനുവൽ സി.എസ്.ഐ ചർച്ച് കുടുംബാംഗങ്ങൾക്കും ചർച്ച് കമ്മിറ്റിക്കും എന്റെയും മക്കളുടെയും പേരിൽ ഹൃദയപൂർവം നന്ദി. തുടർന്നും പ്രാർത്ഥനയിൽ ഞങ്ങളെ ഓർക്കുമല്ലോ.

സ്നേഹപൂർവം
പ്രൊഫ. കോശി തലയ്ക്കൽ
മക്കൾ: ചെയ്സ് - രഞ്ജിനി
റെയ്സ് - മായ
കൊച്ചുമക്കൾ: ഹന്നാ, കോശി, സോയി, കോശി

ഫോൺ: 267 212-6487


# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
**ABRAHAM THANNIKARI**
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*



K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

**Tel: 847-724-3020 • Cell: 847-833-6038**

CPA℠ America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com

# കോട്ടയം മെഡിക്കൽ കോളജിൽ കെട്ടിടം ഇടിഞ്ഞുവീണു ഒരാൾ മരിച്ചു

കോട്ടയം: കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയോടു ചേർന്ന കെട്ടിടത്തിലെ ശുചിമുറി ഭാഗം ഇടിഞ്ഞുവീണ് വീട്ടമ്മയ്ക്ക് ദാരുണാന്ത്യം. ചികിത്സയ്ക്കെത്തിയ മകൾക്ക് കൂട്ടിരിപ്പിനെത്തിയ തലയോലപ്പറമ്പ് ഉമ്മാംകുന്ന് മേപ്പാത്തുകുന്നേൽ വിശ്രുതന്റെ ഭാര്യ ഡി. ബിന്ദു (52) ആണ് മരിച്ചത്. ആശുപത്രി ജീവനക്കാരൻ ഉൾപ്പെടെ രണ്ടു പേർക്കു പരുക്കേറ്റു. വയനാട് മീനങ്ങാടി സ്വദേശി അലീന വിൻസന്റിനും (11), രോഗികളെ വാർഡുകളിൽ നിന്ന് ഒഴിപ്പിക്കുന്നതിനിടെ ട്രോളി ഇടിച്ച് അത്യാഹിതവിഭാഗം ജീവനക്കാരൻ അമൽ പ്രദീപിനും (43) ആണ് പരുക്കേറ്റത്.



കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ഇടിഞ്ഞുവീണ ശുചിമുറിക്കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾക്കിടെ രക്ഷാപ്രവർത്തകർ തെരച്ചിൽ നടത്തുന്നു.

64 വർഷം പഴക്കമുള്ള മൂന്നുനില ക്കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള പതിനാലാം വാർഡിനോടു ചേർന്ന ശുചിമുറിയാണ് ജൂലൈ മൂന്നിന് വ്യാഴാഴ്ച രാവിലെ 10.45-ന് ഇടിഞ്ഞുവീണത്. ന്യൂറോ സർജറി വിഭാഗത്തിൽ ചികിത്സയിൽ കഴിയുന്ന മകൾ നവമിയെ (20) പരിചരിക്കാൻ എത്തിയതായിരുന്നു ബിന്ദു. അപകടത്തെത്തുടർന്ന് 10, 11, 14 വാർഡുകളിലും സമീപത്തുമുണ്ടായിരുന്ന രോഗികളെയും കൂട്ടിരിപ്പുകാരെയും അതിവേഗം ഒഴിപ്പിച്ചു. കുളിക്കാൻ പോയ അമ്മ അപകടശേഷം മടങ്ങിവന്നില്ലെന്ന നവമിയുടെ മുറവിളിയെത്തുടർന്നാണു തെരച്ചിൽ തുടങ്ങിയത്. രണ്ടര മണിക്കൂറിനുശേഷം ആശുപത്രി വാർഡിനുള്ളിൽക്കൂടി മൂന്നു ഹിറ്റാച്ചികൾ എത്തിച്ചു നടത്തിയ തെരച്ചിലിലാണ് അവശിഷ്ടങ്ങൾക്കിടയിൽനിന്ന് ബിന്ദുവിന്റെ മൃതദേഹം കണ്ടെത്തിയത്.

നവമിയുടെ ശസ്ത്രക്രിയയ്ക്കായി ചൊവ്വാഴ്ചയാണ് വിശ്രുതനും ബിന്ദുവും മകളോടൊപ്പം മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിയത്. രണ്ടാം നിലയിലുള്ള ട്രോമ കെയർ വിഭാഗത്തിലാണ് നവമിയെ അഡ്മിറ്റ് ചെയ്തത്. മകളോടൊപ്പമായിരുന്ന ബിന്ദു കുളിക്കാനാണ് 14-ാം വാർഡിന്റെ മൂന്നാം നിലയിലെത്തിയത്. തലയോലപ്പറമ്പിൽ വസ്ത്രശാലയിലെ ജീവനക്കാരിയാണ് ബിന്ദു. വിശ്രുതൻ കെട്ടിടനിർമാണത്തൊഴിലാളിയാണ്. നവമി ആന്ധ്രാപ്രദേശ് അപ്പോളോ ആശുപത്രിയിൽ നാലാംവർഷം നേഴ്സിങ് വിദ്യാർത്ഥിനിയും മകൻ നവനീത് എറണാകുളത്ത് സിവിൽ എഞ്ചിനീയറുമാണ്.

# ചെറുപ്പക്കാരുടെ ഹൃദയാഘാതം കോവിഡ് വാക്സിൻ മൂലമല്ല

ന്യൂഡൽഹി: കോവിഡിനുശേഷം ചെറുപ്പക്കാരിൽ ഹൃദയാഘാത മരണങ്ങൾ വർദ്ധിക്കുന്നതിന് കോവിഡ് വാക്സിനുമായി ബന്ധമില്ലെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം ആവർത്തിച്ചു. ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും (ഐസിഎംആർ) ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസും (എയിംസ്) നടത്തിയ പഠനങ്ങളുടെ റിപ്പോർട്ട് ചൂണ്ടിക്കാട്ടിയാണ് വിശദീകരണം.

കർണാടകയിലെ ഹാസൻ ജില്ലയിൽ 40 ദിവസത്തിനിടെ 21 പേർ ഹൃദയാഘാതം മൂലം മരിച്ചതിൽ കോവിഡ് വാക്സിന്റെ പങ്ക് അന്വേഷിക്കാൻ മുഖ്യമന്ത്രി സിദ്ധരാമയ്യ അന്വേഷണം പ്രഖ്യാപിച്ചതിനു പിന്നാലെയാണ് കേന്ദ്രത്തിന്റെ വിശദീകരണം.

ഐസിഎംആറും നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോളും (എൻസിഡിസി) ഇന്ത്യയിലെ കോവിഡ് വാക്സിനുകൾ സുരക്ഷിതമാണെന്നും ഗുരുതര പാർശ്വഫലങ്ങൾക്കുള്ള സാദ്ധ്യത വിരളമാണെന്നും സ്ഥിരീകരിച്ചിട്ടുണ്ട്. ഹൃദയസംബന്ധമായ കാരണങ്ങളാൽ പെട്ടെന്നുള്ള മരണങ്ങൾക്ക് ജീവിതശൈലി, മുൻപുണ്ടായിരുന്ന കാരണങ്ങൾ, കോവിഡാനന്തര സങ്കീർണതകൾ എന്നിങ്ങനെ പല കാരണങ്ങളും ഉണ്ടാകാം. കോവിഡ് വാക്സിനുകളാണ് പെട്ടെന്നുള്ള മരണത്തിന് ഇടയാക്കുന്നതെന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്ന് ആരോഗ്യമന്ത്രാലയം അറിയിച്ചു. ഹാസനിൽ മേയിലും ജൂണിലുമായി മരിച്ച 21 പേരും 45 വയസ്സിനു താഴെ പ്രായമുള്ളവരും മറ്റു രോഗങ്ങളില്ലാത്തവരുമാണെന്നാണ് കണ്ടെത്തൽ. മരണകാരണം വാക്സിനാകാനുള്ള സാദ്ധ്യത തള്ളിക്കളയാനാകില്ലെന്നായിരുന്നു സിദ്ധരാമയ്യയുടെ പ്രതികരണം.

# സ്വകാര്യമേഖലയിൽ ആദ്യജോലിക്ക് സർക്കാർ സമ്മാനം

ന്യൂഡൽഹി: സ്വകാര്യമേഖലയിൽ ആദ്യജോലിയിൽ പ്രവേശിക്കുന്നവർക്ക് പ്രോത്സാഹനമെന്ന നിലയിൽ സർക്കാർ 15,000 രൂപ വരെ നല്കുന്ന തൊഴിൽബന്ധിത ആനുകൂല്യ പദ്ധതിക്ക് (ഇഎൽഐ) കേന്ദ്രമന്ത്രിസഭാ യോഗം അനുമതി നല്കി.

അടുത്ത രണ്ടു വർഷത്തിനിടയിൽ രാജ്യത്ത് 3.5 കോടി പുതിയ തൊഴിലുകൾ സൃഷ്ടിക്കാൻ 99,446 കോടി രൂപ ഈ പദ്ധതിയിലൂടെ ചെലവാക്കും. വ്യത്യസ്ത മേഖലകളിൽ അധികമായി സൃഷ്ടിക്കുന്ന തൊഴിലിന് തൊഴിൽദാതാവിനും ആനുകൂല്യം നല്കും. അധികമായി റിക്രൂട്ട് ചെയ്യുന്ന ഓരോ ജീവനക്കാരനും പരമാവധി 3,000 രൂപവരെയെന്ന കണക്കിൽ രണ്ട് വർഷത്തേക്കാണിത്.

2024-25 വർഷത്തെ ബജറ്റ് പ്രഖ്യാപനമാണ് യാഥാർത്ഥ്യമാകുന്നത്. ഓഗസ്റ്റ് 1 മുതൽ ആരംഭിക്കുന്ന പദ്ധതിയുടെ ഗുണഭോക്താക്കളിൽ 1.92 കോടി പേർ ആദ്യമായി ജോലിക്കു കയറുന്നവരായിരിക്കും (ഫ്രഷേഴ്സ്). 2027 ജൂലൈ 31 വരെ കാലാവധിയുള്ള പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ പിന്നീട് പ്രസിദ്ധീകരിക്കും.

മാസം ഒരു ലക്ഷം രൂപവരെ ശമ്പളമുള്ളവർക്കാണ് ആദ്യജോലിക്കുള്ള ആനുകൂല്യം ലഭിക്കുക. രണ്ട് ഗഡുക്കളായി നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് നല്കും. ഇപിഎഫ്ഒ രജിസ്ട്രേഷന്റെ അടിസ്ഥാനത്തിലാകുമിത്.

ആദ്യഗഡു ജോലിക്കു കയറി 6 മാസത്തിനകവും രണ്ടാമത്തെ ഗഡു 12 മാസത്തിനുശേഷവും നല്കും. തുകയുടെ ഒരുഭാഗം നിശ്ചിതകാലം നിക്ഷേപമായി സൂക്ഷിക്കണം. രണ്ടാം ഗഡു ലഭിക്കുന്നതിനു മുൻപു ജീവനക്കാർ സാമ്പത്തിക സാക്ഷരതാ കോഴ്സ് പൂർത്തിയാക്കണം.

ഒരു ലക്ഷം രൂപവരെ ശമ്പളമുള്ള ജീവനക്കാരുടെ റിക്രൂട്ടുമെന്റ് ആനുകൂല്യത്തിനാണ് തൊഴിലുടമകളെ പരിഗണിക്കുക. 50 ജീവനക്കാരിൽ താഴെയുള്ള സ്ഥാപനങ്ങൾ കുറഞ്ഞത് രണ്ട് പേരെയും അതിനു മുകളിലുള്ളവർ 5 പേരെയും അധികമായി എടുക്കണം.

2.6 കോടി തൊഴിലുകൾ ഇതുവഴി സൃഷ്ടിക്കാമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. 10,000 രൂപ വരെ ശമ്പളത്തിന് പരമാവധി ആയിരം രൂപയും 20,000 രൂപ വരെ ശമ്പളത്തിന് 2,000 രൂപയും ഇരുപതിനായിരത്തിനു മുകളിൽ മൂവായിരവുമായിരിക്കും ആനുകൂല്യം.

ഉല്പാദന മേഖലയിലുള്ളവർക്ക് ഇത് നാല് വർഷം വരെ ലഭിക്കും. തുടർച്ചയായി 6 മാസമെങ്കിലും ജീവനക്കാരന് ജോലിയുണ്ടാകണം.

# കരളിലെ കാൻസർ കണ്ടെത്താൻ പേപ്പർ അധിഷ്ഠിത സെൻസർ

ബെംഗളൂരു: കരളിലെ കാൻസർ കണ്ടെത്താൻ സഹായിക്കുന്ന പേപ്പർ അധിഷ്ഠിത സെൻസർ സംവിധാനം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (ഐഐഎസ്ഡി) വികസിപ്പിച്ചു.

കരൾ കാൻസർ തിരിച്ചറിയാൻ സഹായിക്കുന്ന ബീറ്റ-ഗ്ലൂക്കുറോണിഡേസ് എന്ന എൻസൈമിന്റെ സാന്നിധ്യം മനസ്സിലാക്കാൻ അപൂർവ്വ ലോഹമായ ടെർബിയം ഉപയോഗിച്ചാണ് ഇതു വികസിപ്പിച്ചത്.

പരമ്പരാഗതമായി ഉപയോഗിക്കുന്ന കളറിമെട്രി, ഫ്ളൂറസെന്റ് രീതികളെക്കാൾ കാര്യക്ഷമമാണ് പുതിയ സംവിധാനം. വൻകുടൽ, സ്തനങ്ങൾ, വൃക്കകൾ തുടങ്ങിയവയിലെ കാൻസർ, മൂത്രാശയത്തിലെ അണുബാധ, എച്ച്ഐവി തുടങ്ങിയ രോഗങ്ങളുള്ളവരിലും ഗ്ലൂക്കുറോണിഡേസ് കൂടിയതോതിൽ കാണാറുണ്ട്.







## ജനനത്തീയതി തെളിയിക്കാൻ ഒസിഐ കാർഡും

ന്യൂഡൽഹി: വിദേശപൗരത്വമുള്ള ഇന്ത്യക്കാർക്ക് ആധാർ എടുക്കുമ്പോൾ ജനനത്തീയതി തെളിയിക്കാനുള്ള രേഖയായി ഒസിഐ (ഓവർസീസ് സിറ്റിസൻഷിപ്പ് ഓഫ് ഇന്ത്യ) കാർഡ് ഉപയോഗിക്കാം. 2016-ലെ ആധാർ എൻറോൾമെന്റ് ചട്ടം ഇതിനായി ഭേദഗതി ചെയ്തു. അഫ്ഗാനിസ്ഥാൻ, ബംഗ്ലദേശ്, പാകിസ്ഥാൻ എന്നിവിടങ്ങളിൽ നിന്ന് ഇന്ത്യയിലേക്ക് എത്തിയ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അംഗീകൃത ദീർഘകാല വിസ (എൽടിവി) ജനനത്തീയതി തെളിയിക്കാനായി ഇനി ഉപയോഗിക്കാം. കഴിഞ്ഞ 12 മാസത്തിനിടെ 182 ദിവസമെങ്കിലും ഇന്ത്യയിൽ കഴിഞ്ഞ വിദേശപൗരന്മാർക്ക് വിസയും പാസ്പോർട്ടും ഇതേ ആവശ്യത്തിന് ഉപയോഗിക്കാം.

## കേരളാ എക്സ്പ്രസ് അടുത്ത ആഴ്ച മുതൽ (2025 ജൂലൈ 14) ഓൺലൈൻ ന്യൂസ്പേപ്പർ

കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago

ചിക്കാഗോ: 1992-ൽ പ്രവർത്തനമാരംഭിച്ച കേരളാ എക്സ്പ്രസ് വാർത്താമാധ്യമ രംഗത്ത് 32 സംവത്സരങ്ങൾ പിന്നിട്ടുകഴിഞ്ഞു. വരിസംഖ്യയുടെ അടിസ്ഥാനത്തിൽ പത്രം പ്രിന്റ് ചെയ്ത് വായനക്കാർക്ക് തപാൽമാർഗ്ഗം അയയ്ക്കുന്ന സിസ്റ്റമാണ് നാളിതുവരെ പിന്തുടർന്നിരുന്നത്. അമേരിക്കൻ പോസ്റ്റൽ സർവീസിന്റെ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ, പോസ്റ്റൽ നിയമങ്ങൾ പാലിച്ചുകൊണ്ട് ഇക്കാലമത്രയും പ്രവർത്തിക്കുവാൻ സാധിച്ചു.

കോവിഡ് കാലഘട്ടത്തിനുശേഷം വ്യാവസായിക രംഗത്തുണ്ടായ മാറ്റങ്ങൾ പത്രത്തെയും ബാധിച്ചിട്ടുണ്ട്. പ്രിന്റിംഗ്-മെയിലിംഗ് രംഗങ്ങളിൽ കഴിഞ്ഞ അഞ്ചു വർഷവും വില വർദ്ധിപ്പിച്ചിരുന്നു. ഈ വർഷവും വീണ്ടും വില വർദ്ധിപ്പിച്ചിരിക്കുകയാണ്. കൂടാതെ മറ്റ് അനുബന്ധ മേഖലകളിലും ചെലവുകൾ വർദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളാ എക്സ്പ്രസ് പൂർണ്ണമായും ഓൺലൈൻ ന്യൂസ്പേപ്പർ എന്ന സിസ്റ്റത്തിലേക്ക് മാറ്റുവാൻ ഞങ്ങളെ നിർബന്ധിതരാക്കിയിരിക്കുകയാണ്. കൂടാതെ പോസ്റ്റൽ സർവീസിന്റെ തപാൽ വിതരണത്തിലുണ്ടാകുന്ന അനാവശ്യമായ കാലതാമസം, വായനാശീലങ്ങളിലുണ്ടായിരിക്കുന്ന മാറ്റങ്ങൾ, വാർത്താവിനിമയ രംഗത്ത് അതിവേഗം വാർത്തകൾ എത്തിക്കുവാനുള്ള നൂതന സംവിധാനങ്ങളുടെ ആവിർഭാവം, സോഷ്യൽ മീഡിയായുടെ വർദ്ധിച്ചുവരുന്ന പ്രസക്തി ഇതെല്ലാം കണക്കിലെടുക്കുമ്പോൾ 'കാലത്തിനനുസരിച്ച് കാലോചിതമായ മാറ്റം' സ്വീകരിക്കുവാൻ കേരളാ എക്സ്പ്രസ്സിനും തീരുമാനിക്കേണ്ടിവന്നു.

കഴിഞ്ഞ മൂന്നു വർഷക്കാലമായി പ്രിന്റിംഗ്-മെയിലിംഗ് കൂടാതെ പത്രം ഓൺലൈനായി തിങ്കളാഴ്ചതോറും അയയ്ക്കാറുണ്ടായിരുന്നു. അത് ഇനിയും തുടരുന്നതാണ്. 2025 ജൂലൈ 7-ാം തീയതിയിലെ പത്രമായിരിക്കും പ്രിന്റ് ചെയ്ത് മെയിൽ ചെയ്യുന്ന അവസാനത്തെ ലക്കം. ജൂലൈ 14-ാം തീയതി തിങ്കളാഴ്ച മുതൽ പതിവുപോലെ പത്രം ഓൺലൈൻ ആയി ലഭിക്കുന്നതായിരിക്കും.

പുതിയ സിസ്റ്റത്തിൽ വരിസംഖ്യ ഉണ്ടായിരിക്കുന്നതല്ല. അത് പരിപൂർണ്ണമായും സൗജന്യമായി ലഭിക്കും. എന്നാൽ, പരസ്യങ്ങൾക്കും മറ്റ് അനുബന്ധ സേവനങ്ങൾക്കും നിരക്കുകൾ ബാധകമാണ്. വരിസംഖ്യ കുടിശ്ശിക ആയിട്ടുള്ള വായനക്കാർ ഇനി പണം അയയ്ക്കേണ്ടതില്ല. വരിസംഖ്യ കാലാവധി ഇനിയും മിച്ചമുള്ളവർക്ക് ബാക്കി പണം തിരികെ വേണമെന്ന് നിർബന്ധമുണ്ടെങ്കിൽ 2025 ജൂലൈ 31-ാം തീയതിക്കു മുമ്പായി ഞങ്ങളുമായി ബന്ധപ്പെടുക. അതുപോലെ ഓൺലൈൻ ന്യൂസ്പേപ്പർ തിങ്കളാഴ്ച തോറും ലഭിക്കുവാൻ താല്പര്യമുള്ള പുതിയ വായനക്കാർക്കും കേരളാ എക്സ്പ്രസ്സുമായി ബന്ധപ്പെടാവുന്നതാണ്. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ (630) 728-7956.

കേരളാ എക്സ്പ്രസ്സിന്റെ എല്ലാ വായനക്കാർക്കും പരസ്യദാതാക്കൾക്കും അഭ്യുദയകാംക്ഷികൾക്കും ഞങ്ങൾ നന്ദി പറയുന്നു. എല്ലാവരുടെയും സഹായസഹകരണങ്ങൾ തുടർന്നും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

കെ.എം. ഈപ്പൻ (ചീഫ് എഡിറ്റർ)

ജോസ് കണിയാലി (എക്സിക്യൂട്ടീവ് എഡിറ്റർ)

# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദൈവാലയത്തിൽ അഭി. ഗീവർഗീസ് മാർ അപ്രേം പിതാവിന് സ്വീകരണവും മുതിർന്നവരുടെ സംഗമവും



ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാം വാർഷികത്തിന്റെ ഭാഗമായി കോട്ടയം അതിരൂപതാ സഹായമെത്രാനും കോട്ടയം അതിരൂപതയിലെ പ്രഥമ മലങ്കര റീത്തിലെ മെത്രാനും കൂടിയായ അഭി. ഗീവർഗീസ് മാർ അപ്രേം പിതാവിന് സ്വീകരണവും ഇടവകയിലെ മുതിർന്ന ഇടവകാംഗങ്ങളുടെ സംഗമവും നടത്തപ്പെട്ടു. ജൂലൈ ഒന്നിന് ചൊവ്വാഴ്ച വൈകുന്നേരമാണ്

**അനിൽ മറ്റത്തിക്കുന്നേൽ**

പരിപാടികൾ സംഘടിപ്പിക്കപ്പെട്ടത്. വൈകിട്ട് 6 മണിക്ക് എത്തിയ പിതാവിനെ അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര പൊന്നാട അണിയിച്ചും ട്രസ്റ്റി കോ-ഓർഡിനേറ്റർ സാബു കട്ടപ്പുറം ബൊക്കെ നല്കിയും സ്വീകരിച്ചു.

തുടർന്ന് ദൈവാലയ കവാടത്തിൽ ഇടവക വികാരി ഫാ. സിജു മുടക്കോടിൽ കത്തിച്ച തിരി നല്കി അപ്രേം പിതാവിനെ ദേവാലയത്തിലേക്ക് ആനയിച്ചു. തുടർന്ന് നടത്തപ്പെട്ട സായാഹ്ന പ്രാർത്ഥനകൾക്കുശേഷം മലങ്കര റീത്തിൽ അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെട്ടു. ചിക്കാഗോ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക വികാരി ഫാ. ജെറി മാത്യു, ഫാ. സിജു മുടക്കോടിൽ, ഫാ. അനീഷ് മാവേലി പുത്തൻപുര എന്നിവർ സഹകാർമ്മികരായിരുന്നു. ഫാ. സിജു മുടക്കോടിൽ സെന്റ് മേരീസ് ഇടവകയിലേക്ക് ആദ്യമായി എത്തുന്ന ഗീവർഗീസ് മാർ അപ്രേം പിതാവിനെ സ്വാഗതം ചെയ്തുകൊണ്ട് ആമുഖപ്രസംഗം നടത്തി. ഇടവകയുടെ പതിനഞ്ചാം വാർഷികത്തിന്റെ ഭാഗമായി ക്നാനായ സമുദായത്തിലെ മലങ്കര റീത്തിലെ പ്രഥമ മെത്രാനെ ആദ്യമായി സ്വീകരിക്കുവാൻ സാധിച്ചു എന്നത് ഏറെ ദൈവാനുഗ്രഹപ്രദമായ അവസരമായി മാറിയിരിക്കുകയാണെന്ന് അദ്ദേഹം അറിയിച്ചു. ക്നാനായ മലങ്കര കത്തോലിക്കാ വിഭാഗത്തിന്റെ ചരിത്രവും സീറോ മലബാർ റീത്തും സീറോമലങ്കര റീത്തും ഉൾപ്പെടുന്ന കോട്ടയം അതിരൂപതയുടെ സവിശേഷമായ പ്രസക്തിയെപ്പറ്റിയും കുർബാന മദ്ധ്യേ പിതാവ് വിശദീകരിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം പതിനഞ്ചാം വാർഷികത്തിന്റെ ഭാഗമായി 70 വയസ്സിനു മുകളിൽ ഉള്ള ഇടവകാംഗങ്ങളെ ആദരിച്ചു. 70 വയസ്സിനു മുകളിൽ പ്രായമായവർക്കായി പ്രത്യേക അനുഗ്രഹ പ്രാർത്ഥനയും ആശീർവാദവും അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, സണ്ണി മേലേടം, ബിനു കൈതക്കത്തൊട്ടിയുടെ നേതൃത്വത്തിലുള്ള പതിനഞ്ചാം വാർഷിക കമ്മിറ്റിയംഗങ്ങൾ എന്നിവർ പരിപാടിക്ക് നേതൃത്വം നല്കി.

## സുപ്രീംകോടതി ജീവനക്കാരുടെ നിയമനത്തിൽ ഇനി മുതൽ സംവരണം

ന്യൂഡൽഹി: ചരിത്രത്തിൽ ആദ്യമായി സുപ്രീംകോടതിയിലെ ജീവനക്കാരുടെ നിയമനത്തിനും സ്ഥാനക്കയറ്റത്തിനും സംവരണം ഏർപ്പെടുത്തി. ജൂൺ 24-ന് കോടതിയിലെ എല്ലാ ജീവനക്കാർക്കുമായി പുറത്തിറക്കിയ സർക്കുലറിലാണ് സംവരണം സംബന്ധിച്ച തീരുമാനം അറിയിച്ചത്. ജൂൺ 23 മുതൽ സംവരണം പ്രാബല്യത്തിൽ വന്നതായും സർക്കുലറിൽ അറിയിച്ചു.

പുതിയ തീരുമാനം സുപ്രീംകോടതി ജഡ്ജിമാർക്ക് ബാധകമല്ല. മറിച്ച് രജിസ്ട്രാർ, സീനിയർ പേഴ്സണൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് ലൈബ്രേറിയൻ, ജൂനിയർ കോർട്ട് അസിസ്റ്റന്റ്, ചേംബർ അറ്റൻഡന്റ് തുടങ്ങിയ വിവിധ തസ്തികകളിലാണ് സംവരണം ബാധകമാകുക. ഇതോടെ ജീവനക്കാരെ എസ്‌സി, എസ്ടി, അൺറിസർവ്ഡ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളാക്കി തിരിച്ചായിരിക്കും നിയമനങ്ങളും സ്ഥാനക്കയറ്റവും നൽകുക. സ്ഥാനക്കയറ്റത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് 15 ശതമാനവും പട്ടികവർഗ ജീവനക്കാർക്ക് 7.5 ശതമാനവും സംവരണം ലഭിക്കും. സംവരണം സംബന്ധിച്ച് സുപ്രീംകോടതിയിൽനിന്ന് നിരവധി സുപ്രധാന വിധികൾ ഉണ്ടായിട്ടുണ്ട്. ഒരു ഭരണഘടനാസ്ഥാപനം എന്ന നിലയിൽ അതിന്റെ നടത്തിപ്പിലും അത് പ്രതിഫലിക്കണം എന്നാണ് സംവരണം നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന പ്രതികരിച്ചത്.

## വിദേശ മരുന്നുകൾക്ക് ലൈസൻസ് നിർബന്ധം

ചെന്നൈ: വിദേശത്തുനിന്നു കൊണ്ടുവരുന്ന ആയുർവേദ മരുന്നിനുൾപ്പെടെ ഇറക്കുമതി ലൈസൻസ് നിർബന്ധമാണെന്നു മദ്രാസ് ഹൈക്കോടതി വ്യക്തമാക്കി. വേദന സംഹാരിയായി ഉപയോഗിക്കുന്ന ആക്സ് ഓയിൽ (കോടാലി തൈലം) ഇറക്കുമതിയെച്ചൊല്ലിയുള്ള കേസിലാണു ഹൈക്കോടതി ഉത്തരവ്. സുപ്രീംകോടതി ഉത്തരവ് പ്രകാരം കോടാലി തൈലം കസ്റ്റംസ് തീരുവയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കോടതി പറഞ്ഞു.

ആയുർവേദ മരുന്നുകൾക്ക് ലൈസൻസിനായി അപേക്ഷിക്കുന്നതിനുള്ള പഴയ നിയമങ്ങൾ ഉചിതമായി ഭേദഗതി ചെയ്യണമെന്നു നിർദേശിച്ച കോടതി, കസ്റ്റംസ് ഉദ്യോഗസ്ഥർ പിടിച്ചെടുത്ത മരുന്ന് പരിശോധനയ്ക്കുശേഷം കൈമാറാനും നിർദേശിച്ചു.

ആക്സ് ഓയിൽ ഉൽപാദകരായ സിംഗപ്പൂർ ലിയുങ് കൈ ഫോക്ക് കമ്പനിയിൽനിന്നു മരുന്ന് ഇറക്കുമതി ചെയ്യുന്ന ചെന്നൈ മന്ദവേലി ആസ്ഥാനമായി പ്രവർത്തിക്കുന്ന ആക്സൻ മാർക്കറ്റിങ് ഇന്ത്യയാണു ഹർജി നൽകിയത്.

## കുറ്റകരമായി വാഹനമോടിക്കൽ നഷ്ടപരിഹാരത്തിന് അർഹതയില്ല: സുപ്രീംകോടതി

ന്യൂഡൽഹി: കുറ്റകരമായ രീതിയിൽ വാഹനമോടിച്ചുണ്ടായ അപകടത്തിൽ മരിച്ച ഡ്രൈവറുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ ഇൻഷുറൻസ് കമ്പനികൾക്ക് ബാധ്യതയില്ലെന്ന് ആവർത്തിച്ച് സുപ്രീംകോടതി.

അശ്രദ്ധവും അപകടകരവുമായ രീതിയിലുള്ള വാഹനമോടിക്കൽ, വാഹനംകൊണ്ടുള്ള അഭ്യാസപ്രകടനം എന്നിവയ്ക്കിടെ മരിച്ചാൽ നഷ്ടപരിഹാരത്തിന് അർഹതയുണ്ടാവില്ലെന്ന് ജസ്റ്റിസ് പി.എസ്. നരസിംഹ അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. നഷ്ടപരിഹാരംതേടിയുള്ള ഹർജി തള്ളിയ കർണാടക ഹൈക്കോടതിയുടെ വിധി ശരിവെച്ചാണ് സുപ്രീംകോടതിയുടെ നിരീക്ഷണം.

2014 ജൂൺ 18-ന് കർണാടകത്തിൽ വാഹനാപകടത്തിൽ മരിച്ച എൻ.എസ്. രവിഷായുടെ കുടുംബത്തിന് നഷ്ടപരിഹാരം വേണമെന്ന ആവശ്യമാണ് തള്ളിയത്. ഗതാഗതനിയമങ്ങൾ ലംഘിച്ച് അതിവേഗത്തിൽ അശ്രദ്ധമായാണ് രവിഷാ വാഹനമോടിച്ചതെന്ന് കോടതി ചൂണ്ടിക്കാട്ടി. വാഹനം റോഡിൽ കീഴ്മേൽ മറിഞ്ഞു. പ്രതിമാസം മൂന്നുലക്ഷം രൂപ വരുമാനമുള്ള കോൺട്രാക്ടറാണ് രവിഷായെന്നും അതിനാൽ 80 ലക്ഷം രൂപ നഷ്ടപരിഹാരം വേണമെന്നുമാണ് മോട്ടോർവാഹനാപകട ട്രിബ്യൂണലിനുമുൻപാകെ കുടുംബം ആവശ്യപ്പെട്ടത്.

# വൺ ബിഗ് ബ്യൂട്ടിഫുൾ ബിൽ

**റോയി മേപ്രാൽ**

പ്രസിഡണ്ട് ട്രംപിന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾക്ക് നിവർത്തീകരണമായി ഇരുസഭകളും സങ്കീർണമായ ചർച്ചകളിലൂടെ അംഗീകരിച്ച് ജൂലൈ നാലിന് വൈറ്റ് ഹൗസിലെ തിരുമുറ്റത്തുവെച്ച് ഒപ്പിട്ട് നിയമമാക്കിയ പുതിയ നികുതി നയങ്ങളാണ് തൊള്ളായിരത്തിൽപ്പരം പേജുകളുള്ള വൺ ബിഗ് ബ്യൂട്ടിഫുൾ ബിൽ എന്നു വിളിക്കുന്ന ഈ പുതിയ നിയമങ്ങൾ. ഇതിലെ എല്ലാ വിവരങ്ങളും സാധാരണക്കാരെ നേരിട്ട് ബാധിക്കയില്ലെങ്കിലും ചില പ്രധാനമായ വിഷയങ്ങളിലേക്ക് വെളിച്ചം പകരുക എന്നതാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

**ടാക്സ് കട്ട് 2017:** ട്രംപ് ഭരണത്തിന്റെ ആദ്യടേമിൽ നികുതി നിരക്കിൽ കാര്യമായ ഇളവ് നല്കുകയുണ്ടായി. കുറഞ്ഞ നികുതിയുള്ള ഈ ഇളവുകൾ 2025-ൽ അവസാനിക്കേണ്ടിയിരുന്നെങ്കിലും അതിൽ പലതിനും മാറ്റം വരുത്താതെ സ്ഥിരമായി നിലനിർത്തിക്കൊണ്ടാണ് പുതിയ ബില്ല് അവതരിപ്പിച്ചിരിക്കുന്നത്.

**ചൈൽഡ് ടാക്സ് ക്രെഡിറ്റ്:** പതിനാറ് വയസ്സിനു താഴെയുള്ള കുട്ടികൾക്ക് 2000 ഡോളർ ഉണ്ടായിരുന്ന ക്രെഡിറ്റ് 2200 ആക്കി ഉയർത്തിയത് ഈ വർഷം മുതൽ പ്രാബല്യത്തിൽ വരും. വാർഷിക വരുമാനം 400,000 ഡോളറിനു മുകളിലുള്ളവർക്ക് ഇത് ലഭിക്കുന്നതല്ല.

**പ്രോപ്പർട്ടി ടാക്സ് ഡിഡക്ഷൻ:** നിലവിലുള്ള നിയമപ്രകാരം എത്രമാത്രം വീട്ടുകരമോ വേതനനികുതിയോ കൊടുത്താലും പതിനായിരം മാത്രമേ വരുമാനത്തിൽ നിന്നും കുറയ്ക്കുവാൻ കഴിയുമായിരുന്നുള്ളൂ. ന്യൂയോർക്ക്, കാലിഫോർണിയ പോലെ പാർപ്പിട നികുതി അധികമുള്ള സംസ്ഥാനങ്ങളിൽ പാർക്കുന്നവരെ ഇത് കാര്യമായി ബാധിച്ചിരുന്നു. പുതിയ നിയമം ഈ ഇനത്തിൽ നാല്പതിനായിരം വരെ ഇളവ് അനുവദിക്കുന്നത് പലർക്കും ഒരു ആശ്വാസമാണ്.

**ബോർഡർ സെക്യൂരിറ്റി:** അതിർത്തി സംരക്ഷണത്തിനായി 350 ബില്യൻ ഡോളർ ബില്ലിൽ നീക്കിവെച്ചിട്ടുണ്ട്. ബോർഡർ ഭിത്തികൾ ഇല്ലാത്ത സ്ഥലങ്ങളിൽ മതിൽ പണിയുവാനും ഒപ്പം അതിക്രമിച്ചു കടക്കുന്നവരെ തടവുകാരായി പാർപ്പിക്കുവാൻ ജയിലുകൾ നിർമ്മിക്കുവാനും മറ്റും ഈ തുക ഉപയോഗിക്കും.

**ട്രംപ് അക്കൗണ്ട്:** അമേരിക്കയിൽ ജനിക്കുന്ന എല്ലാ കുഞ്ഞുങ്ങളുടെ പേരിലും അവരുടെ സോഷ്യൽ സെക്യൂരിറ്റി ഉപയോഗിച്ച് ആയിരം ഡോളർ സർക്കാർ നിക്ഷേപിക്കും. ഇതിന്റെ കൂടെ മറ്റുള്ളവർക്കും കുട്ടിയുടെ പേരിൽ 5000 ഡോളർ വരെ നിക്ഷേപിക്കാവുന്നതാണ്. പതിനെട്ടു വയസ്സിനുശേഷം അനുവദനീയമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് പണം ഉപയോഗിക്കാം.

**എനർജി ഇൻവൈറൻമെന്റൽ:** വാതക, പരിതസ്ഥിതി സംരക്ഷണയ്ക്കുമായി പുതിയ പല നിലപാടുകളും ബില്ലിൽ പരാമർശിച്ചിട്ടുണ്ട്. 7500 ഡോളറിന്റെ ഇലക്ട്രിക് വാഹന ക്രെഡിറ്റ് നിർത്തിയത് എലോൺ മസ്കിനെ വളരെ കലിപ്പിച്ചു. മുപ്പതു ശതമാനം ടാക്സ് ക്രെഡിറ്റ് ഉണ്ടായിരുന്ന സോളാർ എനർജി ക്രെഡിറ്റും ഇല്ലാതായി. അതിലും ആധുനികമായ സംവിധാനങ്ങൾക്കാണ് പുതിയ നിയമം സഹായം നല്കുന്നത്.

**ചാരിറ്റി, കാർ ലോൺ ഇളവുകൾ:** അമേരിക്കൻ നിർമ്മിതമായ വാഹനങ്ങൾക്ക് പതിനായിരം ഡോളർ വരെ പലിശ ഇളവ് പുതിയ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഇനം തിരിച്ചു ഡിഡിക്ഷൻ എടുക്കാത്തവർക്കും രണ്ടായിരം ഡോളർ വരെ ചാരിറ്റിക്കു കുറയ്ക്കുവാൻ കഴിയുന്നത് സാധാരണക്കാർക്കും ഒരു ആശ്വാസകരമായ നിയമമാണ്.




ലേഖകൻ

**ഫുഡ് സ്റ്റാമ്പ് മെഡിക്കെയർ മാറ്റങ്ങൾ:** ബില്ലിലെ മൂന്നു ട്രില്യണിലധികം വരുന്ന ചെലവുകൾ നികത്തുവാൻ കണ്ടുപിടിച്ച ഒരു വഴി അനാവശ്യമായ ഫുഡ് സ്റ്റാമ്പ് മെഡിക്കെയർ ചെലവുകൾ കണ്ടെത്തി നിർത്തലാക്കുക എന്നതാണ്. നിലവിൽ വർഷത്തിൽ ഒരിക്കലായിരുന്നു പുനഃപരിശോധന. ഇനിയും ആറ് മാസത്തിലൊരിക്കൽ ആയിരിക്കും അതു നടത്തുക. വെട്ടിപ്പുകൾ തടയുവാനും അർഹരെ കണ്ടെത്തുവാനും ഇതുമൂലം കഴിയുമെങ്കിലും എല്ലാ ആറു മാസവും രേഖകൾ സമർപ്പിക്കുകയും അവ അംഗീകരിക്കുകയും ചെയ്യുന്നത് വിഷമകരമായ ഒരു പ്രക്രിയയാണ്. ഇതിനിടയിൽ സഹായം നിൽക്കുവാനും വഴിയുണ്ട്. കൂടാതെ ഇപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നവർ മാസം എൺപതു മണിക്കൂർ ജോലി ചെയ്യുവാൻ തയ്യാറാകണം. തയ്യാറാകാത്തവർക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടും. നമ്മുടെ ഇടയിൽ ഹോം കെയർ ബിസിനസ് ചെയ്യുന്ന പലരെയും പ്രതികൂലമായി ബാധിക്കുന്ന ഒരു നിയമമാണ് ഇത്.

**സ്ടൂടെന്റ് ലോൺ ലിമിറ്റ്:** അമേരിക്കയിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ശാപമാണ് വിദ്യാഭ്യാസ വായ്പകൾ. പത്തും ഇരുപതും വർഷങ്ങൾ അടച്ചാൽ മാത്രമേ ഈ വലയത്തിൽ നിന്നും പലരും കരകയറുകയുള്ളൂ. ലോൺ ലഭിക്കുന്നതുകൊണ്ട് കോളജുകൾ അമിതമായ ഫീസും ഈടാക്കുന്നു. സെനറ്റിന്റെ പുതിയ ബില്ലുപ്രകാരം പുതിയ വിദ്യാർത്ഥി വായ്പാ ലിമിറ്റുകൾ 100,000 ഡോളർ പ്രാഥമിക വിദ്യാലയത്തിനും 200,000 ഡോളർ പ്രഫഷണൽ സ്കൂളിനും ആയിരിക്കും. ഈ അതിരുകൾ 2026 ജൂലൈ മാസത്തിനു ശേഷം പ്രോഗ്രാമുകളിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് ബാധകമാണ്.

(ശേഷം 30-ാം പേജിൽ)

## സി.ജെ. ജോസഫ് പല്ലാട്ടുമഠത്തിന്റെ സംസ്കാരം കൂടല്ലൂർ പള്ളിയിൽ



കോട്ടയം: കൂടല്ലൂർ സ്വദേശിയും പരേതരായ ഉലഹന്നാൻ പല്ലാട്ടുമഠം-അന്നക്കുട്ടി (ചെറുകര കുടുംബാംഗം) ദമ്പതികളുടെ പുത്രനുമായ സി.ജെ. ജോസഫ് പല്ലാട്ടുമഠത്തിന്റെ (75) മൃതസംസ്കാര ശുശ്രൂഷകൾ കൂടല്ലൂർ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ വെച്ച് ജൂലൈ എട്ടാം തീയതി ചൊവ്വാഴ്ച ഭവനത്തിലെ ശുശ്രൂഷകൾക്കു ശേഷം ഉച്ചകഴിഞ്ഞ് 2.30-ന് നടത്തപ്പെടുന്നതാണ്. അമേരിക്കയിലുള്ള ബന്ധുക്കളെ സന്ദർശിക്കുന്ന വേളയിൽ അവിചാരിതമായി രോഗഗ്രസ്തനാവുകയും സിയാറ്റിൽ എവർഗ്രീൻ മെഡിക്കൽ സെന്ററിൽ വെച്ച് ജൂൺ 25-ന് അദ്ദേഹം നിര്യാതനാവുകയുമായിരുന്നു. ഭാര്യ ഓമന ജോസ്. മകൾ ജോമോൾ സന്തോഷ് എന്നിവരും അമേരിക്കയിലുള്ള മറ്റ് കുടുംബാംഗങ്ങളും അന്ത്യസമയത്ത് സമീപമുണ്ടായിരുന്നു.

അദ്ദേഹം പാലാ മുനിസിപ്പാലിറ്റിയുടെ ബസ് ഓപ്പറേഷൻ ഡിവിഷനിലെ ടൈം കീപ്പിംഗ് സൂപ്പർവൈസർ ആയി ദീർഘനാൾ സേവനം അനുഷ്ഠിച്ചിരുന്നു. സാമൂഹിക സേവനരംഗത്ത് നിറസാന്നിദ്ധ്യമായിരുന്ന ജോസഫ്, കടപ്ലാമറ്റം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡ് മെംബർ, ബാങ്ക് പ്രസിഡണ്ട്, പാലാ പ്രൈവറ്റ് ബസ് ഓണേഴ്സ് അസോസിയേഷൻ വൈസ് പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.

ഭാര്യ: ഓമന ജോസഫ് കിടങ്ങൂർ പുതുകാടെത്തു കുടുംബാംഗമാണ്. മക്കൾ: ജോസ്ന & ജോസി പന്തലടത്തിൽ, മള്ളൂശ്ശേരി (ന്യൂഡൽഹി), ജോമോൾ & സന്തോഷ് തടത്തിൽ, (സിയാറ്റിൽ), ജയ്മോൾ & സുബിൻ വടക്കേമുകളേൽ, കൈപ്പുഴ (ന്യൂഡൽഹി). സഹോദരങ്ങൾ: മേരിക്കുട്ടി & ജോസഫ് (പുത്തൻമറ്റത്തിൽ, കണ്ണംകര), സൈമൺ & ഇസബെല്ല (തത്തംകിനാട്ടുകര, മാറിക)-ചെന്നൈ, ഡാളസ്, ലിസി & ജോയ് (നെല്ലിപ്പുഴ, പുന്നത്തുറ), സിസ്റ്റർ ആനി (മാർ കാവുകാട്ട് മെമ്മോറിയൽ ഹോസ്പിറ്റൽ, പ്രവിത്താനം, പാലാ), സണ്ണി & ലിസമ്മ പടിക്കവീട്ടിൽ. ചേർപ്പുങ്കൽ (ഓസ്ട്രേലിയ), പരേതയായ പുഷ്പമ്മ പല്ലാട്ടുമഠം, സാമോൻ & ബിന്ദു വണ്ടന്നൂർ, പുതുവേലി (ഡാളസ്).

## അനിൽ മേനോൻ ബഹിരാകാശത്തേക്ക്



ന്യൂയോർക്ക്: കേരളത്തിൽ വേരുള്ളയാൾ ആദ്യമായി ബഹിരാകാശത്തേക്ക്. യുഎസ് വ്യോമസേനയിലെ ലഫ്. കേണലും (റിസർവ്) സ്പേസ് എക്സ് കമ്പനിയുടെ മെഡിക്കൽ ഡയറക്ടറുമായിരുന്ന ഡോ. അനിൽ മേനോനാണ് (48) അടുത്ത വർഷം ബഹിരാകാശ നിലയത്തിലെത്തുക. എക്സ്പെഡീഷൻ 75 എന്ന ദൗത്യത്തിൽ കസഖ്സ്ഥാനിലെ ബൈക്കന്നൂർ കോസ്മോഡ്രോമിൽനിന്ന് സോയൂസ് എംഎസ്-29 പേടകത്തിലാണ് അനിൽ പുറപ്പെടുക. എട്ട് മാസം നിലയത്തിൽ താമസിക്കും. യുഎസിലേക്കു കുടിയേറിയ, മലബാറിൽനിന്നുള്ള ശങ്കരൻ മേനോന്റെയും യുക്രെയ്ൻകാരിയായ ലിസ സാമോലെങ്കോയുടെയും മകനാണ്. 2021-ൽ ആണ് അനിൽ നാസയുടെ യാത്രാസംഘത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ടത്. സ്പേസ് എക്സിൽ എഞ്ചിനീയറായ അന്നയാണു ഡോ. അനിലിന്റെ ഭാര്യ. ഇവർ ബഹിരാകാശയാത്ര നടത്തിയിട്ടുണ്ട്.







# വർണ ശബളമായ ഘോഷയാത്രയോടെ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് ആരംഭിക്കുന്നു

ചിക്കാഗോ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കണക്റ്റികട്ട് സ്റ്റാംഫോർഡിലുള്ള ഹിൽട്ടൺ സ്റ്റാംഫോർഡ് ഹോട്ടൽ ആൻഡ് എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിൽ ജൂലൈ ഒൻപതിന് ബുധനാഴ്ച ആരംഭിക്കുന്നു.

ഉച്ചയ്ക്ക് ഒന്നിന് രജിസ്ട്രേഷൻ ആരംഭിക്കും. വൈകുന്നേരം 4.00 മുത

**ഉമ്മൻ കാപ്പിൽ**

ൽ 5.30 വരെ അത്താഴം വിളമ്പും. തുടർന്ന് വൈകുന്നേരം 5.30-ന് ലോബിക്ക് പുറത്ത് നടത്തുന്ന മഹത്തായ ഘോഷയാത്രയിൽ മുഖ്യാതിഥികളെയും പ്രതിനിധികളെയും സ്വാഗതം ചെയ്തുകൊണ്ട് ഗംഭീരമായ ചെണ്ടമേളവും ആഘോഷങ്ങളുമായി കോൺഫറൻസിനു തുടക്കം കുറിക്കും.

ഘോഷയാത്ര കോ-ഓർഡിനേറ്റർമാരായ രാജൻ പടിയറയും എബ്രഹാം പോത്തനും അവരുടെ സംഘവും പരമ്പരാഗത ഘോഷയാത്രയ്ക്കുള്ള അവസാന ഒരുക്കങ്ങൾ നടത്തിവരികയാണ്. ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കളാവോസ്, ഫാ. ഡോ. നൈനാൻ വി. ജോർജ്, ഫാ. ഡോ. തിമോത്തി തോമസ്, ഫാ. ജോൺ (ജോഷ) വർഗീസ്, ഡീക്കൺ അന്തോണിയോസ് (റോബി), ആന്റണി, അതിഥി പ്രഭാഷകർ, ഭദ്രാസനത്തിലെമ്പാടുമുള്ള വൈദികർ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ എന്നിവർ ഘോഷയാത്രയിൽ വിശ്വാസികളോടൊപ്പം ചേരും.

ഭദ്രാസനത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് വരുന്നവർക്കായി ശിപാർശ ചെയ്യുന്ന ഡ്രസ് കോഡ് താഴെ കൊടുക്കുന്നു.

സ്ത്രീകൾ/പെൺകുട്ടികൾ: സാരി അല്ലെങ്കിൽ ചുരിദാർ

ആൺകുട്ടികൾ: ഷർട്ടും ടൈയും

മേഖല അനുസരിച്ച് നിറങ്ങൾ:

ഫിലാഡൽഫിയ, ബാൾട്ടിമോർ, വിർജീനിയ, വാഷിംഗ്ടൺ ഡിസി: **പച്ച**



ഡോ. സഖറിയാ മാർ നിക്കളാവോസ്



ഫാ. അബു പീറ്റർ



ജെയ്സൺ തോമസ്



ജോൺ താമരവേലി



രാജൻ പടിയറ



എബ്രഹാം പോത്തൻ

ബ്രോങ്ക്സ്, വെസ്റ്റ്ചെസ്റ്റർ, റോക്ക്‌ലാൻഡ്, അപ്സ്റ്റേറ്റ് ന്യൂയോർക്ക്, കണക്റ്റിക്കട്ട്, ബോസ്റ്റൺ: **മറൂൺ**

ലോംഗ് ഐലൻഡ്, ബ്രൂക്ലിൻ, ക്വീൻസ്: **പർപ്പിൾ**

(ശേഷം 30-ാം പേജിൽ)

# ബൈജു ആലപ്പാട്ട് കെസിസിഎൻഎ പബ്ലിക് റിലേഷൻ ഓഫീസർ



ചിക്കാഗോ: ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക (കെസിസിഎൻഎ)യുടെ 2025-26 ടേമിലെ പബ്ലിക് റിലേഷൻ ഓഫീസറായി ബൈജു ആലപ്പാട്ടിനെ നിയമിച്ചതായി കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലും ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കലും അറിയിച്ചു.

ഡാളസ് ഫോർട്ട്‌വർത്ത് ക്നാനായ അസോസിയേഷന്റെ നിലവിലെ പ്രസിഡണ്ടായ ബൈജു ആലപ്പാട്ട് കഴിഞ്ഞ രണ്ടു വർഷവും കെസിസിഎൻഎ പിആർഒ ആയി സ്തുത്യർഹമായ സേവനമാണ് കാഴ്ചവെച്ചത്.

ബൈജു ആലപ്പാട്ട് ഡാളസ് കമ്യൂണിറ്റിയിലും അമേരിക്കയിലെയും ഇന്ത്യയിലുമായി വിവിധ നഗരങ്ങളിൽ വിവിധങ്ങളായ മേഖലകളിൽ തന്റെ സാന്നിദ്ധ്യം അറിയിച്ചിട്ടുണ്ട്. ഐടി രംഗത്ത് ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന ബൈജു മൾട്ടിനാഷണൽ ഐടി കോർപ്പറേഷനിൽ സീനിയർ ഡയറക്ടറായി സേവനമനുഷ്ഠിക്കുന്നു.

ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ പ്രഥമ മിനിസ്ട്രി കോ-ഓർഡിനേറ്ററും മുൻ പിആർഒയുമായിരുന്നു. തൊടുപുഴ മ്രാല ക്നാനായ ഇടവകാംഗമായ ബൈജു ആലപ്പാട്ട് കഴിഞ്ഞ 12 വർഷത്തോളമായി കുടുംബത്തോടൊപ്പം ഡാളസിൽ വസിക്കുന്നു.

# കെഎംസി ഹോസ്പിറ്റലിൽ അത്യാധുനിക ലേസർ ഹൃദ്രോഗ ചികിത്സാ സെന്റർ ഉദ്ഘാടനം ചെയ്തു

ചെങ്ങന്നൂർ: ഡോ. കെ.എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ അത്യാധുനിക ലേസർ ഹൃദ്രോഗ ചികിത്സാ കേന്ദ്രത്തിന്റെ ഉദ്ഘാടനം കേന്ദ്രമന്ത്രി ജോർജ് കുര്യൻ നിർവഹിച്ചു. ഉന്നത നിലവാരം പുലർത്തുന്നതിനു ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ ആശുപത്രിക്ക് നൽകിയ NABH സർട്ടിഫിക്കറ്റിന്റെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു.

ഹൃദയം മാറ്റിവെക്കൽ ശസ്ത്രക്രിയക്കുള്ള എല്ലാവിധ സജ്ജീകരണങ്ങളും പൂർത്തിയായതായും കേരളത്തിലെ ഹൃദ്രോഗ ചികിത്സാ ഗവേഷണത്തിനായി ആശുപത്രി നടത്തുന്ന പഠനങ്ങളെക്കുറിച്ചും ആശുപത്രി മാനേജിങ് ഡയറക്ടർ റവ. ഫാ. ഡോ. അലക്സാണ്ടർ കൂടാരത്തിൽ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചു.




ചെങ്ങന്നൂർ ഡോ. കെ. എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ അത്യാധുനിക ലേസർ ഹൃദ്രോഗ ചികിത്സാ കേന്ദ്രത്തിന്റെ ഉദ്ഘാടനം കേന്ദ്രമന്ത്രി ജോർജ് കുര്യൻ നിർവഹിക്കുന്നു. ആശുപത്രി മാനേജിങ് ഡയറക്ടർ റവ. ഫാ. ഡോ. അലക്സാണ്ടർ കൂടാരത്തിൽ, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി.വി. സാജൻ, ജോജി ചെറിയാൻ, സജു എടക്കല്ലേൽ, ഡോ. ആനന്ദ് ശ്രീനിവാസൻ, ഡോ. ദേവരാജൻ കെ.എ. എന്നിവർ സമീപം.

കുറഞ്ഞ നിരക്കിൽ പുതിയ കാർഡിയാക് ചെക്കപ്പ് പാക്കേജുകളും ചടങ്ങിൽ അവതരിപ്പിച്ചു. സീനിയർ കാർഡിയോളജിസ്റ്റുകളായ ഡോ. മധു പൗലോസ്, ഡോ. ആനന്ദ് ശ്രീനിവാസൻ, ഡോ. ദേവരാജൻ കെ.എ., ഡോ. ആർ. സെന്തിൽ കുമാർ, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി.വി. സാജൻ, ജോജി ചെറിയാൻ, പഞ്ചായത്ത് അംഗങ്ങളായ സജീവ് വള്ളിയിൽ, സജു എടക്കല്ലേൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# പി.ജെ. ജോസഫിന് ശതാഭിഷേകം

## ദൈവഭക്തൻ, ദേശഭക്തൻ പിന്നെ ഗാന്ധി ഭക്തനും!

**ഡോ. സിറിയക് തോമസ്**

കേരളത്തിൽ പി.ജെ. എന്നു മാത്രം പറഞ്ഞാലും ജോസഫ് എന്നു മാത്രം പറഞ്ഞാലും പിന്നെ അടുപ്പമുള്ളവർക്കിടയിൽ ഔസേപ്പച്ചൻ എന്നു മാത്രം പറഞ്ഞാലും അത് പി.ജെ. ജോസഫ് ആണെന്ന് കേരള രാഷ്ട്രീയത്തിന്റെ എബിസിഡി അറിയാവുന്നവർക്കൊക്കെ അറിയാം. രാഷ്ട്രീയത്തിൽ ഒരു നേതാവിന് ലഭിക്കാവുന്ന വലിയ ഭാഗ്യങ്ങളിലൊന്ന് ഈ 'പേരു' ഭാഗ്യം തന്നെയാണെന്നതിലും തർക്കമുണ്ടാവാനിടയില്ല. ഏത് അളവിൽ നോക്കിയാലും ജോസഫ് ഭാഗ്യവാനാണ്. യേശുവിന്റെ വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിനെക്കുറിച്ചു പറഞ്ഞിരുന്നതും ഭാഗ്യപ്പെട്ട മാർ യൗസേപ്പെന്നായിരുന്നല്ലോ.

പുറപ്പുഴയിലെ പാരമ്പര്യ പ്രൗഢമായ പാലത്തിനാൽ കുടുംബത്തിൽ നല്ല കാർഷിക പശ്ചാത്തലത്തിൽ ജനിച്ച പി.ജെ.യ്ക്കു പഠിക്കുന്ന കാലത്ത് പ്രത്യേക രാഷ്ട്രീയ താത്പര്യങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല. മാതൃസഹോദരൻ പാലാ വാഴയിൽ ഡൊമിനിക് സിറിയക് (കുഞ്ഞച്ചൻ) തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൽ ആർ.വി. തോമസിന്റെ വിശ്വസ്ത ശിഷ്യനും പി.ടി. ചാക്കോയ്ക്കും കെ.എം. ചാണ്ടിക്കും ചെറിയാൻ കാപ്പനുമൊപ്പം കോൺഗ്രസിലും സ്വാതന്ത്ര്യസമരത്തിലും യുവനിര നേതാവായിരുന്നു. സ്വപിതാവ് പാലത്തിനാൽ കുഞ്ഞേട്ടൻ ദീർഘകാലം പുറപ്പുഴ പഞ്ചായത്ത് പ്രസിഡണ്ടുമായിരുന്നു. പി.ജെ.യും നാട്ടിലെ ചില സാമൂഹിക പ്രവർത്തനങ്ങളോടൊക്കെ സഹകരിച്ചിരുന്നെങ്കിലും പ്രത്യേകമായ രാഷ്ട്രീയാഭിമുഖ്യങ്ങളൊന്നും പ്രകടമാക്കിയിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഗാന്ധിഭക്തി അമ്മ വഴിയിൽ മാതൃസഹോദരനിൽ നിന്നും കിട്ടിയതാവാനാണ് സാദ്ധ്യത. പഠനകാലത്തും പാട്ട് ബലഹീനതയായിരുന്നുവെന്ന് പറയാം.

തേവര കോളജിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ എം.എ. ബിരുദം നേടി. ഉപരിപഠനാർത്ഥം അമേരിക്കയിലേക്കു പോകാനിരിക്കുമ്പോഴാണ് വന്നുകയറിയ ഭാഗ്യമായി തൊടുപുഴ നിന്നും നിയമസഭയിലേക്ക് 1970-ൽ ജയിച്ചുകയറുന്നത്. പിന്നെ തൊടുപുഴ പി.ജെ. ജോസഫിന്റേതായി. ജോസഫ് തൊടുപുഴയുടേതും. തൊടുപുഴയുടെ വികസനമാകട്ടെ പില്ക്കാലത്ത് കേരളത്തിനു മുഴുവൻ ഒരു പുതിയ പാഠവും മാതൃകയുമായി എന്നതാണ് ശരി. ഇതുപോലെ സ്വന്തം നിയോജകമണ്ഡലത്തെ ആത്മാവിലും ശരീരത്തിലും ചേർത്തുപിടിച്ച മറ്റൊരു എം.എൽ.എയും ഈ ഭൂമി മലയാളത്തിലുണ്ടെന്നും തോന്നുന്നില്ല.

എല്ലാക്കാലത്തും ജനകീയനും ജനപ്രിയനുമായിരുന്നു പി.ജെ. എപ്പോഴും ജനങ്ങൾക്കു പ്രാപ്യനും. ചില നേതാക്കളിലെങ്കിലും ജനങ്ങൾക്കു തോന്നുന്ന ജാടകളൊന്നും തൊടുപുഴക്കാർ അവരുടെ ഔസേപ്പച്ചനിൽ ഇന്നേവരെ കണ്ടിട്ടുമില്ല. ഹൃദ്യവും ആത്മാർത്ഥവുമായ ചിരിയാണ് പി.ജെ.യുടെ ട്രേഡ്മാർക്ക്. സ്നേഹിതരായാലും അനുയായികളായാലും കെട്ടിപ്പിടിത്തമൊന്നുമില്ല, ചിരിയും ഷേക്ക് ഹാൻഡും മാത്രം.



കല്യാണവീടുകളിൽ ചെല്ലുമ്പോൾ അഭിനയങ്ങളോ മരണവീടുകളിൽ ചെന്നു കരച്ചിലോ പി.ജെ.യുടെ ശൈലിയുമല്ല. ശബ്ദമുയർത്തിയുള്ള സംസാരമോ ഉറക്കെയുള്ള ചിരിയോ ഒന്നും ഔസേപ്പച്ചന്റെ രീതിയുമല്ല. നിയമസഭയിലായാലും സെമിനാറുകളിലായാലും നന്നായി പഠിച്ചേ പ്രസംഗമുള്ളൂ. രാഷ്ട്രീയ വേദികളിലും എതിരാളികളെക്കുറിച്ചുപോലും വ്യക്തിപരമായ വിമർശനങ്ങളുമില്ല. അതുകൊണ്ടുതന്നെ പി.ജെ.യുടെ വ്യക്തി സൗഹൃദങ്ങൾക്കു മതത്തിന്റെയോ ജാതിയുടെയോ പ്രത്യയശാസ്ത്ര ഭേദങ്ങളുടെയോ അതിർവരമ്പുകളുമില്ല.

അര നൂറ്റാണ്ടിലധികം നീണ്ട രാഷ്ട്രീയ പർവ്വത്തിൽ എം.എൽ.എ എന്ന നിലയിലോ ആഭ്യന്തര-റവന്യൂ-വിദ്യാഭ്യാസ-പൊതുമരാമത്ത്- ഭവനനിർമ്മാണ-രജിസ്ട്രേഷൻ-ജലവിഭവ വകുപ്പുകൾ ഭരിച്ച മന്ത്രിയെന്ന നിലയിലോ പി.ജെ. ജോസഫിനെക്കുറിച്ച് രാഷ്ട്രീയ എതിരാളികൾ പോലും ഒരിക്കലും അഴിമതി ആരോപണങ്ങളും പറഞ്ഞിട്ടില്ല.

കൃഷിവകുപ്പ് ഒരുപക്ഷേ പി.ജെയും ആഗ്രഹിച്ചിരുന്നിരിക്കണം. കേരളം കണ്ട ഏറ്റവും നല്ല കർഷകനായിരുന്നിട്ടും പി.ജെയ്ക്കു കൃഷിവകുപ്പ് ഭാഗ്യം മാത്രം കൈവന്നിരുന്നില്ല. രാഷ്ട്രീയമല്ലേ അതിനൊക്കെ ഇനിയും സമയമുണ്ടല്ലോ. പി.ജെ. ജോസഫിന് ശതാഭിഷേകമായതല്ലേയുള്ളൂ. നവതി (90) കഴിഞ്ഞും മത്സരിച്ചു ജയിച്ചു മുഖ്യമന്ത്രിമാരായവർ പോലും ഇവിടെത്തന്നെയുണ്ടല്ലോ.? തൊടുപുഴയിലെ ജനങ്ങൾ പി.ജെ.യെ ഒട്ടും മടുത്തിട്ടില്ല. പി.ജെ.യ്ക്ക് ഒരങ്കത്തിനു കൂടി ബാല്യമുണ്ടെന്നു വിശ്വസിക്കുന്നവരാണ് നഗരത്തിലും നാട്ടിൻപുറത്തുമായി ഇപ്പോഴും കൂടുതലുള്ളതെന്നു പറയുന്നവരുണ്ട്. അത് നേതാവും ജനങ്ങളുമായി രാഷ്ട്രീയത്തിനുമപ്പുറത്തുള്ള ആഴമായ ഒരു ആത്മബന്ധവുമാകാം!

വിവാഹവും ഒരുതരത്തിൽ നോക്കിയാൽ പി.ജെ.യ്ക്കു ഭാഗ്യമായി വന്നുകയറിയതാണ്. കൂടെ പ്രണയവും. ഡോ. ശാന്ത കോളജിൽ പി.ജെ.യുടെ സഹോദരിയുടെ സതീർത്ഥയായിരുന്നു. പഠനം കഴിഞ്ഞു ഡോക്ടറായി ആദ്യനിയമനം പുറപ്പുഴയിലെ ഗവ. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലായതോടെ താമസം സതീർത്ഥ്യയ്ക്കൊപ്പം പഞ്ചായത്ത് പ്രസിഡണ്ടിന്റെ തന്നെ വീട്ടിലും.

താമസത്തിനു വന്നപ്പോൾ ഡോ. ശാന്തയും വലതുകാൽ വെച്ചുതന്നെ കയറിയിരിക്കണം. ശാന്തമായൊഴുകിയ ഒരു സുതാര്യ ദാമ്പത്യ നദിയായിരുന്നു പി.ജെ.യുടേയും ഡോക്ടറുടേയും ജീവിതം. അവരുടെ സ്നേഹവും പ്രണയവും പാരസ്പര്യവുമെല്ലാം സവിശേഷമായ ഒരു കെമിസ്ട്രി (രസതന്ത്രം) ആയിരുന്നുവെന്നു പറഞ്ഞാലും അതിൽ അശ്ലേഷവും അതിശയോക്തിയുമില്ല. ഒന്നു നോക്കിയാൽ അപാരമായ ഒരു കുടുംബജീവിത ഭാഗ്യം! അതും ഒരു ഭാഗ്യം തന്നെ.

രാജയോഗവും മന്ത്രിഭാഗ്യവും പി.ജെ.യ്ക്കു നക്ഷത്രവശാലും കിട്ടിയിരിക്കണമെന്നു തോന്നുന്നു. 38 വയസ്സെത്തും മുൻപ് പി.ജെ. ആഭ്യന്തര മന്ത്രിയായി. ഒരുപക്ഷേ, കേരളത്തിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും പ്രായംകുറഞ്ഞ ആഭ്യന്തരമന്ത്രിയെന്ന ബഹുമതിയും പി.ജെ. ജോസഫിനു തന്നെ അവകാശപ്പെട്ടതാവണം. നിഷ്പക്ഷവും നിർഭയനുമായ പോലീസ് മന്ത്രിയെന്നു പത്രമാധ്യമങ്ങൾ മാത്രമല്ല പ്രതിപക്ഷവും പ്രശംസിച്ചതോടെയാണ് കക്ഷിരാഷ്ട്രീയത്തിനുമപ്പുറം അന്ന് പി.ജെ.യുടെ ഗ്രാഫുയർന്നത്. തെരഞ്ഞെടുപ്പു കേസിൽപ്പെട്ടു തന്റെ മുൻഗാമിക്കു രാജിവെക്കേണ്ടി വന്നപ്പോഴാണ് പി.ജെ. ആഭ്യന്തരമന്ത്രിയായത്. മേൽക്കോടതിയിൽ നിന്നും പഴയ മന്ത്രിക്കു അനുകൂലമായ വിധി വന്നദിവസം തന്നെ പി.ജെ. ജോസഫ് പാർട്ടി ആവശ്യപ്പെടുന്നതിനും മുൻപുതന്നെ തന്റെ മന്ത്രിസ്ഥാനം രാജിവെച്ചതും കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ വേറിട്ടൊരദ്ധ്യായമായി.



ലേഖകൻ

എന്നാൽ, ഇതിനിടെ, യുവാവായ പോലീസ് മന്ത്രിയെ 'ചട്ടം പഠിപ്പിക്കാൻ' ശ്രമിച്ച പോലീസ് മേധാവിയെ 24 മണിക്കൂറിനുള്ളിൽ ക്രമസമാധാനച്ചുമതലയിൽ നിന്നു മാറ്റാൻ തീരുമാനിച്ചുകൊണ്ടായിരുന്നു ജനാധിപത്യ സംവിധാനത്തിൽ രാഷ്ട്രീയ നേതൃത്വത്തിന്റെ 'മേൽക്കൈ' മന്ത്രി പി.ജെ. അന്നത്തെ പോലീസ് ഐ.ജിയെ ബോദ്ധ്യപ്പെടുത്തിയത്. എന്നാൽ, വിഷയത്തിൽ യാതൊരു പരസ്യപ്രതികരണത്തിനും തയ്യാറാകാതെ പി.ജെ. തന്റെ രാഷ്ട്രീയ പക്വതയ്ക്കു അടിവരയിടുകയും ചെയ്തു.

പിൽക്കാലത്തും റവന്യൂ, പി.ഡബ്ല്യു.ഡി, വിദ്യാഭ്യാസം, രജിസ്ട്രേഷൻ, ഭവനനിർമ്മാണം, ജലവിഭവശേഷി തുടങ്ങി ഭരിച്ച വകുപ്പുകളിലൊക്കെ കഴിവും കാര്യശേഷിയും തെളിയിക്കുവാനും പി.ജെ.യ്ക്കു കഴിഞ്ഞു. വളരെ വിവാദമായിരുന്ന പ്രീ-ഡിഗ്രി വേർപെടുത്തലും പ്ലസ്ടൂ കോഴ്സ് എന്ന നിലയിൽ ഹയർ സെക്കൻഡറി പരിഷ്കാരവും പരാതികളില്ലാതെ നടപ്പാക്കിയത് നായനാർ മന്ത്രിസഭയിൽ പി.ജെ. വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്തായിരുന്നു. സ്വാശ്രയ കോളജുകൾ എന്ന നിലയിൽ സംസ്ഥാനത്ത് പ്രൊഫഷണൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പാക്കിയതും പി.ജെ. വിദ്യാഭ്യാസ മന്ത്രിയായിരുന്ന സമയത്തു തന്നെയാണ്. സ്വയംഭരണ (ഓട്ടോണമസ്) കോളജുകളുടെ സാദ്ധ്യതാ പഠനത്തിനായി കമ്മീഷനെ വെച്ചതും പി.ജെ. വിദ്യാഭ്യാസ മന്ത്രിയായ കാലത്താണ്. അന്നത്തെ കോഴിക്കോട് സർവകലാശാല വി.സി പ്രഫ. ഡോ. കെ.കെ.എൻ. കുറുപ്പ് ചെയർമാനും കണ്ണൂർ സർവകലാശാലാ പിവിസിയായിരുന്ന ഡോ. അലക്സാണ്ടർ കാരയ്ക്കൽ മെംബറും കേരളയിലെ പിവിസി എന്ന നിലയിൽ ഞാൻ സെക്രട്ടറിയുമായിട്ടായിരുന്നു സ്വയംഭരണ കോളജുകളെക്കുറിച്ചുള്ള സാദ്ധ്യതാപഠന കമ്മീഷനെ സർക്കാർ നിയോഗിച്ചത്. തമിഴ്നാട്ടിലെ ഏതാനും സ്വയംഭരണ കോളജുകളുടെ പ്രവർത്തനം നേരിൽ കണ്ട ശേഷമായിരുന്നു ഞങ്ങളും സ്വയംഭരണ കോളജുകൾക്ക് അനുകൂലമായ റിപ്പോർട്ട് അന്ന് സർക്കാരിനു സമർപ്പിച്ചത്.

(ശേഷം 30-ാം പേജിൽ)






# നേഴ്സുമാരുടെ ശബ്ദം മാറ്റത്തിനായി നിലകൊള്ളുന്നു; ഹിൽഡേ 2025 സാക്ഷ്യമായി

**ഷിബു പാലത്തുംപാട്ട്**

വാഷിങ്ടൺ: അമേരിക്കയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അഞ്ഞൂറോളം നേഴ്സുമാർ ജൂൺ 26-ന് ക്യാപിറ്റോൾ ഹില്ലിൽ നടന്ന ഹിൽഡേയിൽ പങ്കെടുത്തു. നേഴ്സുമാരെ ബാധിക്കുന്ന പ്രധാന വിഷയങ്ങളും അവർ സേവനം ചെയ്യുന്ന സമൂഹങ്ങളും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലേക്ക് നിയമനിർമ്മാണ പ്രതിനിധികളുമായി സംവദിക്കാൻ വേണ്ടി അമേരിക്കൻ നേഴ്സസ് അസോസിയേഷൻ സംഘടിപ്പിച്ച പ്രത്യേക സന്ദർശനമായിരുന്നു.

ജോലിസ്ഥലത്തെ അതിക്രമം, ടൈറ്റിൽ-8 വഴിയുള്ള തൊഴിലവസര വികസന പദ്ധതികൾ, മെഡികെയർ ഭേദഗതികൾ ഫെഡറൽ ഫണ്ടിംഗിനെ ബാധിക്കുന്നതും തൊഴിൽ മേഖലയിൽ ഉണ്ടാകാനിടയുള്ള പ്രതിസന്ധികളെക്കുറിച്ചും അവർ അംഗങ്ങളുമായി ആശങ്കകൾ പങ്കിട്ടു.

നോർത്ത് അമേരിക്കൻ ഇന്ത്യൻ നേഴ്സസ് അസോസിയേഷനും (NAINA) ഈ പരിപാടിയുടെ ഭാഗമായിരുന്നു. അതിന്റെ ഒരു ഘടകമായ വിർജീനിയ ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ (VINA) പ്രതിനിധീകരിച്ച് ഡോ. ജിൻസി ആന്റണി, ഡോ. റെനിമോൾ ഫിലിപ്പ്, ഡോ. മിനു ഷിബു, ജീന ജോസഫ്, സ്മിത നായർ എന്നിവർ പരിപാടിയിൽ ആവേശത്തോടും പ്രതിബദ്ധതയോടും കൂടി പങ്കെടുത്തു.

നേഴ്സുമാരുടെ ശബ്ദം നയതന്ത്ര തലത്തിൽ പ്രതിഫലിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഈ കൂടിക്കാഴ്ച ആരോഗ്യ പരിപാലന മേഖലയിൽ പ്രതീക്ഷ നല്കുന്ന മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കാം.



ഇടത്തുനിന്ന്: ഡോ. മിനു ഷിബു, സ്മിത നായർ (വൈസ് പ്രസിഡണ്ട്-VINA), ജീന ജോസഫ് (എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്-VINA), ഡോ. ജിൻസി ആന്റണി (പ്രസിഡണ്ട്-VINA), ഡോ. റെനിമോൾ ഫിലിപ്പ്.






# അപ്രേം പിതാവിന് ഹൃദ്യമായ സ്വീകരണം

**അമോൽ ചെറുകര**

സാൻഹൊസെ: കോട്ടയം അതിരൂപതയുടെ ഓക്സിലറി ബിഷപ് ആയ ഗീവർഗീസ് മാർ അപ്രേം പിതാവിന് സാൻ ഹൊസെയിലെ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ ഹൃദ്യമായ സ്വീകരണം നല്കി ആദരിച്ചു.

ജൂൺ 22-ന് ഞായറാഴ്ച നടന്ന ചടങ്ങിൽ ഇടവക വികാരി ഫാ. ജെമി പുതുശ്ശേരിയും കൈക്കാരന്മാരും പാരിഷ് കൗൺസിൽ അംഗങ്ങളും ഇടവകാംഗങ്ങളും ചേർന്ന് പള്ളിയുടെ ഗ്രോട്ടോയിൽ വെച്ച് സ്വീകരിച്ചു. തുടർന്ന് മലങ്കര റീത്തിൽ നടത്തപ്പെട്ട വിശുദ്ധ കുർബാനയിൽ അപ്രേം പിതാവ് മുഖ്യകാർമ്മികത്വം വഹിക്കുകയും ഇടവക വികാരി ഫാ. ജെമി പുതുശ്ശേരി സഹകാർമ്മികനുമായി.

കുർബാനയ്ക്കുശേഷം പള്ളിയിൽ വെച്ച് നടന്ന ചടങ്ങിൽ വേദപാഠ കുട്ടികൾക്ക് പിതാവ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും അതോടൊപ്പം തന്നെ ഹൈസ്കൂൾ ഗ്രാജുവേറ്റ് ചെയ്ത കുട്ടികളെ ആദരിക്കുകയും പിതാവ് അവരെ അനുമോദിക്കുകയും ചെയ്തു.


പിന്നീട് നടത്തപ്പെട്ട വിരുന്നു സൽക്കാരത്തിൽ ഇടവകാംഗങ്ങളോടൊപ്പം പിതാവ് പങ്കുചേർന്നു. തനിക്ക് നല്കി ഊഷ്മളമായ സ്വീകരണത്തിന് സാൻ ഹൊസെ ഇടവക ജനങ്ങൾക്ക് പിതാവ് നന്ദി പറയുകയും ചെയ്തു.





# 40th Day Remembrance

July 12, 2025




## Rev. Fr. Alummoottil Koshy Cherian

(July 17, 1932 - June 4, 2025)

# 40th Day Remembrance

# Rev. Fr. Alummoottil Koshy Cherian

## (July 17, 1932 - June 4, 2025)



Rev. Fr. A. K. Cherian was born to a devout Orthodox Christian family in Pandalam, Kerala, India. Cherian Achen was the youngest child of the Late Koshy Vaidyan and Late Sosamma Koshy. After losing his father at an early age, he often spoke of his fond childhood memories with his mother, three brothers, three sisters and his grandparents. From a young age, Achen was guided by the Hand of God, shaping his journey with wisdom, faith, and purpose.

After completion of high school, he joined NSS College, Pandalam in 1958 and completed his B.Sc. in Mathematics. Achen worked as a teacher in St. Thomas High School, Karthikapally from 1958-1963 and during this time Achen received his B. Ed. from Brunnen College, Tellicherry. Cherian Achen taught in the MGM High School, Thiruvalla and MD Seminary High School, Kottayam (between 1963 -1965). In 1965 he enrolled in The Orthodox Theological Seminary, Kottayam, Kerala and completed his G.S.T. and B.D. In 1967, Achen was ordained to the Deaconate by His Holiness Moran Mar Baselios Augen I and was appointed as the Boarding Master in MGM High School and MD Seminary High School. In 1964, he was a founding member of the Bishop Packenham Walsh Teaching and Healing Mission - a group comprising of medical doctors, paramedics, and theologians - and their purpose was to provide free medical camps in the villages.

Achen was also an active participant in the Orthodox Christian Student Movement holding positions of Auditor and Central Committee member and due to his significant contribution, he was elected as the General Secretary of the Movement between 1968-1970. On July 26, 1971, Achen married Molly Thomas in Mar Elia Cathedral, in Kottayam by H. G. Mathews Mar Athanasios (Late H. H. Mathews I). Subsequently, on August 15, 1971, he was ordained into the Holy Order of Priesthood by His Grace the Late Lamented Daniel Mar Philexinos. Cherian Achen arrived in America in April 1972. He worked hard to organize the Orthodox Christians in and around Bronx, NY and on November 4, 1972, the Bronx parish came into being. The Bronx parish, on its own request, was recognized by The Malankara Orthodox Church in early 1974 and Fr. A. K. Cherian was appointed as the first vicar of the St. Mary's Orthodox Church Bronx (Kalpana #1191 dated 3 March 1974), being the founding father of the Bronx church.

Cherian Achen, a devout and principled leader, dedicated himself to both the spiritual and material growth of the Bronx parish. Although in his belief that a priest should be fully committed to Christ's ministry, he worked as a disbursement accountant at The Reformed Church of America, N.Y. when the parish could not meet his financial needs. Demonstrating extraordinary selflessness, he channeled all his earnings back to the parish, even supplementing them with his own income and for the first ten years he did not take any gifts or remuneration from the parish.

Through Achen's selfless service and strong leadership, he helped the Bronx parish obtain our own church property and built a church honoring the rich traditions of the Orthodox faith, ensuring its architecture and rituals reflected its sacred heritage. Under Cherian Achen's leadership, we were able to expand and construct the St. Gregorios Annex creating a space that fostered the continued growth of the spiritual organizations and the church alike. His dedication extends to the then American Diocese, later becoming the NE American Diocese and the wider church community, where he worked to uphold the traditions of the Indian Orthodox Church for the future generations. He continued his love for learning by receiving a Masters in Science in Education from Fordham University, Bronx, NY in 1977.

He authored five books - on the life of "Joseph Rene Vilatte Thimotheos", which was released in 1990, "At the Feet of Jesus", reflections on his journey to the Holy Land released in 2001, "The Sacred Lamps of India", integration of the life of St. Gregorios and Sadhu Sundar Singh released in 2001 (Malayalam) and 2016 (English), "Faith of our Fathers – Holy Faith", released in 2006, and the "Bronx Diary – 1972-2013", released April 2014 (Malayalam) and September 2014 (English).

He faced many challenges but with courage and resilience, he ensured the church remained firmly rooted in the tradition, values, and principles of the Orthodox faith. Cherian Achen was a principled, empathetic, and compassionate priest deeply committed to his faith and practice. He exemplified tenacity in adversities like the loss of his beloved son, Dr. Koshi A. Cherian. He now intercedes with his son, Late Koshikunju, for his wife Molly Kochamma, his children Biju, Sheba, Rekha, Paul Achen, Shallu Kochamma, Nevin and Shoba. His pride and joy are his grandchildren: Leah, Miriam, Abigail, Joanna, Sophia, Nathanael, Olivia, Ethan, and Julia.

**Go in Peace, Appacha, and pray for us always.**

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിമൂന്നാം വർഷം 1992-2025










# ഞാറവേലിൽ ചിന്നമ്മ ഫിലിപ്പ്: ജീവിതംകൊണ്ട് മാതൃകയാകുമ്പോൾ



*"മുമ്പേ പറക്കുന്ന പക്ഷി പിൻപേ പറക്കുന്ന പക്ഷികളെ കൂടി ശ്രദ്ധിക്കുമ്പോഴാണ് ജീവിതയാത്ര സമ്പൂർണ്ണമാകുന്നത്"*

എപ്പോഴും സമൂഹത്തിന് മുൻപിൽ ഒറ്റപ്പെട്ടുപോകുന്നവരാണ് സ്ത്രീകൾ. വിവാഹശേഷം സൗഹൃദം ഇല്ലാത്തവർ. കുട്ടികളായതിനുശേഷം തന്റെ ഇഷ്ടങ്ങൾ മറന്നവൾ, അമ്മൂമ്മ ആയതിനുശേഷം മക്കളെ ഭയന്ന് ജീവിച്ചവൾ. സമൂഹം എഴുതിവെച്ച ചില കൽപ്പനകളെ മാറ്റിയെഴുതുമ്പോഴാണ് സ്ത്രീകളുടെ ജീവിതം പൂർണമാകുന്നത്. അങ്ങനെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കടന്നുവന്ന സ്ത്രീകളെ കാണുമ്പോൾ അറിയാതെ ഹൃദയം കൊണ്ട് ആദരിച്ചു പോകും.

വിദേശത്തും സ്വദേശത്തും എല്ലാം കൽപ്പനകളെ മറികടന്ന സ്ത്രീകൾ എന്നും ചരിത്രത്തിൽ ഇടം പിടിച്ചിട്ടുണ്ട്. അത്തരത്തിൽ അമേരിക്കൻ മലയാളി ചരിത്രത്തിലേക്ക് ചേർത്തുവയ്ക്കേണ്ട ഒരു പേരാണ് ഞാറവേലിൽ ചിന്നമ്മ ഫിലിപ്പിന്റേത്. അമേരിക്കൻ മണ്ണിൽ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമായി മാറിയ ഞാറവേലിൽ ചിന്നമ്മ ഫിലിപ്പിന്റെ ജീവിതം എല്ലാ സ്ത്രീകൾക്കും ഒരു മാതൃകയും പുതിയ തലമുറയ്ക്ക് ഒരു വഴിത്താരയുമാണ്.

## കോട്ടയത്തിന്റെ മണ്ണിൽ നിന്ന് പ്രതീക്ഷയുടെ പുൽനാമ്പുകൾ

കോട്ടയം കല്ലറ പഞ്ചായത്തിലെ പെരുന്തുരുത്ത്, ചോരത്ത് പുത്തൻപുരയിൽ ലൂക്കായുടെയും ഏലിക്കുട്ടിയുടെയും ഏഴ് മക്കളിൽ നാലാമതായാണ് ചിന്നമ്മ ജനിച്ചത്.

പറവൻ തുരുത്ത് സെന്റ് സാവിയോ സ്കൂളിലെ പ്രഥമ ബാച്ചിലെ വിദ്യാർത്ഥിനിയായി പഠിച്ചശേഷം കല്ലറ സെന്റ് തോമസ് സ്കൂളിൽ നിന്ന് മിഡിൽ സ്കൂൾ വിദ്യാഭ്യാസം, കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്ന് എസ്. എസ്. എൽ. സിയും പാസ്സായശേഷം കോട്ടയം ബിസിഎം കോളേജിൽ ചേർന്ന് പഠിച്ചുകൊണ്ടിരിക്കെ കോട്ടയം കാരിത്താസ് ഹോസ്പിറ്റൽ നഴ്സിംഗ് കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നു. നഴ്സിങ് പഠനം പൂർത്തിയാക്കിയ ശേഷം ഡൽഹിയിലേക്ക് പോയി. എയിംസിൽ ജോലി ലഭിച്ച് മൂന്നുവർഷത്തോളം ജോലി ചെയ്യുകയും ചെയ്തു.

## മാലാഖമാരെ തേടി അമേരിക്ക

അമേരിക്കയുടെ വാതിലുകൾ ലോകത്തുള്ള പല മനുഷ്യർക്കുമായി തുറക്കപ്പെട്ട ഒരു കാലം ചിന്നമ്മ ഓർത്തെടുക്കുന്നു. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ തന്റെ സഹപാഠിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ ആതിഥേയത്വം സ്വീകരിച്ചുകൊണ്ട് അമേരിക്കൻ പ്രസിഡന്റ് ആയിരുന്ന ജോൺ എഫ് കെന്നഡി ഇന്ത്യ സന്ദർശിച്ചിരുന്നു. വിയറ്റ്നാം യുദ്ധത്തിന്റെ കെടുതിയിൽ നിന്നുള്ള നേഴ്സിംഗ് ഷോട്ടേജ് ഒഴിവാക്കാൻ 1962-ലെ ഇമിഗ്രേഷൻ ആക്ട് നടപ്പിലാക്കുമ്പോൾ അതുകൊണ്ടുതന്നെ ഇന്ത്യക്കും വലിയൊരു സ്ഥാനം അമേരിക്ക നൽകിയിരുന്നു. ഡാളസിന്റെ തെരുവീഥിയിൽ കെന്നഡി വെടിയേറ്റ് മരിക്കുകയും ചെയ്തു. എന്നാൽ അന്ന് വൈസ് പ്രസിഡന്റ് ആയിരുന്ന ലിൻഡൻ ബി. ജോൺസൺ ഇമിഗ്രേഷൻ ആക്ട് യു.എസ് കോൺഗ്രസിലൂടെ നടപ്പിലാക്കി. അമേരിക്കയുടെ ആരും തുറക്കില്ല എന്ന് കരുതിയ വാതിൽ ലോകത്തിന് മുൻപിൽ തുറക്കപ്പെട്ടു. പ്രത്യേകിച്ച് നേഴ്സിംഗ് മേഖലയിൽ ധാരാളം ജോലി അവസരങ്ങൾ ഉടലെടുത്തു.

ഈ സാധ്യത തന്നെയാണ് ചിന്നമ്മയെ 1975-ൽ അമേരിക്കയിൽ എത്തിച്ചത്. ലില്ലി ചൊള്ളമ്പേൽ, ചിന്നമ്മ പള്ളിക്കുന്നേൽ എന്നിവരാണ് ചിന്നമ്മയെ അമേരിക്കയിൽ എത്തിക്കുവാൻ മുന്നിലുണ്ടായിരുന്നത്. തുടർന്ന് 50 വർഷത്തോളം അമേരിക്കയുടെ ഹൃദയം തൊട്ടറിഞ്ഞുകൊണ്ടുള്ള ജീവിതമായിരുന്നു ചിന്നമ്മ നയിച്ചത്. ഈ ജീവിതം വലിയ വിജയമാകുമ്പോൾ കടന്നുവന്ന വഴികൾ മറ



വ

തയ്യാറാ

ക്കാതിരിക്കുക എന്ന ഒരു ലോകതത്വം കൂടി നമുക്ക് ഞാറവേലിൽ ചിന്നമ്മ ഫിലിപ്പ് കാട്ടിത്തരുന്നു.

ഇന്ത്യ പോലെയല്ല അമേരിക്കയിൽ വേരുപിടിക്കുക എന്ന് പറഞ്ഞാൽ അത് വളരെയേറെ കഷ്ടത നിറഞ്ഞ ഒന്നാണെന്ന് ചിന്നമ്മ പതിയെ തിരിച്ചറിഞ്ഞു. കോട നിറഞ്ഞു പൂക്കുന്ന മഞ്ഞുകാലങ്ങളാണ് കോട്ടയത്ത് ഉണ്ടായിരുന്നതെങ്കിലും അതിന്റെ പത്ത് മടങ്ങ് തണുപ്പും, ആ മഞ്ഞിൽ പതിയിരിക്കുന്ന അപകടങ്ങളും ചിന്നമ്മയ്ക്ക് തരണം ചെയ്യേണ്ടതുണ്ടായിരുന്നു. ഒരിക്കൽ ഐസിൽ വീണ് ചിന്നമ്മയുടെ കൈയ്യൊടിയുകവരെ ചെയ്തിട്ടുണ്ട്. പക്ഷേ, ദൈവം അവിടെയും അതിജീവിക്കാനുള്ള കരുത്ത് അവർക്ക് നൽകി. അല്ലെങ്കിലും നമ്മൾ മലയാളികൾ ഭൂമിയുടെ ഏത് കോണിൽ ചെന്നാലും അവിടെ ഒരു സാമ്രാജ്യം സൃഷ്ടിച്ചുകൊണ്ട് അതിജീവിച്ച് മുന്നേറുക തന്നെ ചെയ്യുമല്ലോ.

## നാടേതായാലെന്ത് നമ്മൾ നമ്മളായിരുന്നാൽ മതി

അമേരിക്കയിലെത്തിയ ആദ്യനാളുകളിൽ ഒരു ഹോം സിക്നസ് ചിന്നമ്മയെ പിടികൂടി. ഭാഷ, സംസ്കാരം, ഭൂപ്രകൃതി എല്ലാം പുതിയതായതുകൊണ്ട് തന്നെ അതുമായി യോജിച്ചു പോകാൻ കാലങ്ങൾ എടുക്കേണ്ടി വന്നു. മണിക്കൂറിന് 2.10 ഡോളറിനാണ് ചിന്നമ്മ അമേരിക്കയിൽ ജോലി ചെയ്തു തുടങ്ങുന്നത്. അന്ന് ഒരു ജോലി കൊ
















# ഴിത്താരകൾ

ക്കിയത്: **അനിൽ പെണ്ണുക്കര**

ണ്ട് ഒന്നും ആകാത്തത് കൊണ്ട് തന്നെ രണ്ടുജോലി ചെയ്യുകയും താമസിക്കുന്ന വീട്ടിലേക്ക് എത്താൻ രണ്ടു ബസ്സുകളും ഒരു ട്രെയിനും കയറി യാത്ര ചെയ്യേണ്ടി വരികയും ചെയ്തു. ഇന്ന് ഓർക്കുമ്പോൾ അതെല്ലാം നല്ല ഓർമ്മകളാണ്.

യാത്രയ്ക്കും ജോലികൾക്കും ഇടയിൽ ചിന്നമ്മയ്ക്ക് ഉറങ്ങാൻ സമയം കിട്ടുക കുറവായിരുന്നു. ഇതിനിടയിൽ റിവ്യൂ ക്ലാസുകൾ അറ്റൻഡ് ചെയ്യണം, ബോർഡ് എക്സാമിന് വേണ്ടി പഠിക്കണം, തുടങ്ങി ധാരാളം എടുത്താൽ പൊങ്ങാത്ത ജോലികളും വന്നുകൊണ്ടിരുന്നു. ഇടയ്ക്കുവെച്ച് ചിന്നമ്മ ആ കാര്യം തിരിച്ചറിഞ്ഞു. തനിക്കുവേണ്ടി കുറച്ചുനാളുകൾ മാറ്റിവെക്കണം. മൂന്നുവർഷത്തോളം കുടുംബത്തിനും അവരുടെ സുരക്ഷിതത്വത്തിനും വേണ്ടി പോരാടി. ഇനി തനിക്ക് ഒരു വിവാഹം ആവശ്യമാണ്, കൂട്ടിന് ഒരാൾ ആവശ്യമാണ് എന്ന തിരിച്ചറിവിൽ നാട്ടിലേക്ക് യാത്ര തിരിക്കുന്നു.

## മധുര മനോഹരമേ, ജീവിതമേ

അമേരിക്കയിലെ അതിജീവന ശ്രമങ്ങൾക്ക് ശേഷം നാട്ടിലേക്ക് തിരിച്ച ചിന്നമ്മയുടെ ജീവിതത്തിലേക്കാണ് ഫിലിപ്പ് കടന്ന് വരുന്നത്. കടുത്തുരുത്തി ഞാറവേലിൽ സിറിയക്കിന്റെയും പെണ്ണമ്മയുടേയും ഒൻപത് മക്കളിൽ മൂന്നാമനായ ഫിലിപ്പ് കുറവിലങ്ങാട് ദേവമാതാ കോളേജിൽ നിന്ന് ബിരുദവും, പിജിയും കഴിഞ്ഞ് ഗവൺമെന്റ് സർവീസിൽ ജോലി ചെയ്യുന്ന സമയമായിരുന്നു അത്.

പക്ഷേ, പ്രതീക്ഷകൾക്കും അപ്പുറമായിരുന്നു ഇരുവരുടേയും കണ്ടുമുട്ടൽ. വിവാഹത്തിന് ശേഷമായിരുന്നു ഫിലിപ്പിന്റെയും ചിന്നമ്മയുടെയും ജനനത്തീയതികൾ ഒന്നായിരുന്നു എന്ന വിവരം ഇരുവരും അറിയുന്നത്. ആരോ എവിടെയോ എഴുതി വെച്ചതുപോലെ, മുൻപ് എവിടെയോ കണ്ടുമുട്ടിയവരെ പോലെ, പരസ്പരം താങ്ങായി ജീവിക്കാൻ വിധിക്കപ്പെട്ടവരെ പോലെ ഇരുവരും ജീവിതം തുടങ്ങി. ജീവിതം യൗവന തീക്ഷ്ണവും സ്നേഹ സുരഭിലവുമായ ചിന്നമ്മയുടെ ജീവിതം ഫിലിപ്പ് എന്ന മനുഷ്യനാൽ നിറഞ്ഞു തുടങ്ങി. അവർ നിറഞ്ഞ മനസോടെ സ്നേഹിച്ചു.

## ഒരുമിച്ചു തുഴയുമ്പോൾ

വിവാഹത്തിനുശേഷം രണ്ടുമാസത്തിനകം ഫിലിപ്പ് ചിക്കാഗോയിൽ എത്തി. പിന്നീടുള്ള അവരുടെ ജീവിതം ഒരു സൈക്കിളിന്റെ രണ്ട് പെഡലുകൾ പോലെയാണ് എന്നാണ് ചിന്നമ്മ പറയുന്നത്. ഇലക്ട്രോണിക്സ് പഠിച്ച് ബെൽ ആൻഡ് ഹൗവൽ (bell and howell) എന്ന കമ്പനിയിൽ ഫിലിപ്പ് ജോലി ആരംഭിച്ചു. പത്തുവർഷത്തോളം അദ്ദേഹം അവിടെ ജോലി ചെയ്തു. അതിനിടയിൽ ദൈവനിമിത്തം പോലെ മൂന്ന് കുഞ്ഞുങ്ങൾ ഫിലിപ്പ് - ചിന്നമ്മ ദമ്പതികൾക്കിടയിലേക്ക് കടന്നുവന്നു. സിറിൽ, ഷെൽബി, സിബിൽ എന്നിങ്ങനെ രണ്ടു ആൺകുട്ടികളും ഒരു പെൺകുട്ടിയുമായിരുന്നു ദൈവ സമ്മാനമായി ലഭിച്ചത്. 10 വർഷത്തിനുശേഷം ഫിലിപ്പും ചിന്നമ്മയും കുട്ടികളും എല്ലാം ചേർന്ന് ഫ്ളോറിഡയിലേക്ക് താമസം മാറി.

അമേരിക്കയിലെ പ്രശസ്തമായ എല്ലാ യുണിവേഴ്സിറ്റികളും മക്കളോടൊപ്പം സന്ദർശിക്കവെ മൂത്ത മകൻ സിറിൽ ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ പഠിക്കണം എന്ന ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. തുടർന്ന് ഹാവാഡ് HOWARD യൂണിവേഴ്സിറ്റിയിൽ നിന്ന് എം. ഡിയും, ഹാർവാർഡിൽ നിന്ന് പി.ജി. എടുക്കുകയും ചെയ്തു. ജീവിതത്തിലെ നല്ലൊരു നിമിഷമായി മക്കളുടെ വിജയങ്ങൾ നോക്കിക്കാണുന്നു. ഇതിനിടയിൽ കോളേജ് ഓഫ് സെന്റ് ഫ്രാൻസിസ് ജൂലിയറ്റിൽ നിന്ന് ബി.എസ് ഡിഗ്രിയും ഞാറവേലിൽ ചിന്നമ്മ കരസ്ഥമാക്കി.

## ഫ്ളോറിഡയിൽ നിന്ന് ചിക്കാഗോയിലേക്ക്

നാല് വർഷം ഫ്ളോറിഡയിൽ താമസിച്ചശേഷം വീണ്ടും ചിക്കാഗോയിലേക്ക് തിരികെ വരണം എന്ന ചിന്ത ഫിലിപ്പിനേയും ചിന്നമ്മയേയും വല്ലാതെ അലട്ടി. പിന്നെ അമാന്തിച്ചില്ല. നേരെ ചിക്കാഗോയിലേക്ക്. തിരികെയെത്തി ഫിലിപ്പ് ബിസ്സിനസ് രംഗത്ത് പ്രവേശിച്ചു. ഒരു സ്റ്റോർ തുടങ്ങി. നേഴ്സിംഗ് ജോലിക്കു ശേഷം ഫിലിപ്പിനെ സഹായിക്കുവാൻ ചിന്നമ്മയും എത്തും. ഇതിനിടയിൽ ഗ്യാസ്സ്റ്റേഷൻ ബിസ്സിനസും തുടങ്ങി. രണ്ട് ബിസ്സിനസുകളും നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചു എന്നതാണ് ഇരുവരുടേയും വിജയം. കഴിഞ്ഞ അൻപത് വർഷത്തെ അമേരിക്കൻ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ നന്ദിയും ആദരവും കൊണ്ട് ഈ കുടുംബത്തിന്റെ മനസ്സ് നിറയുകയാണ്.

## മാലാഖയ്ക്ക് ലോകം നൽകുന്ന അംഗീകാരം

മനുഷ്യജീവിതം ഭംഗിയുള്ളതാകുമ്പോഴും സുരക്ഷിതമാക്കുമ്പോഴും മാലാഖമാർക്ക് ലോകം ചില ആദരവുകൾ നൽകാറുണ്ട്. അത്തരത്തിൽ ഒന്ന് ചിന്നമ്മയേയും തേടിയെത്തി. ഐ.എൻ.എ.ഐയിൽ (INAI) നിന്ന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ലഭിക്കുകയുണ്ടായി. രജിസ്റ്റേർഡ് നേഴ്സായി 35 വർഷത്തിലധികം പ്രായോഗിക ക്ലിനിക്കൽ പരിചയമുള്ള അവർ, ഓപ്പൺ ഹാർട്ട് യൂണിറ്റ്, ന്യൂറോ ഐസിയു, കൊറോണറി കെയർ യൂണിറ്റ് (സിസിയു), സ്റ്റെപ്പ്-ഡൗൺ യൂണിറ്റ്, ഓങ്കോളജി ക്ലിനിക് എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഗണ്യമായ സംഭാവനകൾ നൽകിയിരുന്നു.

ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയിസിന് (INAI) ശക്തമായ പിന്തുണ നൽകുന്നയാളും സംഘടനയുടെ നേതാവുമായിരുന്നു ചിന്നമ്മ. സംഘടനയുടെ രൂപീകരണ വർഷങ്ങളിൽ അഞ്ച് തവണ അംഗത്വ ചെയർ പേഴ്സണായി അവർ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ, രണ്ട് തവണ ജോയിന്റ് ട്രഷറർ എന്ന നിലയിൽ അവർ തന്റെ സമയങ്ങൾ സംഘടനയ്ക്ക് വേണ്ടി മാറ്റിവെച്ചിട്ടുണ്ട്.

ആദ്യ നൈന കോൺഫറൻസിൽ രജിസ്ട്രേഷൻ ചെയർ എന്ന നിലയിൽ നിർണായക പങ്ക് വഹിക്കുകയും ചെയ്ത ചിന്നമ്മ, സെമിനാറുകൾ, പിക്നിക്കുകൾ, അവധിക്കാല ആഘോഷങ്ങളിൽ രസകരമായ റാഫിളുകളുടെ ചുമതല എന്നിവയുൾപ്പെടെ ഐ.എ.ൻ.എ.ഐ.യുടെ നിരവധി പരിപാടികളിൽ സജീവമായി പങ്കെടുത്തിരുന്നു.

ജോൺ സ്ട്രോജർ ആശുപത്രിയിലൂടെ സ്പോൺസർ ചെയ്യപ്പെട്ട ഇൻഷുറൻസ് ഇല്ലാത്ത സ്ത്രീകൾക്കായുള്ള ആരോഗ്യ സെമിനാറുകൾ, സൗജന്യ ഫ്ളൂ ഷോട്ടുകൾ, സൗജന്യ മൊബൈൽ മാമോഗ്രാമുകൾ എന്നിവ സംഘടിപ്പിക്കാൻ തിരക്കുകൾക്കിടയിലും ചിന്നമ്മയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കുടുംബത്തിന് എന്നപോലെ സമൂഹത്തിനു വേണ്ടിയും ചിന്നമ്മ അവരുടെ ജീവിതം മാറ്റിവച്ചിട്ടുണ്ട്. ലഭിക്കുന്ന പുരസ്കാരങ്ങളെല്ലാം തന്നെ അതിന്റെ പാരിതോഷികങ്ങളാണ്. ഒരേസമയം സമൂഹത്തിനും കുടുംബത്തിനും വേണ്ടി ജീവിക്കാൻ കഴിയുക എന്നത് പ്രയാസകരമായ കാര്യമാണ്. അതിനെ അനായാസമായി അതിജീവിച്ച വ്യക്തിത്വമാണ് ഞാറവേലിൽ ചിന്നമ്മ ഫിലിപ്പ്.

## രണ്ട് കുടുംബങ്ങൾ ഒരു ജീവിതം

ഈ വഴിത്താരയിലെ ഏറ്റവും വലിയ സ്നേഹമായി കരുതിയ നിമിഷങ്ങളാണ് പുത്തൻപുരയിൽ, ഞാറവേലിൽ കുടുംബങ്ങളെ കുറിച്ചുള്ള പരാമർശം. ചിന്നമ്മയുടേയും, ഫിലിപ്പിന്റേയും വിജയത്തിന് ചുക്കാൻപിടിച്ച രണ്ട് കുടുംബങ്ങൾ. ചിന്നമ്മയുടെ നാല് സഹോദരൻമാരും രണ്ട് സഹോദരികളും - മേരി & പരേതനായ ഫിലിപ്പ്, പരേതനായ ജോസഫ് & ലീലാമ്മ, എൽസമ്മ, സിറിയക്ക് & സോഫി, ഫിലിപ്പ് & ഡോളി, ജെയിംസ് & അജി - എല്ലാവരും ഇപ്പോൾ ചിക്കാഗോയിൽ.

ഫിലിപ്പിന്റെ സഹോദരങ്ങൾ പരേതയായ ജോളി ടീച്ചർ, ഈനാസി & മാത്തുക്കുട്ടി, ചാച്ചമ്മ & ജോയി, ഓമന & സൈമൺ, ജോസി & ഏബ്രഹാം, ജോസ് & ടെസി, പരേതനായ ജോഷി & മിനി, പരേതനായ ചാക്കോച്ചൻ - എല്ലാവരും അമേരിക്കയിൽ.

ഫിലിപ്പ്-ചിന്നമ്മ ദമ്പതികളുടെ മക്കൾ ഡോ. സിറിൾ (Pain Management) & സബ്രീന (ഡെന്റിസ്റ്റ്), ഷെൽബി & ജിൻസി ചെമ്മലക്കുഴി (രണ്ടുപേരും ഡി.ഫാം), സിബിൽ എഫ്.എൻ.പി. & ആൻസൺ പുല്ലാനപ്പള്ളി (ഐ.ടി) ഒപ്പം അഞ്ച് പേരക്കുട്ടികൾ. ഈ കുടുംബങ്ങളുടെ പിന്തുണയാണ്.

## ഞാറവേലിൽ ചിന്നമ്മയുടേയും ഫിലിപ്പിന്റെയും ജീവിത വിജയത്തിന്റെ കാതൽ

ഈ ജീവിതയാത്രയിൽ തന്റെ ബന്ധുക്കളുടെ നിരവധി




കുടുംബങ്ങളെ ഇരുവരും അമേരിക്കൻ മണ്ണിലെത്തിച്ച് ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയിട്ടുണ്ട്. ഇവരുടെയെല്ലാം കുടുംബങ്ങൾ കേരളത്തിലേക്ക് എത്തിക്കുന്ന സമ്പത്ത് കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കപ്പെടുമ്പോൾ അതിനു കാരണക്കാരായവർ എന്ന നിലയിൽ ഇരുവർക്കും വലിയ സന്തോഷമാണ്. ഒപ്പം അവരുടെയെല്ലാം ജീവിതം അമേരിക്കൻ മണ്ണിൽ പടർന്നു പന്തലിക്കുന്നതിൽ അഭിമാനവും.

തന്റെ പരിചരണത്തിൽ ജീവിതം തിരിച്ചുകിട്ടിയ ഓരോ രോഗികളുടെയും ഹൃദയം നിറഞ്ഞ പുഞ്ചിരികൂടിയാണ് ഓരോ നേഴ്സുമാരുടെയും യഥാർത്ഥ വിജയം എന്നുകൂടി ചിന്നമ്മ ഞാറവേലിൽ ഹൃദയംകൊണ്ട് പറഞ്ഞുവയ്ക്കുന്നു.

ജീവിതം കുറേക്കൂടി ഇപ്പോൾ മധുരം പ്രകടിപ്പിക്കുന്നുവെന്ന് ചിന്നമ്മയ്ക്കും ഫിലിപ്പിനും തോന്നിയേക്കാം. കാരണം അവർ കുറേക്കൂടി എല്ലാവരെയും മനസ്സിലാക്കി ജീവിക്കാൻ എപ്പോഴും ശ്രമിക്കുന്നവരാണ്.

അമേരിക്കൻ മണ്ണിലും കേരളത്തിന്റെ തനിമ നഷ്ടപ്പെടുത്താത്ത വ്യക്തിത്വങ്ങൾ. സംസ്കാരത്തിന്റെ ഓരോ ഇതളുകളും കൃത്യമായി കൊണ്ടുനടക്കുന്നവർ. സ്നേഹം കൊണ്ട് എല്ലാവരെയും ചേർത്തുപിടിക്കുന്നവർ. വരുംകാലവും ഭംഗിയിൽ ഈ കുടുംബവും സമൂഹവും ഒരുപോലെ പരിഗണിച്ചുകൊണ്ട് അവർ ഇനിയും തുടരട്ടെ.








© Kerala Express



കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

# ആ കണ്ണുകൾ കോലിട്ട് കുത്താനുള്ളതല്ല. സ്ഫടികപാത്രം പോലെ സൂക്ഷിക്കാനുള്ളതാണ്...

ലേഖനം



സന്ദീപ് ദാസ്

**ത**ന്റെ കണ്ണിൽ മൈക്ക് കൊണ്ട് കുത്തിയ മാദ്ധ്യമപ്രവർത്തകനോട് ദേഷ്യപ്പെടാതിരുന്ന മോഹൻലാലിനെ കണ്ടപ്പോൾ ഞാൻ 'ഏയ് ഓട്ടോ' എന്ന സിനിമയെക്കുറിച്ച് ഓർത്തുപോയി. ലാൽ അവതരിപ്പിച്ച സുധി എന്ന കഥാപാത്രത്തെ വിളമ്പിവെച്ച ഭക്ഷണത്തിന്റെ മുന്നിൽ വെച്ച് അപമാനിക്കുന്ന രംഗം ആ സിനിമയിലുണ്ട്. അതിനു പിന്നാലെ  വേദന കടിച്ചമർത്തി ശാന്തനായി നടന്നുനീങ്ങുന്ന സുധിയെ മറക്കാൻ ആർക്കെങ്കിലും കഴിയുമോ?

സുധിയുടെ സ്വഭാവം തന്നെയാണ് മോഹൻലാലിനും ഉള്ളത്. കണ്ണിൽ കുത്തി വേദനിപ്പിച്ച റിപ്പോർട്ടറോട് "എന്താ മോനേ ഇത്?" എന്നാണ് ലാൽ ചോദിച്ചത്! ക്ഷമയുടെ ആൾരൂപമായി ലാൽ മാറിയ കാഴ്ച്ച മുഖ്യധാരാ മാദ്ധ്യമങ്ങൾ ഈ സംഭവം മൂടിവെയ്ക്കാനാണ് ശ്രമിച്ചിട്ടുള്ളത്. സോഷ്യൽ മീഡിയ ഉള്ളതുകൊണ്ട് മാത്രമാണ് ഇക്കാര്യം എല്ലാവരും അറിഞ്ഞത്.

കേരളത്തിലെ ജേണലിസ്റ്റുകളോട് ചില ചോദ്യങ്ങൾ ചോദിക്കാനുണ്ട്. ഇത് എന്ത് തരം മാദ്ധ്യമപ്രവർത്തനമാണ്? ഒരു സെലിബ്രിറ്റിയോട് മര്യാദയില്ലാതെ പെരുമാറുന്ന നിങ്ങൾക്ക് സാധാരണക്കാരുടെ ശബ്ദമാകാനും അവരോട് നീതി കാട്ടാനും സാധിക്കുമോ?

മാദ്ധ്യമങ്ങളുടെ വേട്ട ഏറ്റവും കൂടുതൽ അനുഭവിച്ചിട്ടുള്ള ഒരാളാണ് മോഹൻലാൽ.

ലാലിനെക്കുറിച്ചുള്ള ഗോസിപ്പ് എഴുത്ത് ഉപജീവനമാർഗ്ഗമായി സ്വീകരിച്ച ആളുകളെ കണ്ടിട്ടില്ലേ?

ലാലിനെ തെറി വിളിക്കുന്നതിന് വേണ്ടി മാത്രം ജീവിക്കുന്ന യൂട്യൂബർമാരെയും വ്‌ളോഗർമാരെയും നമുക്ക് പരിചയമില്ലേ?

മോഹൻലാലിന്റെ ഫോട്ടോ ലൈംഗിക പീഢന വാർത്തയോടൊപ്പം  അനാവശ്യമായി പ്രസിദ്ധീകരിച്ച സംഭവം വരെ ഉണ്ടായിട്ടുണ്ട്! ലാൽ അതും ഗൗനിച്ചില്ല.


'തുടരും' എന്ന സിനിമയുടെ സംവിധായകനായ തരുൺ മൂർത്തി ഒരു അഭിമുഖത്തിൽ വെളിപ്പെടുത്തിയിരുന്നു–

"സോഷ്യൽ മീഡിയയിലെ വിദ്വേഷം വമിക്കുന്ന പോസ്റ്റുകളെയും ട്രോളുകളെയുമെല്ലാം മോഹൻലാൽ കൈകാര്യം ചെയ്യുന്ന രീതി ശ്രദ്ധേയമാണ്. ഞാൻ ഇവരോടെല്ലാം എന്ത് തെറ്റ് ചെയ്തു എന്ന് അദ്ദേഹം ഒരുനിമിഷം ചിന്തിക്കും. എന്നിട്ട് ട്രോളുകളെ അവഗണിക്കും...!"

'ഭൂമിയോളം ക്ഷമിക്കണം' എന്നൊരു പ്രയോഗം മലയാളഭാഷയിലുണ്ട്. 'മോഹൻലാലിനോളം ക്ഷമിക്കണം' എന്ന പുതിയ പ്രയോഗം കൂടി നമ്മുടെ പദാവലിയിലേയ്ക്ക് ചേർക്കാമെന്ന് തോന്നുന്നു!

ലാലിന്റെ കണ്ണിൽ മൈക്ക് കൊണ്ട് കുത്തിയ മാദ്ധ്യമപ്രവർത്തകനോട് ഒന്നേ പറയാനുള്ളൂ. നിങ്ങൾ തെറ്റ് തിരുത്തുമെന്ന പ്രതീക്ഷയില്ല. പക്ഷേ ലാലിന്റെ കണ്ണിൽ തൊട്ട് കളിക്കരുത്!


പത്മരാജന്റെയും സിബി മലയിലിന്റെയും പഴയകാല സിനിമകൾ എടു



ത്തുനോക്കൂ. ലാലിന്റെ കണ്ണുകളിലേയ്ക്ക് സൂം ചെയ്യുന്ന നിരവധി ഷോട്ടുകൾ കാണാം!

പൃഥ്വിരാജിന്റെയും ജിത്തു ജോസഫിന്റെയും സിനിമകൾ കണ്ടുനോക്കൂ. ആ മിഴികളെ ഒപ്പിയെടുക്കാൻ അവരും ശ്രമിക്കുന്നത് കാണാം!

ലാലിന്റെ കണ്ണുകൾ മലയാളികളുടെ പൊതുസ്വത്താണ്. അവയിൽ വിടരുന്ന അഭിനയത്തിന്റെ മാജിക്കിനെ എല്ലാ തലമുറകളും പ്രണയിക്കുന്നുണ്ട്. ആ കണ്ണുകൾ കോലിട്ട് കുത്താനുള്ളതല്ല. സ്ഫടികപാത്രം പോലെ സൂക്ഷിക്കാനുള്ളതാണ്...




# വില്പനയ്ക്ക് വച്ചിരിക്കുന്ന ലെനിൻ

**ഷിബു ഗോപാലകൃഷ്ണൻ**

**വാ**ഷിംഗ്ടണിൽ, സിയാറ്റലിൽ, ഫ്രീമോണ്ടിൽ, അവിടെയാണ് 16 അടി ഉയരമുള്ള ലെനിന്റെ പൂർണ്ണകായ വെങ്കല പ്രതിമ വച്ചിരിക്കുന്നത്. അതുവഴി പോകുമ്പോൾ ഔദ്യോഗികമായി സ്ഥാപിച്ചിരിക്കുന്ന ഒരു പ്രതിമ ആണെന്നു തോന്നും, അതിനൊരു സാധ്യതയുമില്ലല്ലോ എന്ന കൗതുകം ബ്രേക്ക് ചവിട്ടുമ്പോൾ വണ്ടി നിൽക്കുകയും നമ്മൾ ചാടിയിറങ്ങുകയും ചെയ്യും.

1988-ൽ ചെക്കസ്ലോവാക്യയിൽ സ്ഥാപിച്ചതാണ് തീച്ചുരുളുകൾ ചുറ്റിലും ഉയരുന്ന ഈ വെങ്കല പ്രതിമ. സോവിയറ്റ് യൂണിയൻ തകർന്നതിനെ തുടർന്ന് കിഴക്കൻ യൂറോപ്പിൽ ലെനിന്റെ പ്രതിമകൾ വ്യാപകമായി തകർക്കപ്പെട്ടു. അങ്ങനെ വീണുകിടന്ന ഈ പ്രതിമ ഒരു മാലിന്യകൂമ്പാരത്തിൽ നിന്നും കണ്ടെടുത്തു സിയാറ്റലിലെ തന്റെ സ്ലോവാക്യൻ റെസ്റ്റോറന്റിനു മുന്നിൽ സ്ഥാപിക്കാനായി ലൂയിസ് കാർപ്പന്റർ എന്നൊരാൾ കൊണ്ടുവരുന്നു. എന്നാൽ, അതു യാഥാർഥ്യമാകുന്നതിനു മുൻപ് ലൂയിസ് മരണപ്പെടുന്നു. തുടർന്ന്, ഒരു



സ്വകാര്യഭൂമിയിൽ ആ പ്രതിമ വില്പനക്കായി വയ്ക്കുന്നു. ഇന്നത്തെ മതിപ്പുവില മൂന്നുലക്ഷം അമേരിക്കൻ ഡോളർ ആണ്, ഏകദേശം രണ്ടരക്കോടി രൂപ.

കഴിഞ്ഞ 30 വർഷമായി വാങ്ങാൻ വരുന്ന ആളെയും കാത്ത് ഫ്രീമോണ്ട് തെരുവിന്റെ ഒരുമൂലയിൽ ലെനിൻ ഇതേ നിൽപ്പ് നിൽക്കുകയാണ്.

നർമ്മം മർമ്മം



രാജീവ് പണിക്കർ



# ടോം ആൻഡ് ജെറി

കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം

മുൻപ് ഓഫീസിനു തൊട്ടടുത്ത് ഒരു ചായക്കട ഉണ്ടായിരുന്നു. ആ കടയിലെ ചേട്ടന് അല്പം പെടപ്പ് കൂടുതലായിരുന്നു. കൂടാതെ മിക്കവാറും എല്ലാ കാര്യങ്ങളിലും നല്ല കൺഫ്യൂഷനും ഉണ്ടായിരുന്നു.

ആദ്യമായി കാണുന്ന ഒരാൾക്ക് ആളുടെ കൺഫ്യൂസ്ഡ് പെടപ്പ് കണ്ടാൽ അമ്പരപ്പ് തോന്നുമെങ്കിലും സ്ഥിരമായി കാണുന്നവർ പുള്ളിയെ കൺഫ്യൂസ്ഡ് ആക്കി വട്ടാക്കാറുമുണ്ട്.

ചേട്ടനെക്കൂടാതെ വളരെ നിർവികാരനായ മറ്റൊരാൾ കൂടി കടയിലുണ്ടായിരുന്നു. 'ലോകത്ത് പല കാര്യങ്ങളുമുണ്ടാകും, ഞാൻ തന്ന ചായയ്ക്ക് വല്ല കുഴപ്പവും ഉണ്ടെങ്കിൽ എന്നോട് പറ' എന്ന മട്ടിലായിരുന്നു ആളുടെ പെരുമാറ്റം..

ഒരു ദിവസം ഞങ്ങൾ അഞ്ചു പേർ ചായ കുടിക്കാൻ ഈ കടയിലെത്തി. ഓരോ ചായ ഓർഡർ ചെയ്തു.

'സാധാ ചായയല്ലേ...' കൺഫ്യൂഷനോടെ ആൾ ചോദിച്ചു..

ചേട്ടന് വട്ടായി എന്ന് മനസ്സിലായ ഓരോരുത്തരും അവരവരുടെ നമ്പറുകൾ ഇറക്കി.

'എനിക്ക് വെള്ളം കുറച്ച് മതി.'

'എനിക്ക് കടുപ്പത്തിൽ.'

'എനിക്ക് ചൂട് കുറച്ച്.....'

'ഒരു വിത്തൗട്ട്!'

'ഒരു ലൈറ്റ് ചായ'

ഓർഡർ കേട്ടപ്പോൾ തന്നെ ചേട്ടൻ തല മാന്തിപ്പറിച്ചു കൊണ്ട് പറഞ്ഞു..

'ശരീട്ടാ....ഇപ്പോ കൊണ്ടരാം...' പിന്നെ അകത്തേക്ക് പോയി..

ചായ എടുക്കാൻ ചേട്ടൻ അകത്തു പോയസമയത്ത് കണ്ണാടിയലമാരയിൽ നിന്ന് ഒരുത്തൻ ഒരു സമൂസ എടുത്തു. ഒരുത്തൻ ഒരു പഴംപൊരിയും. അങ്ങനെ ഓരോരുത്തരായി പലപല കടികൾ എടുത്തു..

തിരിച്ചു വന്ന ചേട്ടൻ നോക്കിയപ്പോൾ ഓരോരുത്തരും കൈയിൽ കടികളുമായി ഇരിക്കുന്നു. എന്തൊക്കെ എടുത്തു എന്ന കാൽക്കുലേഷൻ ഉണ്ടാക്കുമ്പോഴേക്കും ഒരുത്തൻ ഒരു സുഖിയൻ കൂടെ ആവശ്യപ്പെട്ടു.

കൺഫ്യൂഷൻ ആയെങ്കിലും പുള്ളി അലമാരയിൽ കൂട്ടിയിട്ടിരിക്കുന്ന സുഖിയനുകളുടെ മുകളിൽ നിന്നും ഒരെണ്ണം കൈകൊണ്ടെടുത്തു. പിന്നെ വളരെ ഹൈജീനിക്കായി മറ്റേ കൈയിലിരിക്കുന്ന ഹാൻഡ് പിക്കറിൽ പിടിപ്പിച്ചു. എന്നിട്ട് സ്പൂണിൽ നാരങ്ങ വെച്ച് ഓട്ടമത്സരത്തിൽ പങ്കെടുക്കുന്ന പോലെ, ചോദിച്ചയാളുടെ അടുത്തെത്തി. ആൾ കഴിച്ചു തുടങ്ങി എന്നുറപ്പു വരുത്തിയ ശേഷം ആത്മഗതം പോലെ പറഞ്ഞു.....

'പേരൊക്കെ കൊള്ളാം... ഒരു കല്ലെങ്ങാൻ ഇണ്ടായാല്ണ്ടല്ലാ, എല്ലാ സുഖോം തീർന്ന് കിട്ടും!'

ഇതിനിടെ മറ്റൊരുത്തൻ കൈ എത്തിച്ച് ഒരു പത്തിരി എടുത്തു.

വീണ്ടും കണക്കു തെറ്റി വട്ടായി നില്ക്കുന്ന ചേട്ടനോട് തികച്ചും തൃശൂർ ഭാഷയിൽ അവൻ ഒരു ചോദ്യം ചോദിച്ചു....

'അയ്... ഇത്.... ഫ്രെഷ്ഷാണാ..... ചേട്ടാ....'

ഒരു നിമിഷം ചേട്ടൻ ടോം ആയി മാറി. ജെറിയുടെ കൈയിൽ നിന്നും കേക്കിന്റെ പീസ് തട്ടിയെടുക്കുന്ന പോലെ പത്തിരി റാഞ്ചിയെടുത്തു. എന്നിട്ട് തനി കൊച്ചി സ്റ്റൈലിൽ മറുപടി കൊടുത്തു.

"ഫ്രെഷ്ഷു വരുമ്പ...പ്പറയാട്ടാ...."

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

---



ജിഷ രാജു

# വാലന്റൈൻസ് കറി



പുറമേ പരുക്കനും അകമേ ഗുണവാനുമായ കാമുകനെ കുമ്പളങ്ങയോട് ഉപമിക്കാറുണ്ടന്നും?

പണ്ട് പെണ്ണുകാണാൻ ചെല്ലുന്ന വരന്റെ കാരണവ സംഘങ്ങൾ പെണ്ണിന്റെ വീട്ടിൽ കെട്ടിത്തൂക്കിയ കുമ്പളങ്ങയുടെ എണ്ണം കണക്കുകൂട്ടി പെൺവീട്ടുകാരുടെ പറമ്പുകളുടെ എണ്ണം ഏകദേശം തിട്ടപ്പെടുത്താറുണ്ടെന്നും വായിച്ചപ്പോൾ കുമ്പളങ്ങ അത്ര നിസ്സാരക്കാരനല്ലയെന്ന് മനസ്സിലായി.

എന്റെ വീട്ടിലെ സ്ലിം തൽപ്പരരായ ശരീരകാമികൾ കുമ്പളങ്ങനീര് പ്രഭാതത്തിൽ കുടിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. കുമ്പളത്തിൽ നിന്നു വികസിപ്പിച്ച കൂശ്മാണ്ഡ രസായനം അച്ചമ്മ ചുമ മാറാൻ കഴിക്കുന്നതും കണ്ടിട്ടുണ്ട്.

പണ്ട് അശോക ചക്രവർത്തിക്ക് ഉദരരോഗം പിടികൂടിയപ്പോൾ അദ്ദേഹത്തിന്റെ വൈദ്യൻ കുമ്പളങ്ങ സൂപ്പു ഉണ്ടാക്കി കൊടുത്ത് ആരോഗ്യം വീണ്ടെടുത്തതായും എവിടെയോ വായിച്ചിട്ടുണ്ട്. അങ്ങിനെയുള്ള കുമ്പളങ്ങയെയാണ് ഞാൻ സ്ലിം ശരീരകാമിയാകാൻ വേണ്ടിട്ട് വാങ്ങിയത്.

കുമ്പളൻ അടുക്കളയിൽ കണ്ടപ്പഴേ രണ്ടു മക്കളുംകൂടി പറഞ്ഞു ഇന്ന് ഒരു 'feel'ഉം ഇല്ലാത്ത കറിക്കഴിക്കേണ്ടി വരുമെന്ന്?

ജൂസാക്കി കുടിക്കുക എന്ന ഉദ്ദേശത്തെ ഞാൻ വ്യക്തമാക്കാതെ ഇതിനെ ഇവർക്ക് എങ്ങനെ feel-ൽ കൊടുക്കാം എന്നായി ചിന്ത. അങ്ങനെ പുതുതലമുറക്കാർ നമ്മുടെ ഗംഭീരൻ കുമ്പളങ്ങയെ കളിയാക്കാൻ പാടില്ലല്ലോ.

ഇനിയാണ് എന്റെ റെസിപ്പിയുടെ വരവ്.

കൈയ്യിലുള്ള എല്ലാ പയറു വർഗ്ഗങ്ങളും കുതിർത്ത് എടുക്കുന്നു. (കടല, വൻപയർ, ചെറുപയർ, പലതരം പരിപ്പുകൾ എല്ലാം കുറച്ച്) കുതിർത്തവരെ കുക്കറിലേക്ക് വാരിയിടുന്നു. കുറച്ച് വെള്ളം ഒഴിക്കുന്നു. നമ്മുടെ feel ഇല്ലാത്തവനെ എടുത്ത് തൊലി കളഞ്ഞ്, കുരുകളഞ്ഞ് കരുമുരെ മുറിച്ച് അവരിലേക്ക് ഇടുന്നു. മഞ്ഞൾ പൊടി, വെളുത്തുള്ളി, ഉപ്പ് ചേർക്കുന്നു.

നീലവാനത്തിന്റെ കീഴിലാണ് ഞാനും നീയും കൈകോർത്ത് നടന്നത്. ചുവന്ന റോസാപൂക്കളുടെ ഇടയിൽ വച്ചാണ് നീ എന്നെ ചുംബിച്ചത് എന്നൊക്കെ നമ്മൾ വായിച്ചിട്ടില്ലേ? അപ്പോൾ നിറത്തിനും feelനും തമ്മിൽ നല്ല ബന്ധമുണ്ട്. അതുകൊണ്ട് ഞാൻ ഒരു ടീസ്പൂൺ കാശ്മീരി മുളക് പൊടി ചേർക്കുന്നു. കറിക്ക് ചുവന്ന നിറം ഉറപ്പാണ്.

കുക്കർ അടയ്ക്കുന്നു. 5/6 വിസിൽ. അവർ തമ്മിൽ ഇഴുകിചേരണം അല്ലാതെ feel ഒന്നും വരില്ല. കുറച്ച് തേങ്ങയും പച്ചമുളകും ചെറിയ ഉള്ളികൂടി ചമ്മന്തി പരുവത്തിൽ അരയ്ക്കുന്നു. കുമ്പളങ്ങയെ അലിയിച്ച് ചേർത്ത് ഇല്ലാതാക്കിയ കുക്കറിലേക്ക് അരപ്പ് ചേർക്കുന്നു. കൂടെ കുറച്ച് നെയ്യും കറിവേപ്പിലയും.

ഇവർ തിളക്കുന്നത് അറിഞ്ഞു തുടങ്ങുമ്പോഴെയ്ക്കും stove off ചെയ്യാം.

നെയ്യിൽ, കടുക് വറ്റൽ മുളകും, കറിവേപ്പിലയും തേങ്ങയും ചേർത്ത് നന്നായി വറക്കുക. ഉറപ്പായും സ്വർണ്ണനിറം വരണം. അനന്തരം കുക്കറിലേക്ക് ഇവയെ ശ് ശ് ശ് എന്ന് ലയിക്കാൻ അനുവദിക്കണം. കുറച്ച് മല്ലിയിലയും കൂടെ ചേർത്താലുണ്ടല്ലോ...

'what a romantic curry' ഇത്തിരി ചോറ്, മ്മടെ റൊമാന്റിക് കറി, പിന്നെ... കുനുകുനെ കീറി വറുത്ത് മുളക് പൊടി വിതറിയ പപ്പടം, കൂട്ടത്തിൽ ഇത്തിരി തൈരും

എന്താ രുചി!

'A dish that is aromatic, spicy, and filled with love-just

# വൈസ്മെൻ ക്ലബ് നോർത്ത് അറ്റ്ലാന്റിക് റീജിയൻ കൺവൻഷൻ – 2025 വിജയകരമായി




ന്യൂയോർക്ക്: വൈസ്മെൻ ഇന്റർനാഷണൽ നോർത്ത് അറ്റ്ലാന്റിക് റീജിയണൽ കൺവൻഷൻ–2025 ജൂൺ 29–ന് ന്യൂയോർക്ക് ഗ്ലെൻകോവിലെ മെട്രോപോളിറ്റൻ കാറ്ററേഴ്സിൽ വെച്ച് ഒരു ക്ലാസിക് പശ്ചാത്തലത്തിൽ നടന്നു. സിറ്റി ഓഫ് ഗ്ലെൻകോവ് സിറ്റി പോലീസ് ഡിപ്പാർട്ടുമെന്റ് ചീഫ് വില്യം വൈറ്റോണിന്റെയും വൈഎംസിഎ ചീഫ് എക്സിക്യൂട്ടീവ് പീറ്റർ ഫോസ്റ്ററിന്റെയും ഏരിയ പ്രസിഡണ്ട് ഡഗ് ജോൺസിന്റെയും സാന്നിദ്ധ്യം പരിപാടിയെ സമ്പുഷ്ടമാക്കി.

റീജിണൽ ഡയറക്ടർ കോരസൺ വർഗീസ് സ്വാഗതം ആശംസിച്ചു. ദാനം ചെയ്യുന്നതിൽ വിശ്വസിക്കുന്ന നിസ്വാർത്ഥ സേവനത്തിന്റെ സ്വാധീനം പ്രകടമാക്കുന്ന, പരിചയസമ്പന്നരായ ഒരുകൂട്ടം വ്യക്തികളോടൊപ്പം രണ്ട് വർഷം ടീമിനെ വിജയകരമായി നയിക്കാൻ കഴിഞ്ഞത് ചാരിതാർഥ്യം നല്കുന്നു എന്ന് അദ്ദേഹം പറഞ്ഞു.

കൂട്ടായ്മ നിലനിർത്തിയതിനും പ്രവർത്തനയാത്രയിൽ അവരുടെ നിർണായക പങ്ക് അംഗീകരിച്ചതിനും അന്താരാഷ്ട്ര നേതാക്കൾക്കും ഏരിയ നേതാക്കൾക്കും അദ്ദേഹം നന്ദി പറഞ്ഞു. പ്രവർത്തന പാതയിലെ നാഴികക്കല്ലുകൾ അവതരിപ്പിച്ചു.




ഏരിയ പ്രസിഡണ്ട് ഡഗ് ജോൺസ് ചൊല്ലിക്കൊടുത്ത പ്രതിജ്ഞ ഏറ്റുപറഞ്ഞുകൊണ്ട് പുതിയ ഏരിയ പ്രസിഡണ്ട് ജോസഫ് കാഞ്ചമലയും പുതിയ റീജിയണൽ ഡയറക്ടർ ജോർജ് കെ. ജോണും ഏരിയ ട്രഷറർ ഡേവിഡ് വർക്ക് മാനും ഔപചാരികമായി സ്ഥാനാരോഹണം ചെയ്തു. പുതുതായി ചുമതലയേറ്റ ഭാരവാഹികൾ അവരുടെ നയപരിപാടികളും ലക്ഷ്യവും അവരുടെ ക്യാബിനറ്റും അവതരിപ്പിച്ചു. മേഖലയുടെ രണ്ട് വർഷത്തെ പ്രവർത്തനങ്ങൾ വിവരിക്കുന്ന ഒരു സ്മരണിക പുസ്തകം പ്രസിദ്ധീകരിച്ചു. എഡിറ്റർ സിബി ഡേവിഡ് തയ്യാറാക്കിയ സ്മരണിക ഏരിയ പ്രസിഡണ്ട് ഡഗ് ജോൺസ്, സിറ്റി ഓഫ് ഗ്ലെൻകോവ് സിറ്റി പോലീസ് ഡിപ്പാർട്ടുമെന്റ് ചീഫ് വില്യം വൈറ്റോണിനും വൈഎംസിഎ ചീഫ് എക്സിക്യൂട്ടീവ് പീറ്റർ ഫോസ്റ്ററിനും നല്കി പ്രകാശനം ചെയ്തു.

വിവിധ ക്ലബുകളെ പ്രതിനിധീകരിച്ചുകൊണ്ട് ക്ലബ് പ്രസിഡണ്ട് ആയ ഡേവിഡ് വർക്ക് മാൻ, ഡിൻസിൽ ജോർജ്, ചാർളി ജോൺ, മാത്യു ജോഷുവ, ഗീവർഗീസ് ഏബ്രഹാം, ആൻഡ്രൂ ഗോമസ്, മാത്യു ചാമക്കാല, ഷാജി സക്കറിയ എന്നിവരുടെ നേതൃത്വത്തിൽ ഫ്ളാഗ് സെറിമണി നിർവഹിച്ചു. പോലീസ് ചീഫ് വില്യം വൈറ്റോൺ, വൈഎംസിഎ ഡയറക്ടർ പീറ്റർ ഫോസ്റ്റർ, മുൻ ഏരിയ പ്രസിഡണ്ട് ഷാജു സാം, ഏരിയ പ്രസിഡണ്ട് ഡഗ് ജോൺസ്, മുൻ റീജിണൽ ഡയറക്ടർ ഡോ. അലക്സ് മാത്യു എന്നിവർ ആശംസകളർപ്പിച്ചു.

മാത്യു ചാമക്കാല പ്രാരംഭ പ്രാർത്ഥന നടത്തി. ജോസഫ് മാത്യുവും സർജന്റ് ബ്ലെസൺ തോമസു വൈസ്മെൻ പ്രാർത്ഥനയും പ്രതിജ്ഞയും ചൊല്ലിക്കൊടുത്തു.

റീജിയണിലെ സമഗ്ര പ്രവർത്തനങ്ങളുടെ വിലയിരുത്തലിൽ അവാർഡുകൾ സമ്മാനിക്കപ്പെട്ടു. റീജിയണൽ സെക്രട്ടറി ജിം ജോർജ്, മഹിമ തോമസ്, അലൻ അജിത്ത് എന്നിവർ പരിപാടികൾ നിയന്ത്രിച്ചു.

റീജിയണൽ ട്രഷറർ ഷാജി സക്കറിയ നന്ദി രേഖപ്പെടുത്തി. ജേക്കബ് വർഗീസിന്റെ നേതൃത്വത്തിൽ നടന്ന വിവിധ കലാപരിപാടികൾ മികവുതെളിയിച്ചു.

**Small Business Accounting LLC**

**Personal and Business Tax Services**



Tino Simon Mundaplackil

Phone:630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151, Naperville, IL 60540

**Free Electronic Filing**



Pramod Zacharias, E.A.

**HOUSING PLOTS FOR SALE AT MONIPPALLY**

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

# ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ് മൂന്നാം വാർഷികം ആഘോഷിച്ചു

ശങ്കരൻകുട്ടി






ടെക്സസ്: ടെക്സസ് ആസ്ഥാനമായുള്ള ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ് ജൂൺ 29-ന് സ്റ്റാഫോർഡ് ടെക്സസിൽ വെച്ച് അവരുടെ മൂന്നാം വാർഷിക യോഗവും പുതിയ അംഗങ്ങളെ ഉൾപ്പെടുത്തലും ഭാരവാഹികളുടെ സ്ഥാനാരോഹണവും നടത്തി.

ലയൺസ് ഡിസ്ട്രിക്ട് ഗവർണർ ബിൽ സിംപ്സൺ, മുൻ ഡിസ്ട്രിക്ട് ഗവർണർ പോൾ മൂർ, ലയൺ എമിനിസ് നിസാൻ എന്നിവർ എല്ലാ പുതിയ അംഗങ്ങൾക്കും സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ലയൺസ് ക്ലബ് ഇന്റർനാഷണലിന്റെ കീഴിൽ 50 സജീവ അംഗങ്ങളുള്ള ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ് ചാർട്ടേഡ് ആണ്. വളർന്നുവരുന്ന വികലാംഗർക്ക് റാമ്പ് നിർമ്മാണം, കണ്ണടകൾ ശേഖരിക്കുക, ആവശ്യക്കാർക്ക് പുനർവിതരണം ചെയ്യുക, ഹൂസ്റ്റൺ ഫുഡ് ബാങ്ക് പോലുള്ള പ്രാദേശിക ചാരിറ്റി സംരംഭങ്ങളിൽ സന്നദ്ധസേവനം നടത്തുക, സ്വന്തം സംസ്ഥാനമായ കേരളം ഉൾപ്പെടെ ആവശ്യമുള്ള വ്യക്തികൾക്ക് സഹായം വാഗ്ദാനം ചെയ്യുക തുടങ്ങിയ ചാരിറ്റി പരിപാടികൾ ക്ലബ് അംഗങ്ങൾ സജീവമായി നടത്തുന്നു.

1949-ൽ സ്ഥാപിതമായതു മുതൽ ശാരീരിക വൈകല്യങ്ങൾ, ടൈപ്പ് 1 പ്രമേഹം, ഡൗൺ സിൻഡ്രോം, കാൻസർ തുടങ്ങിയ സവിശേഷ വെല്ലുവിളികൾ നേരിടുന്ന 79,000-ത്തിലധികം യുവ ടെക്സൻ പൗരന്മാരെ പൂർണ്ണമായും ആക്സസ് ചെയ്യാവുന്ന ഒരു അന്തരീക്ഷത്തിൽ, അഡാപ്റ്റീവ് സാഹസികത, നീന്തൽ, റോപ്പ് കോഴ്സുകൾ, കുതിരസവാരി, സമപ്രായക്കാരുടെ പിന്തുണ എന്നിവയിലൂടെ ആത്മവിശ്വാസം നേടാൻ ടിഎൽസി പ്രാപ്തരാക്കിയിട്ടുണ്ട്.

ലയൺസ് ഫ്ളാഗ് ചടങ്ങോടെ ആരംഭിച്ച പരിപാടി വിനോദ പരിപാടികളോടെ അവസാനിച്ചു. പരിപാടിയിൽ 501 സി (3) ചാരിറ്റി സംഘടനയായ ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ് ഫൗണ്ടേഷൻ ഭാവി പദ്ധതികൾക്കായി ഫണ്ട് ശേഖരണം ആരംഭിച്ചു. 2025-26-ലെ ഭാരവാഹികളെ (പ്രസിഡണ്ട്-ജോർജ് വർക്കി, വൈസ് പ്രസിഡണ്ട്-ബോസ് കുര്യൻ, സെക്രട്ടറി റോബിൻ ജോയ്, ജോ. സെക്രട്ടറി-ഷിജു കുര്യൻ, ട്രഷറർ-ബാബു ചാക്കോ) നിയമിച്ചു. ബന്ധപ്പെടേണ്ട ഇ-മെയിൽ വിലാസം: Secretary@induslionsclub.com

## ചിക്കാഗോ സീറോമലബാർ രൂപതയുടെ സിൽവർ ജൂബിലി

(3-ാം പേജിൽനിന്നും)

കുടുംബങ്ങൾ, യുവജനങ്ങൾ, പ്രായമായവർ, സന്ന്യസ്തർ തുടങ്ങിയ എല്ലാവരുടെയും ഒരു കൂട്ടായ്മയായിരിക്കും അടുത്തവർഷം നടക്കുവാൻ പോകുന്നത്. പരിപാടികളുടെ വിജയത്തിനായി വിവിധ കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഫാ. തോമസ് കടുകപ്പിള്ളിലാണ് കൺവൻഷൻ കൺവീനർ. ബിജി സി. മാണി കൺവൻഷൻ ചെയർമാനും ജോസഫ് ചാമക്കാലാ രൂപതാ ജൂബിലി കൺവീനറും ആയിരിക്കും.

നാലുദിവസം നീണ്ടുനിൽക്കുന്ന ഈ വലിയ സമ്മേളനത്തിലേക്ക് എല്ലാവരും രജിസ്റ്റർ ചെയ്ത് ചരിത്രത്തിന്റെ ഭാഗമാകുവാൻ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ക്ഷണിക്കുന്നു.

## ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെല്ലോഷിപ്പ് അവാർഡുകൾ പ്രഖ്യാപിച്ചു

ചിക്കാഗോ: ചർച്ച് ഓഫ് ഗോഡ് (ഇന്ത്യ) ഇന്റർനാഷണൽ ഫെല്ലോഷിപ്പിന്റെ 2025-ലെ അവാർഡുകൾ പ്രഖ്യാപിച്ചു. പ്രസിഡണ്ട് പാസ്റ്റർ മാത്യു കെ. ഫിലിപ്പ് അദ്ധ്യക്ഷനായുള്ള കമ്മിറ്റിയാണ് നോർത്ത് അമേരിക്കൻ ദൈവസഭകളിൽ നിന്നും വിവിധ ക്രൈസ്തവ സാഹിത്യ സംഭാവനകൾ നല്കിയവരെ അവാർഡിനായി തെരഞ്ഞെടുത്തത്.

റവ.ഡോ. സി.വി. ആൻഡ്രൂസ് (ഓൺലൈൻ ബൈബിൾ കമെന്ററി), പാസ്റ്റർ മത്തായി സാംകുട്ടി (ഗാനങ്ങൾ), റവ. ഡോ. ഷിബു തോമസ് (പുസ്തക രചന), എബി ജേക്കബ് ഹൂസ്റ്റൺ (പുസ്തക രചന), പാസ്റ്റർ ജോൺസൺ സഖറിയ (ലേഖനങ്ങൾ), റോയി മേപ്രാൽ (ലേഖനം), സൂസൻ ബി. ജോൺ (കവിതകൾ), ഏലിയാമ്മ ലൂക്കോസ് (പുസ്തകം), റീന സാമുവേൽ (ലേഖനം) എന്നിവരാണ് അവാർഡുകൾ നേടിയത്.

ജൂലൈ 10 മുതൽ ന്യൂയോർക്കിൽ നടക്കുന്ന ഇരുപത്തിയെട്ടാമത് കോൺഫറൻസിൽ പ്രത്യേക സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്യും.



റവ.ഡോ. സി.വി. ആൻഡ്രൂസ്



പാസ്റ്റർ മത്തായി സാംകുട്ടി



റവ.ഡോ. ഷിബു തോമസ്



എബി ജേക്കബ് ഹൂസ്റ്റൺ



പാസ്റ്റർ ജോൺസൺ സഖറിയ



റോയി മേപ്രാൽ



സൂസൻ ബി. ജോൺ



ഏലിയാമ്മ ലൂക്കോസ്



റീന സാമുവേൽ

## കേരളാ എക്സ്പ്രസ് വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

രചനകൾ അയയ്ക്കേണ്ട വിലാസം:
news@keralaexpress.com

## വഴിത്താരകൾ

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട്
പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# പാസ്റ്റർ എം. എസ്. മത്തായിയെ ഓർക്കുമ്പോൾ

ഡോ. ബാബു തോമസ്, ന്യൂയോർക്ക്

അസാധാരണമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു പാസ്റ്റർ എം. എസ്. മത്തായി. സത്യസന്ധനും ദ്രവ്യാഗ്രഹമില്ലാത്തവനും എളിയ ജീവിതത്തിന്റെ ഉടമയും സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കാത്ത വ്യക്തിയുമായിരുന്നു പരേതൻ.

ചില വർഷങ്ങൾക്കു മുൻപ് പല തവണകളിലും ഒന്നിച്ചു പ്രാർത്ഥിക്കുവാനും തന്നോടടുത്തു സഹകരിക്കുവാനും എനിക്ക് ഇടയായിട്ടുണ്ട്. സത്യസന്ധതയും നീതിയും തന്റെ എടുത്തു പറയത്തക്ക സവിശേഷതകളാണ്. ബെഞ്ചമിൻ ഫ്രാങ്ക്ളിന്റെ പ്രശസ്തമായ പ്രസ്താവനയാണ് "സത്യസന്ധതയാണ് ഏറ്റവും നല്ല നയം" എന്നത്. ഈ നയമാണ് താനും സ്വീകരിച്ചിരുന്നത്. സത്യസന്ധത എന്നാൽ നുണ, വഞ്ചന, മോഷണം എന്നിവയുടെ അഭാവത്തിൽ ജീവിക്കുക എന്നാണ് അർത്ഥമാക്കുന്നത്. ആയതുപോലെ സത്യസന്ധൻ എന്നാൽ വിശ്വസ്തനും നീതിയുള്ളവനും ആത്മാർത്ഥതയുള്ളവനും ആയിരിക്കുക എന്നാണ്.

കൂടാതെ, ഒരു നീതിമാനായിരുന്നു പരേതൻ. നീതിമാൻ എളിമയുള്ള മനുഷ്യനാണ്. നീതിമാൻ ഹൃദയശുദ്ധിയുള്ളവനാണ്. നീതിമാൻ വിശുദ്ധിക്ക് സമർപ്പിതനാണ്. എല്ലാവരെയും പുഞ്ചിരിയോടു കൂടി സ്വീകരിക്കുകയും മനസ്സുതുറന്ന് സ്നേഹിക്കുകയും ചെയ്യുന്ന നല്ല പ്രകൃതമാണ് തനിക്കുണ്ടായിരുന്നത്. നല്ല വായനാശീലമുള്ള ഒരു വ്യക്തിയായിരുന്നു.

പുനലൂർ ബെഥേൽ ബൈബിൾ സ്കൂളിൽ അദ്ധ്യാപക സേവനമനുഷ്ഠിക്കുന്ന കാലയളവിലാണ് അമേരിക്കയിൽ കടന്നുവരുന്നത്. ബെഥേൽ ബൈബിൾ കോളജ്, എസ്.എ.ബി.സി ബാംഗ്ലൂർ, യുബിസി, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ പഠനം നടത്തി. ബിടിഎച്ച്, ബിഡി ബിരുദങ്ങൾ നേടിയിട്ടുണ്ട്. 1979-ൽ അമേരിക്കയിൽ എത്തുകയും ആ വർഷംതന്നെ മൂന്നു കുടുംബങ്ങളോടു കൂടി യോങ്കേഴ്സിൽ പാസ്റ്റർ ജോയ് പി. ഉമ്മന്റെ ആശീർവാദത്തോടു കൂടി ആരംഭിച്ച ഇന്ത്യൻ അസംബ്ലി ഓഫ് ഗോഡ് യോങ്കേഴ്സ്, തന്റെ പരിശ്രമത്തിൽ ഉണ്ടായ കൂട്ടായ്മയാണ്. ക്യൂൻസ് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് സഭയും തന്റെ പ്രാർത്ഥനയുടെ ഫലത്താൽ ഉളവായിട്ടുള്ളതാണ്. എവിടെപ്പോയാലും തന്റെ കോട്ടിന്റെ പോക്കറ്റിൽ നിറയെ ലഘുലേഖകൾ കരുതിവെക്കും. എവിടെവെച്ച് അവസരം കിട്ടിയാലും ലഘുലേഖ വിതരണം ചെയ്യുവാനും കർത്താവിനെക്കുറിച്ച് പറയുവാനും തനിക്ക് ഒരു മടിയുമുണ്ടായിരുന്നില്ല. വളരെ ചെലവ് ചുരുക്കിയുള്ള, ആർഭാടമോ, പൊങ്ങച്ചമോ ഇല്ലാത്ത ഒരു ലളിതജീവിതത്തിന്റെ ഉടമയായിരുന്നു പരേതൻ. വളരെ വർഷങ്ങൾ അപ്പാർട്ടുമെന്റിനുള്ളിൽ ഞെങ്ങി ഞെരുങ്ങി താമസിക്കുമ്പോഴും അനേകം സന്ദർശകരായ കർത്താവിന്റെ ദാസന്മാരെ കൂടെ താമസിപ്പിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നതിൽ താനും തന്റെ സഹധർമ്മിണിയും മക്കളും ഉത്സാഹികളായിരുന്നു.


പാസ്റ്റർ എം.എസ്. മത്തായി

ഉപദേശവും ജീവിതവും തമ്മിൽ പൊരുത്തക്കേടുള്ള അനേകരുടെ നടുവിൽ പ്രസംഗവും പ്രവൃത്തിയും ഒരുപോലെ സന്തുലനാവസ്ഥയിൽ നിലനിർത്തി പെന്തെക്കോസ്ത് സത്യങ്ങളിൽ അടിയുറച്ച് വിശ്വസിച്ചിരുന്ന ഒരു അനുഗൃഹീത ദൈവഭക്തന്റെ വേർപാട് നമ്മുടെ സമൂഹത്തിന് ഒരു തീരാനഷ്ടമാണ്. തന്റെ ദേഹവിയോഗം പെന്തെക്കോസ്ത് സമൂഹത്തിനു വേദന ഉളവാക്കുന്നതെങ്കിലും തന്നിൽക്കൂടി ദൈവം ആരംഭിച്ച ദൈവസഭകൾ ഒരു അഭിമാനമായി നിലകൊള്ളും. ദൈവവേലയെ സ്നേഹിച്ചു, ദൈവത്തിൽ മാത്രം ആശ്രയിച്ച്, പരിശോധനാ ഘട്ടങ്ങളിൽ തളർന്നുപോകാതെ നിൽക്കുന്ന ഭക്തന്മാരെയും അവരുടെ തലമുറകളെയും ദൈവം ഒരിക്കലും മറക്കില്ല.

ആരെയും നിസ്സാരരായി താൻ കണ്ടിരുന്നില്ല. താഴ്മയുള്ളവർ കനിവുള്ളവരും മറ്റുള്ളവരെ മാനിക്കുന്നവരും ആയിരിക്കണമെന്ന സാക്ഷ്യമാണ് തന്റെ ജീവിതത്തിൽ കൂടി വെളിപ്പെടുത്തിയത്. ആരെയും ആകർഷിക്കുന്ന ഒരു വിനയഭാവം തന്റെ ഒരു പ്രത്യേകത തന്നെയായിരുന്നു. ആരംഭത്തേക്കാൾ നല്ലൊരന്ത്യം പ്രാപിച്ചു ദൈവസന്നിധിയിൽ പ്രവേശിച്ച ബഹുമാന്യ കർത്തൃദാസന്റെ കുടുംബാംഗങ്ങളെ കർത്താവ് ആശ്വാസംകൊണ്ട് നിറയ്ക്കട്ടെ! ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെയും സഹോദരങ്ങളെയും സുഹൃത്തുക്കളെയും ദൈവം തന്റെ സമാധാനം കൊണ്ട് നിറയ്ക്കട്ടെ.


ലേഖകൻ

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 85.70 |
| യൂറോ | 100.52 |
| സ്റ്റെർലിംഗ്പൗണ്ട് | 116.66 |
| സ്വിസ് ഫ്രാങ്ക് | 107.47 |
| സിംഗപ്പൂർ ഡോളർ | 66.94 |
| കനേഡിയൻ ഡോളർ | 62.70 |
| ഒമാൻ റിയാൽ | 223.10 |
| ബഹ്റൈൻ ദിനാർ | 227.09 |
| സൗദി റിയാൽ | 22.85 |
| യു.എ.ഇ. ദിർഹം | 23.33 |
| കുവൈത്ത് ദിനാർ | 280.66 |

# ചിക്കാഗോയിൽ സി.എം.എൽ ഫുട്ബോൾ മത്സരം

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിലെ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ജോസഫ് വാച്ചാച്ചിറ മെമ്മോറിയൽ ഫുട്ബോൾ മത്സരം ആവേശമുണർത്തി. ക്ലമന്റ് നാരമംഗലം, റാം താന്നിച്ചുവട്ടിൽ എന്നീ ക്യാപ്റ്റന്മാരുടെ നേതൃത്വത്തിലുള്ള ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്.

ലിൻസ് താന്നിച്ചുവട്ടിൽ

മിഷൻലീഗ് കോ-ഓർഡിനേറ്റർ ആൻസി ചേലയ്ക്കൽ, ജൂബിൻ പണിക്കശേരിൽ, ലിജോ മുണ്ടപ്ലാക്കിൽ, ജോബിൻ പറമ്പടത്തുമലയിൽ, സിറിയക് കീഴങ്ങാട്ട് എന്നിവർ മത്സരത്തിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി. ഏയ്ഡൻ കീഴങ്ങാട്ട് റഫറിയായിരുന്ന മത്സരത്തിൽ നെവിൻ പണിക്കശ്ശേരിൽ, ജോസഫ് മുളയാനിക്കുന്നേൽ എന്നിവർ ഹാട്രിക് നേടി. ക്ലമന്റ് നാരമംഗലം ക്യാപ്റ്റനായ ഗ്രീൻ ടീമാണ് മത്സരത്തിൽ വിജയിച്ചത്.

ഇടവകയുടെ കുഞ്ഞുമിഷനറിമാരുടെ കായികവളർച്ചയ്ക്ക് അവസരമൊരുക്കിയ ഏവരെയും ഇടവക വികാരി ഫാ. തോമസ് മുളവനാൽ അഭിനന്ദിച്ചു. അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ സമ്മാനദാനം നടത്തി.








# ലോക പെന്തെക്കോസ്ത് സമ്മേളനം ഉണർവ്വിന് ആഹ്വാനം

സ്റ്റാൻലി ജോർജ്






ഫിൻലന്റ്: ലോകരാജ്യങ്ങളിൽ നിന്നുള്ള പതിനായിരങ്ങൾ വർഗ്ഗ വർണ്ണ വ്യത്യാസങ്ങളെ തകർക്കുന്ന ദൈവവചനത്തിന്റെ മറവിൽ പരിശുദ്ധാത്മ ശക്തിയുടെ നിറവിൽ ദൈവത്തിന് ഉത്സവം ആചരിച്ചു.

27-ാമത് ലോക പെന്തെക്കോസ്ത് സമ്മേളനം, ലോകസുവിശേഷീകരണത്തിനും ഉണർവ്വിനും പരിശുദ്ധാത്മാവിന്റെ ശക്തിയും അനുഗ്രഹവും ആഗോളസഭകളിൽ കൂടുതലായി പകരപ്പെടണമെന്ന ആഹ്വാനത്തോടും വൻ പ്രതീക്ഷയോടും ഹെൽസിങ്കിയിൽ സമാപിച്ചു. കോൺഫറൻസ് ചെയർമാൻ ഡോ. വില്യം എം. വിൽസൺ, പാസ്റ്റർ റിക്ക് വാറൻ, ഡോ. യംഗൂൺ ലീ, പാസ്റ്റർ റസ്സൽ ഇവാൻസ് തുടങ്ങിയവർ പ്രസംഗകരായിരുന്നു.

ആഗോള പ്രശ്നങ്ങളുടെ പരിഹാരത്തിനും ലോകസുവിശേഷീകരണത്തിനും സാർവ്വ ലൗകിക ഉണർവ്വിനും സഭകൾക്ക് എന്തു ചെയ്യുവാൻ കഴിയുമെന്നതിനെക്കുറിച്ച് ചർച്ചകളും സെമിനാറുകളും നടന്നു. പങ്കെടുത്തവർക്കും തങ്ങളുടെ ശുശ്രൂഷകളിൽ ഒരു പുത്തൻ ആവേശവും ചൈതന്യവും നല്കുന്നതിൽ ലോകസമ്മേളനം വിജയകരമായിരുന്നു.

ഒരു ഉപദേശക സമിതി ഒഴികെ യാതൊരു ഔപചാരികതയും ലോക പെന്തെക്കോസ്ത് സമ്മേളനത്തിനില്ല.



1947-ൽ സൂറിച്ചിൽ ആരംഭിച്ച ലോക സമ്മേളനത്തിൽ എല്ലാ പെന്തെക്കോസ്ത് വിഭാഗങ്ങളും ഒന്നിച്ചു സഹകരിക്കുന്നു. ഇന്ത്യയിൽ നിന്നും ഉപദേശക സമിതിയിലേക്ക് പ്രതിനിധിയായി ഡോ. സുദർശൻ കൊമനപ്പള്ളി തെരഞ്ഞെടുക്കപ്പെട്ടു. 28-ാമത് ലോക പെന്തെക്കോസ്ത് സമ്മേളനം 2028 നവംബർ ഒന്നു മുതൽ മൂന്നു വരെ ഫിലിപ്പീൻസിലെ മലിനയിൽ നടക്കുമെന്ന് സെക്രട്ടറിയും കൊറിയൻ സിയോൾ ഫുൾ ഗോസ്പൽ ചർച്ച് പാസ്റ്ററുമായ ഡോ. യംഗൂൺ ലീ അറിയിച്ചു.

# വായുമലിനീകരണം: കുഞ്ഞുങ്ങൾ മാസം തികയാതെ ജനിക്കുന്നു

ന്യൂഡൽഹി: ഇന്ത്യയിൽ 13 ശതമാനം ശിശുക്കൾ മാസം തികയാതെയും 17 ശതമാനം ശിശുക്കൾ ഭാരക്കുറവോടെയും ജനിക്കുന്നതായി കേന്ദ്ര ആരോഗ്യ സർവേ റിപ്പോർട്ട്. ഗർഭകാലത്ത് അമ്മ അനുഭവിക്കുന്ന വായുമലിനീകരണമാണ് ഈ അവസ്ഥയ്ക്കു കാരണമെന്നാണ് സർവേ വ്യക്തമാക്കുന്നത്. മഴ, താപനില തുടങ്ങിയ കാലാവസ്ഥാ സാഹചര്യങ്ങൾക്കും ഈ അവസ്ഥയുമായി നേരിട്ട് ബന്ധമുണ്ടെന്നും സർവേ ചൂണ്ടിക്കാട്ടുന്നു.

ഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മുംബൈയിലെ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോപ്പുലേഷൻ സയൻസസ്, യുകെയിലെയും അയർലൻഡിലെയും ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയവയിൽനിന്നുള്ള വിദഗ്ധസംഘം ആരോഗ്യ സർവേ വിശകലനം ചെയ്താണ് കണ്ടെത്തലുകൾ നടത്തിയിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ നാഷണൽ ഫാമിലി ഹെൽത്ത് സർവേ, റിമോട്ട് സെൻസിംഗ് ഡാറ്റ തുടങ്ങിയവയാണ് വിശകലനത്തിനായി ഉപയോഗിച്ചത്.

കാൻസറിനടക്കം കാരണമാകുന്ന പിഎം 2.5 സൂക്ഷ്മ കണികാ പദാർത്ഥം ഉൾപ്പെടുന്ന വായു ശ്വസിക്കുന്നത് മാസം തികയാതെയുള്ള ജനനത്തിനും നവജാതശിശുക്കളിൽ ഭാരക്കുറവിനും കാരണമാകുമെന്ന് പഠനം വ്യക്തമാക്കുന്നു. ഉത്തർപ്രദേശ്, ഡൽഹി, ഉത്തരാഖണ്ഡ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിലാണ് പിഎം 2.5 സൂക്ഷ്മ കണികാ പദാർത്ഥം ഉൾപ്പെടുന്ന വായു കൂടുതലായും കാണപ്പെടുന്നത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഈ കണിക പൊതുവെ കുറവാണ്. 2019-ൽ ആരംഭിച്ച സർവേയുടെ ഫലമാണ് വിശകലനത്തിന് വിധേയമാക്കിയത്.



# ZUMBA CHAOS IN KERALA SCHOOLS

**Dr. Mathew Joys**

A new educational initiative in the southern Indian state of Kerala has drawn fire from religious leaders after the government introduced Zumba classes in public schools.

Some clerics equated Zumba to "lewd and skimpily clad DJ party dancing" on social media. They ruled that the exercise format violated the lifestyle regulations codified in Islamic law and undermined family and religious values. Excercing boys and girls together, as per some religious thinkers, will spoil the cultural value and give them freedom to free fellowship!

Such objections, rather than improving the education sector, will inject a poison more potent than drugs into society, fostering communalism and division

What is being held in schools is a short physical fitness programme. Students are performing Zumba in their uniforms.

What is after all this Zumba?

Zumba is a fitness program that combines Latin and international music with dance moves, offering a fun and effective workout.

Zumba is a form of fitness that combines dance and aerobics. There is no doubt that this exercise method that combines dance and music will be very beneficial for the mental health of children.

This is a simple method that encourages even those who are reluctant to exercise to exercise. It is a dance with short steps accompanied by lively music. Its special feature is that this exercise can be done by people of any age and can be done without straining.

There is no need to worry about the government's directive to train Zumba in schools to divert children from the clutches of addiction. It is like a sports entertainment, and no need to raise an outcry against it. It would be good for scholars to think a little about the need to increase physical fitness in addition to providing education to Muslim girls. This is not the old days, the days when women were told to sit in the house instead of going to Kullu Manali and playing in the snow, the days when women's freedom was denied in the name of religion are long gone.

Therefore, women empowerment is not limited to words but is a very beneficial exercise for our children, so encourage it. The steps in this are designed to suit each part of the body. There will be 11 to 13 songs in the one-hour training. The songs come in alternating high and low rhythms.



Dr. Mathew Joys, Las Vegas

The variation in rhythm is based on heart health. Special attention is also paid to the health of the muscles of the arms and legs. This is important for those who work sitting all day. There are special steps for the waist, hips and stomach. Zumba training is conducted in many places in three classes a week. The training begins with a warm-up that lasts up to 15 minutes. The warm-up is a warm-up to get the body into the rhythm of the dance. Finally, there will be a cool-down step for up to 10 minutes. Some people also offer floor exercises one day a week. This is aimed at those who want to lose weight, lose arm fat, etc.

Zumba can improve mental health along with physical health. Since it includes dance and music, it can help reduce stress by increasing the production of happy hormones in the body. This exercise is also helpful in redirecting children's energy.

In addition to improving thinking skills, memory, and concentration, it can help overcome depression and reduce the stress of studying. It can increase the amount of sleep and reduce obesity. Since it is a group exercise, it can also increase teamwork, leadership skills, and self-confidence.

It is also an excellent cardiovascular exercise. Zumba can burn 500 to 700 calories from the body in an hour. Trainers say that Zumba is the best way to lose weight even for the elderly. Zumba will not only help you lose weight but also keep your body fit. Fats in all parts of the body will be reduced. It will refresh the body and mind. There is no better way to reduce mental stress and work pressure. You can set aside 45 minutes to an hour for dancing.

Zumba improves health and increases overall immunity. Zumba helps the heart and other organs function properly by improving blood flow.

It will help you achieve healthy and beautiful skin and maintain youth. When dancing, the body sweats and waste is eliminated through it. This helps maintain youth. Acne and wrinkles will disappear.

Age is not an issue in Zumba. It has steps that are suitable for different ages. Elderly people cannot have the agility of a seventeen-year-old. Zumba can reduce body strain and ensure mobility. Elderly people are trained according to their health problems and physical condition. The exercise time is also prescribed taking into account the health and body type of each person.

"Enjoy your body, use it every way you can use it, Don't be afraid of it, or what other people think of it".

# സേവ്യർ ഖാൻ വട്ടായിൽ അച്ചൻ നയിക്കുന്ന കൺവൻഷൻ

ഓസ്റ്റിൻ: ഫാ. സേവ്യർ ഖാൻ വട്ടായിൽ നയിക്കുന്ന മൂന്നാം ശനി ഏകദിന കൺവൻഷൻ ജൂലൈ 19-ന് ശനിയാഴ്ച ഓസ്റ്റിനിൽ നടത്തപ്പെടുന്നു. രാവിലെ പത്ത് മണിക്ക് ആരംഭിക്കുന്ന ശുശ്രൂഷ മുഴവൻ സമയവും വട്ടായിലച്ചനാണ് നയിക്കുന്നത്. വൈകുന്നേരം നാലിന് ശുശ്രൂഷകൾ സമാപിക്കും. കൺവൻഷനിൽ പ്രവേശനം സൗജന്യമാണ്. ഉച്ചഭക്ഷണം ഉണ്ടായിരിക്കുന്നതാണ്.




കൺവൻഷൻ സമയത്ത് സ്പിരിചൽ ഷെയറിംഗിനും കുമ്പസാരത്തിനും പ്രത്യേക സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൺവൻഷനിൽ കുട്ടികൾക്കായി പ്രത്യേക ശുശ്രൂഷകളും നടത്തപ്പെടും. കൺവൻഷന്റെ പൊതുവായ ശുശ്രൂഷകൾക്ക് ശേഷം സേവ്യർ ഖാൻ വട്ടായിലച്ചനെ വ്യക്തിപരമായി കണ്ട് പ്രാർത്ഥിക്കുന്നതിന് അവസരം ഉണ്ടായിരിക്കും. അന്ന് കാണാൻ സാധിക്കാത്തവർക്ക് കൺവൻഷന്റെ പിറ്റെ ദിവസമായ ഞായറാഴ്ച (ജൂലൈ 20) അച്ചനെ കണ്ട് പ്രാർത്ഥിക്കാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. PDM Renewal Centre, Austin (Texas, USA) ലെ ശുശ്രൂഷകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ബ്രദർ ഫെലിക്സ് + 1 832 758 1080, ജയ്മോൾ ജിജി +1 954 604 7092.

# ഐപിസി കർണാടക സ്റ്റേറ്റിന് പുതിയ നേതൃത്വം

**ചാക്കോ കെ. തോമസ്, ബെംഗ്ളൂരു**

ബെംഗ്ളൂരു: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ (ഐപിസി) കർണാടക സംസ്ഥാന പ്രസിഡണ്ടായി പാസ്റ്റർ ഡോ. വർഗീസ് ഫിലിപ്പ്, സെക്രട്ടറി പാസ്റ്റർ വർഗീസ് മാത്യു എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

പാസ്റ്റർ കെ.വി. ജോസ് (വൈസ് പ്രസിഡണ്ട്), ബ്രദർ പി.പി. പോൾസൺ (ജോ. സെക്രട്ടറി), ബ്രദർ സജി തോമസ് പാറേൽ (ട്രഷറർ) എന്നിവരാണ് മറ്റ് ഭാരവാഹികൾ. ശുശ്രൂഷകരും വിശ്വാസികളുമായി 24 പേരെ എക്സിക്യൂട്ടീവ് അംഗങ്ങളായും തെരഞ്ഞെടുത്തു.



പാസ്റ്റർ ഡോ. വർഗീസ് ഫിലിപ്പ്



പാസ്റ്റർ വർഗീസ് മാത്യു



ബ്രദർ സജി തോമസ് പാറേൽ



ബ്രദർ പി.പി. പോൾസൺ



പാസ്റ്റർ കെ.വി. ജോസ്

എതിരില്ലാതെ തെരഞ്ഞെടുത്ത പുതിയ ഭാരവാഹികളുടെ പേരുകൾ ഇലക്ഷൻ കമ്മീഷണർ ബ്രദർ പി.വി. മാത്യൂസ് പ്രഖ്യാപനം നടത്തി. ഹൊറമാവ് അഗര ഐപിസി ഹെഡ്ക്വാർട്ടേഴ്സ് ഹാളിൽ ജൂലൈ ഒന്നിനു നടന്ന തെരഞ്ഞെടുപ്പ് യോഗത്തിൽ അഡ്ഹോക്ക് കമ്മിറ്റി ചെയർമാൻ ഡോ. കാച്ചാണത്ത് വർക്കി അദ്ധ്യക്ഷനായിരുന്നു.

ഐപിസി ദേശീയ പ്രസിഡണ്ട് പാസ്റ്റർ ടി. വത്സൻ ഏബ്രഹാം എക്സിക്യൂട്ടീവ് അംഗങ്ങൾക്കും കൗൺസിൽ അംഗങ്ങൾക്കും സത്യപ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. ജനറൽ സെക്രട്ടറി പാസ്റ്റർ ബേബി വർഗീസ് അനുഗ്രഹപ്രാർത്ഥനയും നടത്തി. പാസ്റ്റർമാരായ കെ.പി. കുര്യൻ, വിത്സൺ ജോസഫ്, ജോൺ ജോസഫ്, റ്റി.ജെ. ബെന്നി, എം.ഐ. ഈപ്പൻ എന്നിവർ ആശംസകൾ അറിയിച്ചു. സഭാ പ്രതിനിധികളും ശുശ്രൂഷകരുമായി മുന്നൂറോളം പേർ പങ്കെടുത്തു.

പുതിയ ഭരണസമിതി കർണാടക ഐപിസിയുടെ സുവിശേഷീകരണത്തിനായി 8 കോടി രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്ത ബജറ്റ് പ്രസിഡണ്ട് ഡോ. പാസ്റ്റർ വർഗീസ് ഫിലിപ്പ് അവതരിപ്പിച്ചു. പാസ്റ്റർ വർഗീസ് മാത്യു നന്ദിയും സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ റ്റി.ഡി. തോമസ് സമാപന പ്രാർത്ഥനയും നടത്തി. ബ്രദർ പി.വി. മാത്യൂസ് ഇലക്ഷൻ കമ്മീഷണറും പാസ്റ്റർ കെ.പി. ജോർജ് റിട്ടേണിംഗ് ഓഫീസറും ബ്രദർ എബി ജോർജ് ഇലക്ഷൻ ഓഫീസറുമായിരുന്നു.

കഴിഞ്ഞ മെയ് ഒന്നിന് സ്റ്റേറ്റ് കൗൺസിൽ ഭാരവാഹികളുടെയും അംഗങ്ങളുടെയും തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിരുന്നു.

എന്നാൽ, ഐപിസിയിലെ ഒരു പാസ്റ്ററുടെ പരാതിയെത്തുടർന്ന് കോടതി താൽക്കാലികമായി ഇലക്ഷൻ മരവിപ്പിച്ചിരിക്കുകയായിരുന്നു. പിന്നീട് ഇലക്ഷൻ കമ്മീഷണറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ കർണാടക സ്റ്റേറ്റ് പ്രവർത്തനങ്ങൾക്ക് ജനറൽ കൗൺസിൽ അഡ്ഹോക്ക് കമ്മിറ്റിയെ നിയമിച്ചിരുന്നു.

# SEEKING BRIDEGROOM

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented.
If interested, please email:
**medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

# SEEKING BRIDE

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email :- **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## SEEKING BRIDEGROOM CONTD.....


# നിര്യാതരായി

## കെ.സി. ചാക്കോ

**കുറുപ്പന്തറ:** കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ പഴയിടത്ത് കെ.സി. ചാക്കോ (87) അന്തരിച്ചു. ഭാര്യ ഞീഴൂർ കണ്ണികുളത്തേൽ മറിയക്കുട്ടി. മക്കൾ: വത്സമ്മ, സജി, റെജീന (യുഎസ്), ജോസ് (മസ്കറ്റ്), മോൾജീന (യുഎസ്). മരുമക്കൾ: ബേബി നീർണ്ണാംതൊട്ടിയിൽ തൊടുപുഴ, മോൾസി കുമ്പലക്കോട്ട് തോട്ടറ, ബിജോ കാരക്കാട്ട് കൈപ്പുഴ, ജോളി നെടിയകാല ഞീഴൂർ, മാത്യു തട്ടാമറ്റം കരിങ്കുന്നം.

**കോതമംഗലം:** മാർ അത്തനേഷ്യസ് കോളജ് ഓഫ് എൻജിനീയറിങ് സിവിൽ എൻജിനീയറിങ് വിഭാഗം മുൻ മേധാവി കാഞ്ഞിക്കാമുണ്ടകത്തിൽ ഡോ. കെ.കെ. പുന്നൂസ് (82) അന്തരിച്ചു.

## കെ.വി. ജോസഫ്



**തായങ്കരി:** ചെറുപുഷ്പാലയം കവലയ്ക്കൽ കെ.വി. ജോസഫ് (കുട്ടപ്പൻ സാർ-95) അന്തരിച്ചു. പരേതൻ പൂഞ്ഞാർ സെ. ആന്റണീസ്, ചമ്പക്കുളം സെ. മേരീസ്, എടത്വ സെ. അലോഷ്യസ് സ്കൂളുകളിൽ അധ്യാപകനായും കോൺഗ്രസ് എടത്വാ മണ്ഡലം പ്രസിഡണ്ട്, രാമങ്കരി-എടത്വ-ചമ്പക്കുളം റോഡ് സമ്പാദകസമിതി പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ നാലുകോടി കളത്തിൽപറമ്പിൽ മേരിക്കുട്ടി. മക്കൾ: ജോസ് ജോർജ് (സാലിച്ചൻ-ചിക്കാഗോ), ആൻസി ജോസ് (പൂന), ബൻസി ജോസ് (ആലപ്പുഴ), ജിയോ ജോസ് (സാജൻ-തായങ്കരി). മരുമക്കൾ: എൽസി സിറിയക് ചിറയിൽ, പാലപ്പറമ്പിൽ (യുഎസ്), ജോസഫ് തോമസ് ഉഷിണിയിൽ, നാലുകോടി, പരേതനായ കെ.വി. ജോസഫ് കുന്നത്തുകുഴി, കളർകോട്), ലിൻസി തോമസ് കൊല്ലന്തറ (മങ്കോമ്പ്).

**കുറുമുള്ളൂർ:** തിരുവനന്തപുരം ഓളിയിൽ പരേതനായ പി.സി. വിൻസെന്റിന്റെ (മുൻ ചീഫ് ഫിസിയോ തെറാപ്പിസ്റ്റ് ശ്രീചിത്ര) ഭാര്യയും ഹൗസിങ് ബോർഡ് മുൻ ഉദ്യോഗസ്ഥയുമായ പി.ജി. ആനിയമ്മ (72) അന്തരിച്ചു.

**മല്ലപ്പള്ളി:** പണിക്കമുറിയിൽ ഏബ്രഹാം പി. ജോൺ (ബാബു-78) അന്തരിച്ചു.

**റാന്നി:** സെ. തോമസ് കോളജ് മുൻ മാനേജിങ് ട്രസ്റ്റി മുണ്ടുകോട്ടയ്ക്കൽ ഏബ്രഹാം സ്റ്റീഫൻ (വിജു-65) അന്തരിച്ചു.

## ആൻസിമോൾ സി. ജേക്കബ്



**ന്യൂയോർക്ക്:** കാൻസാസ് റെഡീമർ സിഎസ്ഐ ചർച്ച് മുൻ വികാരിയും പൊൻകുന്നം ചേരിയിൽ കുടുംബാംഗവുമായ റവ. ജേക്കബ് സി. ഫിലിപ്പിന്റെ പത്നിയുമായ ആൻസിമോൾ സി. ജേക്കബ് (72) ന്യൂയോർക്കിലെ ലോങ്ഐലൻഡിൽ അന്തരിച്ചു. കോട്ടയം കഞ്ഞിക്കുഴി കണിയാംകുളം പരേതനായ കെ.കെ. കുരുവിളയുടെയും സാറാമ്മ കുരുവിളയുടെയും പുത്രിയാണ്. മക്കൾ: നുബു ഫിലിപ്പ് ജേക്കബ്, നുജു കുരുവിള ജേക്കബ്, നിട്ടു മാത്യു ജേക്കബ്. മരുമക്കൾ: എലിസബത്ത് ജേക്കബ്, ഫ്രെനി ഡയാന ജേക്കബ്, അനു മറിയാമ്മ ഈശോ. സഹോദരങ്ങൾ: ഷാജൻ കുരുവിള, ഷീല മാത്യു, സുനുമോൾ തോമസ് ജോൺ.

**തിരുവാർപ്പ്:** മുക്കാഞ്ഞിരത്തിൽ പരേതനായ എം.സി. ചാക്കോ (റിട്ട. എസ്ബിടി ഉദ്യോഗസ്ഥൻ)യുടെ ഭാര്യ തങ്കമ്മ ചാക്കോ (80) അന്തരിച്ചു.

## കെ.വി. ചെറിയാൻ

**കൊച്ചി:** ആർമി റിട്ട. ഉദ്യോഗസ്ഥൻ മാമംഗലം കുന്നേത്തറ ബറാക് ഭവനിൽ കെ.വി. ചെറിയാൻ (96) അന്തരിച്ചു. ഭാര്യ മേപ്രത്ത് പരേതയായ റോസമ്മ. മക്കൾ: സജി ചെറിയാൻ, കെ.സി. ജോസഫ്, മോളി സൂസന്ന സെബാസ്റ്റ്യൻ (യുഎസ്), സാറാമ്മ മാത്യു, മേരി റെജി ഡാനിയേൽ, പരേതനായ സുനിൽ വർഗീസ്. മരുമക്കൾ: ബീന സജി, ആനി ജോസഫ്, ഡോ. സിബി സെബാസ്റ്റ്യൻ (യുഎസ്), മാത്യു സക്കറിയ (ബെംഗ്ളൂരു), റെജി ഡാനിയേൽ, പരേതയായ മേബിൾ വർഗീസ്.

## പി.എൻ. സുരേന്ദ്രൻ

**തിരുവനന്തപുരം:** ഫോറസ്റ്റ്സ് റിട്ട. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ പി.എൻ. സുരേന്ദ്രൻ (86) അന്തരിച്ചു. ഭാര്യ പരേതയായ സി. സീതാലക്ഷ്മി. മക്കൾ: മഹേഷ് സുരേന്ദ്രൻ, മീനു സുരേന്ദ്രൻ (ഇരുവരും യുഎസ്), മനോജ് സുരേന്ദ്രൻ (ഐഎസ്ആർഒ). മരുമക്കൾ: സുനിത, ജോൺ സ്റ്റെല്ല (ഇരുവരും യുഎസ്), ക്ലോമി.

**കല്പറ്റ:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹത്തിലെ മാനന്തവാടി സെ. മേരീസ് പ്രോവിൻസ് അംഗമായ സിസ്റ്റർ പെലാജിയ (92) അന്തരിച്ചു.

## സി.സി. ജോസഫ്

**അരീക്കര:** ചിറക്കുഴി പുത്തൻപുരയിൽ (കാരാമക്കുഴിയിൽ) സി.സി. ജോസഫ് (92) അന്തരിച്ചു. ഭാര്യ ചുങ്കം കുന്നപ്പിള്ളിൽ പരേതയായ മറിയക്കുട്ടി ജോസഫ്. മക്കൾ: ജോമോൻ, ഷാജി, സണ്ണി, സാബു (യുഎസ്), സിബി, ജെയിംസ്, ജെയിൻ (യുഎസ്), സ്റ്റീഫൻ (മുംബൈ), ആൽബി (യുകെ), സിനി (കാരിത്താസ്). മരുമക്കൾ: ഷൈനി തയ്യിൽ പുത്തൻപുരയിൽ കോട്ടയം, ത്രേസ്യാമ്മ മണിയലയിൽ മാഞ്ഞൂർ, ഐസി വെൺമേലിൽ ഉഴവൂർ, മിനി പ്ലാക്കൂട്ടത്തിൽ (യുഎസ്), ബിനി പീടികയിൽ കുമരകം, ജോണി മാറികവീട്ടിൽ (യുഎസ്), ജോസി കുന്നേൽ (മുംബൈ), ജെഫ്രിൻ മുട്ടത്തിൽ (യുകെ), ടിസൺ പള്ളിപ്പുറത്ത് (ജർമനി).

## ചിന്നമ്മ പൗലോസ്




**ഓണക്കൂർ:** ടാമ്പ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച് വികാരി വെരി റവ. ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പയുടെ മാതാവും വാളനടിയിൽ പരേതനായ ടി.എസ്. പൗലോസിന്റെ സഹധർമ്മിണിയുമായ ചിന്നമ്മ പൗലോസ് (94) അന്തരിച്ചു. പിറമാടം ഇടപ്പാലക്കാട്ട് കുടുംബാംഗമാണ്. മറ്റുമക്കൾ: സരോ ബോസ്, ജേക്കബ് പൗലോസ്, സഖറിയ പൗലോസ്, റോഷ് പൗലോസ്, വിനു പൗലോസ് (ഇരുവരും ബഹ്റിൻ), അനീസ് ജേക്കബ്, ജയിൻ പൗലോസ്, ജിനി ജോസ്. മരുമക്കൾ: കോതമംഗലം തേനുങ്കൽ ബോസ് വർഗീസ്, പോണ്ടിച്ചേരി ഗ്രേസ് കോട്ടേജ് ഷീബ ജോർജ്, പോത്താനിക്കാട് കുഴലനാട്ട് ബീന ജേക്കബ്, മാറാടി ചെമ്പകശേരിമറ്റത്തിൽ ആശ സഖറിയ, മുളന്തുരുത്തി കാട്ടുമങ്ങാട്ട് ഡോളി റോഷ്, കോലഞ്ചേരി വണ്ടാനത്തിൽ വി.വി. ജേക്കബ്, പുത്തൻകുരിശ് കുഴിയേലിൽ ജയ്സി ജയിൻ, കോഴിപ്പിള്ളി വെട്ടനാൽ വി.എം. ജോസ്, കോതമംഗലം കീളാചിറങ്ങര ആഷ്‌ലി വിനു.

**ഏറ്റുമാനൂർ:** കോലന്നൂർ വീട്ടിൽ പരേതരായ തോമസിന്റെയും ഫിലോമിനയുടെയും മകൻ പാലാ സെ. തോമസ് കോളജ് ഡിപ്പാർട്ടുമെന്റ് ഓഫ് കൊമേഴ്സ് (സെൽഫ് ഫിനാൻസ് എച്ച്ഒഡി) സുനിൽ തോമസ് (41) അന്തരിച്ചു.

**വൈക്കം:** തെക്കേനട ശ്രാവണത്തിൽ കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥൻ അഡ്വ. എൻ.കെ. ദിവാകരൻ (79) അന്തരിച്ചു.

## മാത്യു തോമസ് വടക്കേക്കുറ്റ്



**ഡാളസ്:** കോട്ടയം വടവാതൂർ വടക്കേക്കുറ്റ് മാത്യു തോമസ് (കുഞ്ഞുഞ്ഞച്ചൻ-88) ഡാളസിൽ അന്തരിച്ചു. കഞ്ഞിക്കുഴി പുത്തൻപറമ്പിൽ ഏലിയാമ്മ മാത്യുവാണ് ഭാര്യ. മക്കൾ: ബാബു മാത്യു, ബിനു ബെന്നി, ബിജു മാത്യു, ബിന്നി മാത്യു (എല്ലാവരും ഡാളസിൽ). മരുമക്കൾ: മേഴ്സി ബാബു, ബെന്നി ഫിലിപ്പോസ്, ജോയ്സ് ബിജു, മിനി ബിന്നി.

**കോതമംഗലം:** റിട്ട. അദ്ധ്യാപികയും സിഎംസി പാവനാത്മ പ്രോവിൻസ് കോതമംഗലം മഠാംഗവുമായ സിസ്റ്റർ അനിറ്റ (അന്നക്കുട്ടി-84) അന്തരിച്ചു.

## എൻ.ഡി. ജോസ്

**ചങ്ങനാശേരി:** എം.ജി. സർവകലാശാല റിട്ട. ജോയിന്റ് രജിസ്ട്രാർ നീലത്തുംമുക്കിൽ (സാൻജോസ്) എൻ.ഡി. ജോസ് (88) അന്തരിച്ചു. ഭാര്യ വഴിക്കടവ് പുതുപുരയ്ക്കൽ അന്നജോസ് (ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥ). മക്കൾ: ദീപ, ദീപ്തി (യുഎസ്). മരുമക്കൾ: സുനിൽ ജോൺ കോയിപ്പള്ളി (ചങ്ങനാശേരി), പ്രിൻസ് ഇല്ലിപ്പറമ്പിൽ (യുഎസ്).

## പി.സി. ഏലിയാസ്

**ചിങ്ങവനം:** പീരുമേട് ഹോപ്പ് പ്ലാന്റേഷൻസ് റിട്ട. ഉദ്യോഗസ്ഥൻ പ്ലാന്തോട്ടത്തിൽ പി.സി. ഏലിയാസ് (ബേബി-83) അന്തരിച്ചു. ഭാര്യ വാകത്താനം മരങ്ങാട്ട് ഏലിയാമ്മ. മക്കൾ: ഷെൻസി റെനി (യുഎസ്), ജേക്കബ് ഷൈൻ ഏലിയാസ്, ഷൈന്റി പി. ഏലിയാസ് (യുകെ). മരുമക്കൾ: കോട്ടയം ഇടവഴിക്കൽ റെനി ജോർജ് (യുഎസ്), ചെങ്ങളം മണലേൽചിറയിൽ ജിഷമോൾ ഏബ്രഹാം, കുഴിമറ്റം തുമ്പേപറമ്പിൽ ജീനാ തോമസ് (യുകെ).

**ചങ്ങനാശേരി:** പെരുന്ന വാക്കയിൽപറമ്പിൽ അഡ്വ. ജോസ് (എം.വി. ജോസഫ്-88) അന്തരിച്ചു.

**അങ്ങക്കര:** കരസേന റിട്ട. ഉദ്യോഗസ്ഥൻ ചക്കുപള്ളം വരയന്നൂർ സി.എം. കുര്യാക്കോസ് (സണ്ണി-63) അന്തരിച്ചു.

**സ്ലീവാപുരം:** മുടക്കാലിൽ വർക്കി ലൂക്കാ (കുഞ്ഞ്-101) അന്തരിച്ചു.


**കീഴൂർ:** പുത്തൻപുരയിൽ പി.ജെ. മാത്യുവിന്റെ ഭാര്യ ചിന്നമ്മ മാത്യു (84) അന്തരിച്ചു.

## ജേക്കബ് വർഗീസ്

**അയിരൂർ:** കനറാ ബാങ്ക് മുൻ മാനേജർ മന്നാക്കുഴിയിൽ ജേക്കബ് വർഗീസ് (കുഞ്ഞുമോൻ-81) അന്തരിച്ചു. ഭാര്യ ഓതറ ആയിക്കോട്ടെ പുത്തൻവീട്ടിൽ പരേതയായ എലിസബത്ത് ജേക്കബ്. മക്കൾ: ആൻ ജേക്കബ് (യുഎസ്), വർഗീസ് ജേക്കബ് (കൊച്ചി), മരുമക്കൾ: മല്ലപ്പള്ളി വടക്കേടത്ത് പരേതനായ ഐസക് തോമസ്, നാറാണമൂഴി അറക്കാമണ്ണിൽ ഡോ. സുജാ വർഗീസ് (മൈക്രോബയോളജിസ്റ്റ്, കൊച്ചി).

**ചങ്ങനാശേരി:** തദ്ദേശ സ്വയംഭരണവകുപ്പ് റിട്ട. സൂപ്രണ്ടിങ് എൻജിനീയർ പെരുന്ന മാവേലിൽ രഞ്ജി (61) അന്തരിച്ചു.

## ജോൺ മാത്യു



**ഡാളസ്:** തിരുവല്ല തെള്ളിയൂർ പുല്ലാട് ചിറപുറത്ത് വീട്ടിൽ ജോൺ മാത്യു (ജോണി-73) ഡാളസിൽ അന്തരിച്ചു. കരോൾട്ടൺ ബിലിവേഴ്സ് ബൈബിൾ ചാപ്പൽ സഭാംഗമായിരുന്നു. ഭാര്യ ആനി മാത്യു തടിയൂർ കാര്യാലിൽ കുടുംബാംഗം. മക്കൾ: ബെൻ മാത്യു, സ്റ്റാൻ മാത്യു. മരുമക്കൾ: ജൂലി, ക്രിസ്റ്റീൻ.

**കാഞ്ഞിരമറ്റം:** സാമൂഹികക്ഷേമവകുപ്പ് (എറണാകുളം) റിട്ട. പ്രോജക്ട് ഓഫീസർ വടക്കേമുറിയിൽ മേരി ജോസഫ് (90) അന്തരിച്ചു.

## ജോസഫ് തോമസ്

**വെള്ളിയാമറ്റം:** പുതിയിടത്ത് ജോസഫ് തോമസ് (കുഞ്ഞപ്പൻ-105) അന്തരിച്ചു. ഭാര്യ മേരിലാൻഡ് വരിക്കമാക്കൽ പരേതയായ റോസമ്മ. മക്കൾ: തോമാച്ചൻ, റോസമ്മ ജോസഫ്, സിസ്റ്റർ മേരി ടോം (ഹോളിഫാമിലി ഹോസ്പിറ്റൽ മുതലക്കോടം), സിസ്റ്റർ എത്സ ടോം (വികാരി ജനറൽ എസ്എച്ച് ജനറലേറ്റ് കോട്ടയം), വത്സമ്മ (യുകെ), മാത്യൂസ് (കാനഡ), സിസിലി (യുഎസ്), സൂസല്ലി, പരേതരായ പാപ്പച്ചൻ, സിസ്റ്റർ തെരേസ് ടോം. മരുമക്കൾ: ഇളംദേശം ഇടയാൽ അന്നക്കുട്ടി, മണ്ണുത്തി വട്ടക്കാവുങ്കൽ ലൂസി, വെട്ടിമറ്റം ചെരുവിൽ മോളി, വെള്ളിയാമറ്റം കിഴക്കേക്കര കൊച്ചുമറ്റം ടോമി, ജോയി ചെഞ്ചേരിൽ (യുഎസ്), ജാൻസി പ്ലാംപറമ്പിൽ, ലൂക്കോസ് മഞ്ഞലാമലയിൽ (ഇരുവരും കാനഡ).

**കുറുപ്പന്തറ:** മണിയത്തടത്തിൽ വർക്കി ഉലഹന്നാൻ (അപ്പച്ചൻ-75) അന്തരിച്ചു.

## മാർ ജോസഫ് പണ്ടാരശേരിലിന്റെ മാതാവ് ഏലിക്കുട്ടി

**കോട്ടയം:** കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരിലിന്റെ മാതാവ് ഏലിക്കുട്ടി ചാക്കോ (100) അന്തരിച്ചു. ഭർത്താവ് പരേതനായ ചാക്കോ. മറ്റുമക്കൾ: അച്ചാമ്മ, മേരി, സിസ്റ്റർ ജാകിലിൻ, പരേതയായ ഗ്രേസി, സിസിലി, റോസമ്മ, മാത്യൂസ്, നിർമ്മല.

## സൗദാമിനിക്കുഞ്ഞമ്മ

**തിരുവല്ല:** റിട്ട. അദ്ധ്യാപിക പാലിയേക്കര വടക്ക് മാഞ്ഞൂർ ബിൽഡിങ്ങിൽ ജെ. സൗദാമിനിക്കുഞ്ഞമ്മ (തങ്കം-92) അന്തരിച്ചു. ഭർത്താവ് പരേതനായ ഡോ. എം.പി. രാഘവൻപിള്ള. മക്കൾ: എം.എസ്. മാലിനിക്കുഞ്ഞമ്മ, എം.ആർ. പ്രദീപ്, എസ്. ശാലിനിക്കുഞ്ഞമ്മ (ഇരുവരും യുഎസ്). മരുമക്കൾ: നീല പ്രദീപ് (യുഎസ്), രാധാകൃഷ്ണപണിക്കർ, കാര്യമുട്ടം മോഹനചന്ദ്രപണിക്കർ (യുഎസ്).

**മീനടം:** മണ്ഡലം മുൻ കോൺഗ്രസ് പ്രസിഡണ്ടും മുൻ അദ്ധ്യാപകനും തോട്ടയ്ക്കാട് പുളിയൻമാക്കൽ കുടുംബാംഗവുമായ കുഴിയാത്ത് സി.വി. വർഗീസ് (95) അന്തരിച്ചു.

## ബേബി ജോർജ്



**ഡാളസ്:** കായംകുളം കാപ്പിൽ കാരികുറ്റിയിൽ പരേതനായ റവ.ഡോ. കെ.എസ്. ജോർജിന്റെ പത്നി കോട്ടയം താഴത്തങ്ങാടി പത്തിൽ കുടുംബാംഗമായ ബേബി ജോർജ് (90) ഡാളസിൽ അന്തരിച്ചു. സിഎസ്ഐ കോൺഗ്രിഗേഷൻ ഓഫ് ഡാളസ് അംഗമാണ്. മക്കൾ: ജൂബി (സാം), ആനി. മരുമകൻ: ബിജു.

**ചാലാശ്ശേരി:** കേരള സ്കൂൾ അത്‌ലറ്റിക് അസോസിയേഷൻ മുൻ ദേശീയ കായികതാരം പുളിത്താനത്ത് അന്നക്കുട്ടി പീറ്റർ (78) അന്തരിച്ചു.

**ചങ്ങനാശേരി:** കുരിശുംമൂട് വെട്ടികാട് പി.വി. രാജൻ (രാജു-75) ഫ്ളോറിഡയിൽ അന്തരിച്ചു. ഭാര്യ ജോളി. മകൻ ഉണ്ണി.

**കല്ലറ:** വട്ടപറമ്പിൽ സൈമൺ ജെറോമിന്റെ ഭാര്യ മേരിക്കുട്ടി (78) അന്തരിച്ചു.

**വള്ളികുന്നം:** റിട്ട. റീജനൽ എംപ്ലോയ്മെന്റ് ഓഫീസർ ജ്യോത്സനയിൽ കെ. ദിവാകരക്കുറുപ്പ് (75) അന്തരിച്ചു.

**മുട്ടുചിറ:** തൈപ്പറമ്പിൽ ജോർജ് ജോസഫ് (വക്കച്ചൻ-74) അന്തരിച്ചു.

## Holiday Let

# Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ shopping centres. Beautiful view of Kochi City. Location- Vennala near Holiday Inn Hotel.

**Contact NG Jerome**

**Mob: +91 9446211630**




## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**

**845 480 4721 or**

**email drmathai123@gmail.com**

## ചിക്കാഗോയിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ചിക്കാഗോയിലുള്ള കുടുംബത്തിന് നവജാത ശിശുവിനായി മലയാളം സംസാരിക്കുന്ന Baby Sitter-നെ ആവശ്യമുണ്ട്. അനുഭവമുള്ള, വിശ്വാസമർഹിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:**

**Rose Vadakara 708-662-0774**

### ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

### ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

**Visit Our Website:** www.keralaexpress.com for Classified Advt.

# ബിഹാറിലെ വോട്ടർപട്ടിക പുതുക്കൽ: സുപ്രീംകോടതിയിൽ ഹർജി

ന്യൂഡൽഹി: ബിഹാർ തെരഞ്ഞെടുപ്പിന് മുന്നോടിയായി തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ട വോട്ടർപട്ടികയിലെ തീവ്രപരിശോധനയെച്ചൊല്ലി ആശയക്കുഴപ്പവും പ്രതിഷേധവും. അതേസമയം, പരിശോധന താഴെതലത്തിൽ സുഗമമായി നടക്കുന്നുണ്ടെന്നും നിർദേശങ്ങളിൽ മാറ്റമില്ലെന്നും കമ്മീഷൻ വ്യക്തമാക്കി. വോട്ടർമാർക്ക് ഈ മാസം 25-ന് മുമ്പ് എപ്പോൾ വേണമെങ്കിലും യോഗ്യത തെളിയിക്കുന്ന രേഖകൾ സമർപ്പിക്കാൻ സാധിക്കുമെന്ന് കമ്മീഷൻ അറിയിച്ചു.

കൃത്യമായ രേഖകളില്ലെങ്കിൽ ഫോമുകൾ പൂരിപ്പിച്ച് ബൂത്ത് ലെവൽ ഓഫീസർമാർക്ക് കൈമാറിയാൽ മതി എന്ന് ആഹ്വാനം ചെയ്യുന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഒരു പരസ്യം ബിഹാറിലെ ദിനപത്രത്തിൽ അച്ചടിച്ചു വന്നത് ആശയക്കുഴപ്പമുണ്ടാക്കിയതിനു പിന്നാലെയാണ് വിശദീകരണവുമായി കമ്മീഷൻ രംഗത്തുവന്നത്. ഇപ്പോൾ ഫലത്തിൽ അന്തിമതീരുമാനം ബൂത്ത് ലെവൽ ഓഫീസർമാരിലേക്കു വന്നിരിക്കുകയാണ്. വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതുമായി ബന്ധപ്പെട്ട് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ അവസാന തീരുമാനം എടുക്കുന്നത് കൂടുതൽ സങ്കീർണത ഉണ്ടാക്കുമെന്നും ഏകപക്ഷീയ തീരുമാനത്തിലേക്ക് നയിക്കുമെന്നും പ്രതിപക്ഷം ആരോപിച്ചു.

യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ കൈവശമില്ലെങ്കിൽ പൂരിപ്പിച്ച ഫോം മാത്രം ബൂത്ത് ലെവൽ ഓഫീസർക്ക് കൈമാറിയാൽ മതി. തുടർന്ന് പ്രാദേശിക അന്വേഷണത്തിന്റെയും മറ്റ് അനുബന്ധ രേഖകൾ പരിശോധിക്കുന്നതിന്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ വോട്ടർപട്ടികയിൽ പേരു ചേർക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുമെന്നും ദിനപത്രത്തിൽ വന്ന പരസ്യത്തിൽ പറയുന്നു. യോഗ്യത തെളിയിക്കുന്നതിന് ആവശ്യപ്പെട്ട രേഖകൾ വേണമെന്ന നിബന്ധന ഇപ്പോഴും നിലവിലുണ്ടെന്നും വോട്ടർമാർ ഇക്കാര്യത്തിൽ ആശയക്കുഴപ്പത്തിൽ ആകരുതെന്നും തെരഞ്ഞെടുപ്പു കമ്മീഷൻ വ്യക്തമാക്കി. ബിഹാറിലെ നിയമസഭാ തെരഞ്ഞെടുപ്പിനു മുമ്പ് വോട്ടർപട്ടികയിൽ തീവ്രപരിശോധന നടത്താനുള്ള തെരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടിക്കെതിരെ മഹുവ മൊയ്ത്ര എംപി സുപ്രീംകോടതിയെ സമീപിച്ചു. ഭരണഘടന ഉറപ്പുനൽകുന്ന വിവിധ വ്യവസ്ഥകൾ ലംഘിക്കുന്ന നടപടിയാണ് തെരഞ്ഞെടുപ്പു കമ്മീഷൻ സ്വീകരിക്കുന്നതെന്നും തീവ്രപരിശോധന നടത്താനുള്ള തീരുമാനം റദ്ദാക്കണമെന്നും ആവശ്യപ്പെട്ടാണ് തൃണമൂൽ കോൺഗ്രസ് നേതാവും ലോക്സഭാംഗവുമായ മഹുവ സുപ്രീംകോടതിയെ സമീപിച്ചത്. കമ്മീഷന്റെ തീരുമാനം ഭരണഘടനയുടെ ആർട്ടിക്കിൾ 14, 19 (1) (എ), 21,325, 328 എന്നിവ ലംഘിക്കുന്നതായും 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെയും 1960-ലെ വോട്ടർമാരുടെ രജിസ്ട്രേഷൻ നിയമങ്ങളിലെയും വ്യവസ്ഥകൾക്ക് എതിരാണെന്നും ആരോപിക്കുന്നു. വോട്ടർപട്ടികയിൽ തീവ്രപരിശോധന നടത്തുക എന്ന തെരഞ്ഞെടുപ്പു കമ്മീഷന്റെ തീരുമാനം മറ്റ് സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതു വിലക്കണമെന്നും അഭിഭാഷക രേഖ രതി മുഖേന സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെടുന്നുണ്ട്. തെരഞ്ഞെടുപ്പു കമ്മീഷന്റെ നീക്കത്തെ ചോദ്യം ചെയ്ത് അസോസിയേഷൻ ഓഫ് ഡെമോക്രാറ്റിക് റിഫോംസ് (എഡിആർ) എന്ന സംഘടനയും സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്.

## ദലൈലാമയ്ക്ക് ലോകം പിറന്നാൾ ആശംകൾ നേർന്നു



ദലൈലാമയുടെ നവതിയാഘോഷ ചടങ്ങിനിടെ അദ്ദേഹവുമായി സ്നേഹം പങ്കിടുന്ന അനുയായികൾ

വാഷിങ്ടൺ: ടിബറ്റൻ ആത്മീയ നേതാവ് ദലൈലാമയ്ക്ക് പിറന്നാൾ ആംസകളുമായി ലോകം. 90-ാം പിറന്നാൾ ആഘോഷിച്ച ഞായറാഴ്ച ധരംശാലയിലെ മക്ലിയോഡ്ഗഞ്ച് ക്ഷേത്രത്തിൽ നടന്ന ചടങ്ങിൽ കനത്ത മഴ വകവെക്കാതെ പുലർച്ചെ അഞ്ചു മുതൽ ആളുകൾ ഒഴുകിയെത്തി.

അമേരിക്കൻ വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ, മുൻ പ്രസിഡുമാരായ ബറാക് ഒബാമ, ബിൽ ക്ലിന്റൺ, ജോർജ് ഡബ്ല്യു ബുഷ് തുടങ്ങിയവർ ദലൈലാമയ്ക്ക് ആശംസകൾ നേർന്നു.

ടിബറ്റൻ ജനതയുടെ സ്വാതന്ത്ര്യവും മനുഷ്യാവകാശവും സംരക്ഷിക്കപ്പെടണമെന്ന് മാർക്കോ റൂബിയോ പറഞ്ഞു. സാംസ്കാരികവും മതപരവുമായ പൈതൃകം നിലനിർത്തി ബാഹ്യ ഇടപെടലുകളില്ലാതെ തങ്ങളുടെ പിൻഗാമിയെ തെരഞ്ഞെടുക്കാനുള്ള ടിബറ്റുകാരുടെ അവകാശത്തെ പിന്തുണയ്ക്കുന്നെന്നും അദ്ദേഹം പറഞ്ഞു. ധരംശാലയിലെ ടിബറ്റൻ സമൂഹത്തിനു മാത്രമായി ദലൈലാമയെ പ്രഖ്യാപിക്കാനാകില്ലെന്ന് ചൈന പ്രസ്താവിച്ച സാഹചര്യത്തിലാണ് റൂബിയോ ഇങ്ങനെ പ്രതികരിച്ചത്. തായ്വാനിൽ പ്രതിദ്ധ്വനിക്കുന്ന സമാധാനത്തിനും അവകാശപ്പോരാട്ടത്തിനും വേണ്ടിയുള്ള ദലൈലാമയുടെ ശ്രമങ്ങൾക്ക് നന്ദിപ്രകടിപ്പിച്ചുകൊണ്ടാണ് പ്രസിഡണ്ട് ലായ് ചിങ് ടി ആശംസ നേർന്നത്.

കേന്ദ്രമന്ത്രിമാരായ കിരൺ റിജിജു, രാജീവ് രഞ്ജൻ സിങ് എന്ന ലലൻസിങ്, അരുണാചൽപ്രദേശ് മുഖ്യമന്ത്രി പ്രേമഖണ്ഡു, സിക്കിം മുഖ്യമന്ത്രി പ്രേംസിങ് തമാങ്, ബിജെപി ലോക്സഭാംഗം തപീർ ഗാവോ, ഹോളിവുഡ് നടൻ റിച്ചാർഡ് ഗിയർ തുടങ്ങിയവർ ചടങ്ങിൽ വിശിഷ്ടാതിഥികളായിരുന്നു.

നമ്മുടെ പൗരാണിക വിജ്ഞാനത്തെയും ആധുനികലോകത്തെയും ബന്ധിപ്പിക്കുന്ന കണ്ണിയാണ് ദലൈലാമയെന്ന് കിരൺ റിജിജു പറഞ്ഞു. നിലനിൽക്കുന്ന ആചാരങ്ങളും പാരമ്പര്യങ്ങളുമനുസരിച്ച് ദലൈലാമ സ്വീകരിക്കുന്ന ഏതു തീരുമാനവും അംഗീകരിക്കുമെന്നും മന്ത്രി പറഞ്ഞു. ഇന്ത്യയും തായ്വാനുമുൾപ്പെടെ എട്ടു രാജ്യങ്ങളിലെ കലാകാരന്മാർ ആഘോഷങ്ങളിൽ പങ്കുചേർന്നു.

## ഡോ. മാർ അപ്രേം കാലംചെയ്തു

(3-ാം പേജിൽനിന്നും)

എല്ലായിടത്തും ശ്രദ്ധ പതിപ്പിച്ചാണ് അദ്ദേഹം വിടവാങ്ങുന്നത്. 54 വർഷം അദ്ദേഹം ആർച്ച്ബിഷപ്പായിരുന്നു. മാർത്തോമ്മാ സഭയിലെ കാലം ചെയ്ത ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റത്തിനു (67 വർഷം) പിന്നിൽ മെത്രാപ്പോലീത്തൻ പദവിയുടെ റെക്കോർഡിൽ രണ്ടാമനാണ്. പദവിയൊഴിഞ്ഞതോടെ പാത്രിയാർക്കൽ പ്രതിനിധിയായും വലിയ പിതാവായും സാംസ്കാരിക നഗരത്തിൽ തുടരവേയാണ് വിയോഗം.

1940 ജൂൺ 13-ന് ജനിച്ച മാർ അപ്രേം 1968-ൽ 28-ാം വയസ്സിലാണ് എപ്പിസ്കോപ്പ (മെത്രാൻ) ആയത്. തുടർന്ന് അതേവർഷം മെത്രാപ്പോലീത്തയുമായി. 2015-ൽ 6 മാസം ആഗോള കൽദായ സഭയുടെ മുഴുവൻ ചുമതലയുള്ള പാത്രിയർക്കൽ വികാർ സ്ഥാനവും വഹിച്ചു. ജോർജ് ഡേവിസ് മൂക്കൻ എന്നായിരുന്നു ആദ്യത്തെ പേര്. തൃശൂർ സിഎംഎസ് എൽപിഎസിലും കാൽഡിയൻ സിറിയനിലും സ്കൂൾ വിദ്യാഭ്യാസവും സെ. തോമസ് കോളജിൽ ഇന്റർമീഡിയറ്റ്, ജബൽപൂരിലെ ലോണാഡ് തിയോളജിക്കൽ കോളജിൽനിന്നും 1961-ൽ ദൈവശാസ്ത്രത്തിൽ ബിരുദവും നേടി. 1965-ൽ വൈദികപട്ടം സ്വീകരിച്ചശേഷം ബെംഗ്ളൂർ യുണൈറ്റഡ് തിയോളജിക്കൽ കോളജിൽനിന്നും ന്യൂയോർക്കിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ നിന്നും സഭാചരിത്രത്തിൽ രണ്ട് ബിരുദാനന്തര ബിരുദങ്ങളും നേടി.

പിഎച്ച്ഡി പഠനം തുടരുന്നതിനിടെയാണ് 1968-ൽ തൃശൂരിലെത്തി സഭാഭരണം ഏറ്റെടുത്തത്. പിന്നീട് 1976-ൽ സെറാംപൂർ സർവകലാശാലയിൽ നിന്നും പിഎച്ച്.ഡിനേടി. 2002-ൽ എം.ജി. സർവകലാശാലയിൽനിന്നു സുറിയാനി സാഹിത്യത്തിൽ രണ്ടാം പിഎച്ച്.ഡിയും നേടി. ഇംഗ്ലീഷിലും മലയാളത്തിലുമായി എഴുപതിലേറെ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

## ശോശാമ്മ തോമസ് അന്തരിച്ചു



നാരകത്തറ: നാരകത്തറ മഠത്തിൽ കളത്തിൽ പരേതനായ തോമസിന്റെ ഭാര്യ ശോശാമ്മ തോമസ് (83) അന്തരിച്ചു. പരേത വെളിയനാട് ചിങ്ങച്ചംപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ജാൻസി (റിട്ട. ഹെഡ്മിസ്ട്രസ്), പരേതയായ ജെസ്സി, ജിൻസി (റിട്ട. ടീച്ചർ), ജൂസി. മരുമക്കൾ: പരേതനായ പി.ജെ. ജോൺ പതിപ്ലാക്കിൽ ചേർപ്പുങ്കൽ, സുനു എം.സി മുളക്മറ്റത്തിൽ എസ്എച്ച്മൗണ്ട്, ഷാജി ലൂക്കോസ് വട്ടത്തറയിൽ കുറുമുള്ളൂർ, അനിയൻകുഞ്ഞ് ടി.എ. തച്ചേടത്ത് കുന്നംകരി.

## മറിയാമ്മ തോമസ് അന്തരിച്ചു



ഡാളസ്: മണലേൽ മഠത്തിൽ കടപ്ര മാന്നാർ പരേതരായ എം.പി. ഉമ്മന്റെയും ശ്രീമതി ഏലിയാമ്മ ഉമ്മന്റെയും മകൾ മറിയാമ്മ തോമസ് (79) ഡാളസിൽ അന്തരിച്ചു. സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിലെ സജീവ പ്രവർത്തകയായിരുന്ന പരേത തലവടി കൊച്ചുമാമ്മൂട്ടിൽ കുടുംബാംഗമാണ്. എസ്തേർ തോമസ് ഏകമകളാണ്. സഹോദരങ്ങൾ: ആച്ചിയമ്മ തോമസ് (കുഞ്ഞമ്മ കോട്ടയം), ശോശാമ്മ തോമസ് (തങ്കമ്മ പുല്ലാട്ട്), ഫിലിപ്പ് ഉമ്മൻ (അച്ചൻകുഞ്ഞ് ടെന്നീസ്), ഉമ്മൻ വർഗീസ് (ബാബു ഡാളസ്), പരേതനായ കുര്യൻ (ഡാളസ്), ഇമ്മാനുവേൽ വർഗീസ് (മനു കോയമ്പത്തൂർ), സി.സി. ചെറിയാൻ (കുഞ്ഞ് ഫിലാഡൽഫിയ). സംസ്കാരം പിന്നീട്. വിവരങ്ങൾക്ക്: സാജൻ മാത്യു 4695860834, എസ്തേർ തോമസ് 4695560829.

## ഇരവികുളം ഇന്ത്യയിലെ മികച്ച ദേശീയോദ്യാനം




മൂന്നാർ: പ്രകൃതിക്ക് യാതൊരു കോട്ടവും തട്ടാതെയുള്ള മികവാർന്ന വിനോദസഞ്ചാരം. വർഷങ്ങളായുള്ള ആസൂത്രണങ്ങളിലൂടെയാണ് ഇരവികുളം ദേശീയോദ്യാനം ഇത് സാധ്യമാക്കിയത്. ഇപ്പോൾ ഇരവികുളത്തിന് മാനേജ്മെന്റ് എഫക്ടീവ്നെസ് ഇവാലുവേഷനിൽ ദേശീയതലത്തിൽ ഒന്നാംസ്ഥാനം ലഭിച്ചു.

ഇരവികുളത്തെ രാജമലയിൽ മാത്രമാണ് സന്ദർശകർക്ക് പ്രവേശനമുള്ളത്. ഇന്ത്യയിലെ 438 ദേശീയോദ്യാനങ്ങളിലും വന്യമൃഗസംരക്ഷണകേന്ദ്രങ്ങളിലും നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയം 92.97 എന്ന ഏറ്റവും ഉയർന്ന സ്കോർ നൽകിയത്.

അഞ്ച് വർഷത്തെ പ്രവർത്തനമാണ് മന്ത്രാലയം വിലയിരുത്തിയത്. കാര്യക്ഷമമായ നടത്തിപ്പ്, ആവാസ വ്യവസ്ഥയുടെ സംരക്ഷണം, ജനപങ്കാളിത്തം, ഇക്കോ ടൂറിസം തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചു. ഉദ്യാനത്തിൽ സസ്യ, ജന്തുജാലങ്ങളുടെ കൃത്യമായ വിവരശേഖരണം നടത്തുകയും പരിപാലനം ഉറപ്പാക്കുകയും ചെയ്യുന്നു. ഇന്ത്യയിൽ ഏറ്റവും വൃത്തിയായി സൂക്ഷിക്കുന്ന ദേശീയോദ്യാനമാണിത്.

ഇക്കോ ടൂറിസത്തിന് വലിയ പ്രാധാന്യം നൽകുന്നു. 97 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ളതാണ് ഉദ്യാനം. സന്ദർശകർക്കായി പന്നൽ ഉദ്യാനവും ഓർക്കിഡേറിയവും ഉണ്ട്. വെർച്ചൽ റിയാലിറ്റി ഷോയും നടത്തുന്നു. ഉദ്യാനത്തെ കാർബൺ ന്യൂട്രൽ ആക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. ഡീസൽ ബസുകൾ ഒഴിവാക്കി ഇലക്ട്രിക് ബസുകൾ എത്തിക്കും. ബഗ്ഗികാർ സംവിധാനം ഉണ്ട്. ഇവയെല്ലാമാണ് ഇരവികുളത്തെ ഒന്നാം സ്ഥാനത്തെത്തിച്ചത്.

# സീനിയേഴ്സ് ആൻഡ് പയനിയേഴ്സ് ഡേ & സുഗന്ധ സംഗീത പരിപാടി



ചിക്കാഗോ: സെയിന്റ് തോമസ് സീറോമലബാർ കത്തീഡ്രലിൽ മാർ തോമസ് ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ചു ജൂലൈ രണ്ടിന് സീനിയേഴ്സ് ആൻഡ് പയനിയേഴ്സ് ഡേ ആഘോഷിച്ചു. വൈകുന്നേരത്തെ പരി

**വിവിഷ് ജേക്കബ്**

ശുദ്ധ കുർബാന സീനിയേഴ്സിനു വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചുകൊണ്ട് ബിഷപ് മാർ ജോയ് ആലപ്പാട്ടിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ടു. തുടർന്ന്, സീനിയേഴ്സിന് വേണ്ടി മാർ ജോയ് ആലപ്പാട്ട് പിതാവിന്റെയും മാർ ജേക്കബ് അങ്ങാടിയത്തു പിതാവിന്റെയും ഒപ്പം ഡിന്നർ ഒരുക്കിയിരുന്നു. ആശംസകൾ അർപ്പിച്ചു കൊണ്ട് വികാരി ജനറൽ റവ. ഫാദർ ജോൺ മേലേപ്പുറം, റവ. ഫാദർ കൊച്ചുപുരയിൽ, അസിസ്റ്റന്റ് വികാരി റവ. ഫാ. യൂജിൻ എന്നിവർ ഈ പരിപാടിയിൽ പങ്കെടുത്തു. പ്രശസ്ത ക്രൈസ്റ്റ് ക്ലാസിക്കൽ മ്യൂസിഷ്യൻ ജോജോ വയലിന്റെ സുഗന്ധ സംഗീതം എന്ന പേരിൽ നടത്തപ്പെട്ട മധുരമനോഹരമായ സംഗീത സന്ധ്യ ഈ ആഘോഷത്തിനു മാറ്റു കൂട്ടി. ജൂബിലി വർഷം ആഘോഷിക്കുന്ന കത്തീഡ്രലിനു അടിത്തറ പാകി ഇന്നത്തെ നിലയിലേക്ക് വളർത്തിയ






സീനിയേഴ്സിനെ ആദരിക്കുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെട്ട ഈ സ്നേഹസമ്മേളനത്തിനു ചുക്കാൻ പിടിച്ചതു ഇടവക വികാരി റവ. ഫാദർ തോമസ് കടുകപ്പിള്ളിലാണ്. അതിനു വേണ്ടി എല്ലാ പിന്തുണയും നൽകിക്കൊണ്ട് കൈക്കാരന്മാരായ ബിജി സി. മാണി, ബോബി ചിറയിൽ, സന്തോഷ് കാട്ടൂക്കാരൻ, വിവിഷ് ജേക്കബ്, സീനിയർ ഫോറം പ്രതിനിധികൾ, പാരിഷ് കൗൺസിൽ മെമ്പേഴ്സ് എന്നിവരും പ്രവർത്തിച്ചു.

# ഫ്ളോറിഡാ കൈരളി ആർട്സ് ക്ലബ്, വികാസ് സ്കൂൾ ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങൾക്കു നൽകിയ സഹായം ഒരു കോടി കവിഞ്ഞു







ഫ്ളോറിഡ: ചാരിറ്റി പ്രവർത്തനങ്ങൾക്ക് പ്രസിദ്ധി ആർജിച്ച ഫ്ളോറിഡായിലെ കൈരളി ആർട്സ് ക്ലബ് കേരളത്തിലെ വിവിധ സംഘടനകളിൽകൂടിയും വ്യക്തികളിൽകൂടിയും കഴിഞ്ഞ വർഷങ്ങളിൽ വിതരണം ചെയ്ത തുക ഒരു കോടിയിലധികമായി.

ബുദ്ധിവൈകല്യമുള്ള 100–ലധികം കുട്ടികളുടെ അദ്ധ്യാപനത്തിനും അവരുടെ കുടുംബങ്ങളുടെ പരിപോഷണത്തിനും പ്രവർത്തിക്കുന്ന തിരുവല്ല വൈഎംസിഎയുടെ വികാസ് സ്കൂളിലെ കുട്ടികൾക്ക് സ്ഥിരമായി പഠനോപകരണങ്ങളും മറ്റു ഒട്ടനവധി സഹായം നൽകിയും വൈഎംസിഎയുടെ പല വികസന പ്രവർത്തനങ്ങൾക്കും കൈരളി ആർട്സ് ക്ലബ് നൽകിയ തുക മാത്രം ഒരു കോടിയോളം വരുമെന്ന് വൈഎംസിഎ ചാരിറ്റി വിഭാഗം ചെയർമാൻ അഡ്വ. വർഗീസ് മാമ്മൻ അറിയിച്ചു.

ഓണം, ക്രിസ്മസ് മുതലായ ആഘോഷ സമയങ്ങളിൽ കുട്ടികൾക്കും അവരുടെ കുടുംബത്തിനും സമ്മാനങ്ങളും ഭക്ഷണവും വസ്ത്രങ്ങളും വർഷംതോറും വിതരണം ചെയ്തു. വികാസ് സ്കൂളിലെ മൂന്ന് കുഞ്ഞുങ്ങളുടെ സ്പോൺസർഷിപ് കൈരളി ഏറ്റെടുത്തിട്ടുണ്ട്.

2025–ൽതന്നെ നാല് ലക്ഷത്തിലധികം രൂപ വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഇതിനോടകം കൈരളി ആർട്സ് ചെലവഴിച്ചു. ഭവനരഹിതരായ കുടുംബങ്ങൾക്ക് പാർപ്പിടം, വിദ്യാഭ്യാസ–മെഡിക്കൽ ആവശ്യങ്ങൾക്കുള്ള അനേകം ആളുകൾക്കുള്ള സഹായം എന്നിവയും കൈരളിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പെടും.

ഫൊക്കാനയോടു സഹകരിച്ചു ഏഴ് ഭവനങ്ങൾ പണിയിച്ചു നൽകുകയും മാജിക് പ്ലാനറ്റിലെ സ്ത്രീ കൂട്ടായ്മക്ക് സ്വയംതൊഴിൽ കണ്ടെത്താനും നിർധനരായ 30 വിദ്യാർത്ഥികൾക്ക് സെൽഫോൺ വാങ്ങി നൽകാനും കൈരളി സഹായഹസ്തം നീട്ടി. കൊട്ടാരക്കര യുവസാരഥി ക്ലബ്ബിനോട് ചേർന്ന് 30 കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകിയതും മറ്റൊരു സ്ഥലത്ത് ഒരു ലക്ഷം രൂപ മുടക്കി അ

**വർഗീസ് ജേക്കബ്**

നേകം കുട്ടികൾക്ക് വേണ്ടി പഠന കളരി സംഘടിപ്പിച്ചതും 2025 ജൂൺ മാസത്തിലാണ്.

ജയിലിലെ അന്തേവാസികൾക്ക് ഭക്ഷണം, കിഡ്നി ഫൗണ്ടേഷൻ വഴിയുള്ള ധനസഹായം, ആംബുലൻസ് വാങ്ങുക എന്നിവയൊക്കെ കൂടാതെ മയാമിയിലെയും ഫോർട്ട് ലോഡർഡാലിലെയും സൂപ് കിച്ചൻ മുഖേനയുള്ള ഭക്ഷണ വിതരണം തുടങ്ങി ഒട്ടനവധി ചാരിറ്റി പ്രവർത്തനങ്ങൾക്ക് കൈരളി കഴിഞ്ഞ വർഷങ്ങളിൽ സാരഥ്യം നൽകി.

സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് അല്പമായെങ്കിലും സഹായം നൽകാൻ സാധിക്കുന്നതിൽ തങ്ങൾ അതീവ സന്തുഷ്ടരാണെന്നു കൈരളിയുടെ ചാരിറ്റി വിഭാഗം നയിക്കുന്ന ജോർജി വർഗീസ്, ഡോ. മാമ്മൻ സി. ജേക്കബ്, വർഗീസ് ജേക്കബ് എന്നിവർ വ്യക്തമാക്കി.

ഡോ. മഞ്ജു സാമുവൽ, അവിനാശ് ഫിലിപ്പ്, ജോർജ് മാത്യു, വർഗീസ് സാമുവൽ, മാത്യു ജേക്കബ് എന്നിവരും കൈരളി ആർട്സിന്റെ ഈ ഉദ്യമത്തിൽ സജീവ പങ്കാളികളാണ്.

# ഉത്തരേന്ത്യയിൽ കനത്ത മഴ: ഹിമാചലിൽ മരണം 78 ആയി



ന്യൂഡൽഹി: ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കനത്ത മഴ തുടരുന്നു. ഹിമാചൽ പ്രദേശിൽ ഇതുവരെ 78 പേർ മരിച്ചെന്നാണ് റിപ്പോർട്ട്. 40-ലേറെപ്പേരെ കാണാതായിട്ടുണ്ട്. കാണാതായവർക്കുള്ള തെരച്ചിൽ തുടരുകയാണെന്ന് ദുരന്തനിവാരണ സേന ഉദ്യോഗസ്ഥർ പറഞ്ഞു.

പ്രതികൂല കാലാവസ്ഥ തെരച്ചിലിനെ ബാധിക്കുന്നുണ്ട്. ഹിമാചലിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. നിരവധി ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്കു മാറ്റിയിട്ടുണ്ട്. വൻനാശമാണു സംസ്ഥാനത്തുണ്ടായിരിക്കുന്നത്.

ഹിമാചലിൽ ഇതുവരെ 23 മിന്നൽപ്രളയവും 19 മേഘവിസ്ഫോടനവും പതിനാറിടത്ത് മണ്ണിടിച്ചിലും ഉണ്ടായെന്നാണ് റിപ്പോർട്ട്.

ചമ്പ ജില്ലയിൽ മേഘവിസ്ഫോടനം സംഭവിച്ചതായി റിപ്പോർട്ടുണ്ട്. ദിവസങ്ങളായി തുടരുന്ന ശക്തമായ മഴയിൽ ഹിമാചലിൽ 240-ലേറെ റോഡുകൾക്കു കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നിരവധി കെട്ടിടങ്ങൾ തകർന്നു. നിരവധിപ്പേർ ഭവനരഹിതരായി.

പഞ്ചാബ്, ജമ്മു കശ്മീർ, ഉത്തർപ്രദേശ്, കിഴക്കൻ രാജസ്ഥാൻ എന്നിവിടങ്ങളിൽ കനത്ത മഴ പെയ്യുമെന്നാണ് മുന്നറിയിപ്പ്. ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചതായി കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചു.

## പ്രളയസാദ്ധ്യതാ മുന്നറിയിപ്പ്

(3-ാം പേജിൽനിന്നും)

മഴ ഇത്രയും കനക്കുമെന്നും മിന്നൽപ്രളയമുണ്ടാകുമെന്നും മുന്നറിയിപ്പുണ്ടായിരുന്നില്ലെന്ന് ടെക്സസ് ഹിൽ കൺട്രി മേഖലയിലുള്ള കെർ കൗണ്ടിയിലെ അധികൃതർ പറയുന്നു.

ദുരന്തം ഏറ്റവുമധികം ബാധിച്ചത് ഈ കൗണ്ടിയെയാണ്. നാഷണൽ വെതർ സർവീസിന്റെ കാലഹരണപ്പെട്ട പ്രവചനരീതികൾ പരിഷ്കരിക്കണമെന്ന് ഹോംലാൻഡ് സെക്യൂരിറ്റി സെക്രട്ടറി ക്രിസ്റ്റി നോം പറഞ്ഞു.

കെർ കൗണ്ടിയിലേത് വലിയ തോതിലുള്ള ദുരന്തമായി പ്രഖ്യാപിച്ച് പ്രസിഡണ്ട് ഡോണൾ ട്രംപ് ഉത്തരവിറക്കി.

## പി.ജെ. ജോസഫിന് ശതാഭിഷേകം

(12-ാം പേജിൽനിന്നും)

കേരളത്തിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ അന്ന് നിലവിൽ വന്നിട്ടുണ്ടായിരുന്നില്ല. അതിനു മുന്നോടിയായിട്ടെന്നു വേണമെങ്കിൽ പറയാവുന്ന ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കൗൺസിൽ രൂപീകരിച്ചതും പി.ജെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്താണ്. അതിന്റെ ചെയർമാൻ അന്നും വിദ്യാഭ്യാസ മന്ത്രി തന്നെയായിരുന്നു. അക്കാലത്ത് മൂന്നു വർഷത്തോളം കൗൺസിൽ സെക്രട്ടറിയായി പി.ജെ.യ്ക്കൊപ്പം പ്രവർത്തിക്കുവാനുള്ള സന്ദർഭമുണ്ടായതും വളരെ സന്തോഷത്തോടെ ഓർമ്മിക്കുന്നു.

പിൽക്കാലത്ത് ടി.പി. ശ്രീനിവാസൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ തലപ്പത്തു വന്നപ്പോൾ കേരളത്തിൽ സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നതു സംബന്ധിച്ച സാദ്ധ്യതാപഠന കമ്മീഷന്റെ ചെയർമാനായി എനിക്കു നിയോഗം വന്ന സന്ദർഭത്തിലും റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടു അന്ന് പി.ജെ.യുമായി വിശദമായി ചർച്ച ചെയ്തതും അദ്ദേഹം ചില നിർദ്ദേശങ്ങൾ പറഞ്ഞത് കേരളത്തിന്റെ സാഹചര്യത്തിൽ വളരെ പ്രായോഗികമായി തോന്നിയതും പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുമുണ്ട്.

പട്ടം താണുപിള്ളയും സി. കേശവനും എ.ജെ. ജോണും കെ.പി. മാധവൻ നായരും ടി.എം. വർഗീസും ആർ.വി. തോമസും കേളപ്പനും ഇക്കണ്ടവാര്യരും പി.ടി. ചാക്കോയും പി.എസ്. നടരാജ പിള്ളയും അക്കാമ്മ ചെറിയാനും ആനി മസ്ക്രീനും കെ.സി. ഏബ്രഹാം മാസ്റ്ററും സി. അച്യുതമേനോനും കെ.എം. ജോർജും, ഇ.കെ. നായനാരും എ.കെ. ആന്റണിയുമൊക്കെ ഉൾപ്പെടുന്ന കേരള രാഷ്ട്രീയത്തിലെ 'ക്ലീൻ ക്ലബ്' ചങ്ങലയിലെ അവസാന കണ്ണികളിലൊരാളായാണല്ലോ പി.ജെ. ജോസഫ് പൊതുവെ പരിഗണിക്കപ്പെട്ടു പോരുന്നത്. ഇന്ത്യയിലെ പ്രാദേശിക കക്ഷികളിലെ നേതാക്കളിൽ ഒരുപക്ഷേ പി.ജെ. ജോസഫിനോളം ദേശീയചിന്തയും പ്രതിബദ്ധതയുമുള്ള നേതാക്കളും വിരളമായിരിക്കണം. ഇടക്കാലത്ത് ഇവിടെ മന്ത്രിസഭാസാദ്ധ്യത ഉറപ്പായിരുന്ന ഒരുസമയത്ത് അതുമുപേക്ഷിച്ച് പാർലമെന്റിലേക്ക് മത്സരിക്കുവാൻ തയ്യാറായതിന്റെ പിന്നിലും പി.ജെ.യുടെ മനസ്സിന്റെ ആഴങ്ങളിലുള്ള ദേശീയ ചിന്തയാവണം പ്രേരകഘടകമായതെന്നു തന്നെയാണ് എന്റെ വിശ്വാസം

ഒരു യുവ കേസരിയായി ഒരു കാലത്ത് മധ്യകേരളത്തിന്റെ രാഷ്ട്രീയ ഭൂമികയിൽ ഉദിച്ചുയർന്ന പി.ജെ. ജോസഫിന്റെ ഗാഢമായ ദൈവവിശ്വാസവും ദേശഭക്തിയും ഗാന്ധിയൻ ആദർശങ്ങളോടുള്ള അചഞ്ചലമായ ആഭിമുഖ്യവുമാണ് ആയിരം പൂർണ്ണചന്ദ്രനെ കണ്ട് ശതാഭിഷിക്തനാകുമ്പോഴും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ യഥാർത്ഥ മുഖമുദ്രയും ബാക്കിപത്രവും.

കാപട്യമില്ലാത്ത ആത്മീയതയും നേർവാക്കിന്റെ നന്മയും ദൈവാധീനത്തിന്റെ ബലവും ശതാഭിഷേകത്തിന്റെ നിറവിലും നവതിയിലേക്കുള്ള നടപ്പിലും രാഷ്ട്രീയത്തിലെ ഈ നന്മമരത്തിന് അനുഗ്രഹവും കാവലും അകമ്പടിയാകട്ടെ എന്നാണ് എന്റെയും പ്രാർത്ഥന.

ആയുഷ്മാൻ ഭവഃ!!!

## ഭീകരവാദം

(3-ാം പേജിൽനിന്നും)

ആശങ്ക പ്രകടിപ്പിച്ച ബ്രിക്സ് ഉച്ചകോടി, ട്രംപിന്റെ നീക്കം നിയമവിരുദ്ധവും ഏകപക്ഷീയവുമാണെന്ന് അറിയിച്ചതായി എഎഫ്പി റിപ്പോർട്ട് ചെയ്തു.

ഭീകരവാദികളുടെ അതിർത്തി കടന്നുള്ള നീക്കം ഭീകരവാദ ധനസഹായം, സുരക്ഷിത താവളങ്ങൾ ഒരുക്കുക തുടങ്ങിയവയെ പ്രതിരോധിക്കാൻ ഉച്ചകോടി ആഹ്വാനം ചെയ്തു. ഇറാനിൽ ഇസ്രയേലും യുഎസും നടത്തിയ ആക്രമണങ്ങളെയും ഗാസയിൽ ഇസ്രയേൽ നടത്തിയ ആക്രമണത്തെയും ബ്രിക്സ് ഉച്ചകോടി അപലപിച്ചു.

## വൺ ബിഗ് ബ്യൂട്ടിഫുൾ ബിൽ

(10-ാം പേജിൽനിന്നും)

വിദ്യാലയങ്ങൾ ഫീസ് കുറയ്ക്കുവാൻ മനസ്സ് കാട്ടിയില്ലെങ്കിൽ മാതാപിതാക്കൾ പോക്കറ്റിൽ നിന്നും കൂടുതൽ കൊടുക്കുവാൻ തയ്യാറാവുക.

**ഓവർടൈം ടിപ്പ് ടാക്സ് ഇളവുകൾ:** എല്ലാ ജോലിക്കാർക്കും പ്രത്യേകിച്ച് ആതുര സേവനത്തിലായിരിക്കുന്നവർക്ക് ആശ്വാസമാണ് ഓവർടൈം തുക വരുമാനത്തിൽ നിന്നും ഇളവ് ചെയ്യുന്ന നിയമം.

അവിവാഹിതർക്ക് 12,500 ഡോളർ, വിവാഹിതർക്ക് 25,000 ഡോളർ എന്ന നിരക്കിലാണ് ഇളവുകൾ അനുവദിക്കുക.

കുടുംബത്തിലെ ആകെ വരുമാനം ഇതിനെ ബാധിക്കുമെങ്കിലും മിക്ക ആളുകൾക്കും ഇതിന്റെ ഗുണം ലഭിക്കുന്നതാണ്. 25,000 ഡോളർ വരെ ടിപ്പ് വരുമാനത്തിൽ നിന്നും ടാക്സ് ഫ്രീ ആയി പോക്കറ്റിലാക്കാം.

**സോഷ്യൽ സെക്യൂരിറ്റി ഇളവുകൾ:** പ്രായമുള്ളവർ ഏറെ പ്രതീക്ഷിച്ചിരുന്നതാണ് അവരുടെ സോഷ്യൽ സെക്യൂരിറ്റി നികുതിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കപ്പെടും എന്നത്. എന്നാൽ, സെനറ്റ് ഇത് അങ്ങനെ അംഗീകരിച്ചിട്ടില്ല. പകരം 65 കഴിഞ്ഞവർക്ക് ബോണസ് കിഴിവായി 6000 ഡോളർ അധികമായി വരുമാനത്തിൽ നിന്നും കുറയ്ക്കുവാൻ കഴിയും.

ഇതുമൂലം സോഷ്യൽ സെക്യൂരിറ്റിയുടെ ടാക്സ് കൊടുക്കേണ്ട വിഹിതം നന്നായി കുറയും. 150,000 ഡോളറിൽ അധികം വരുമാനമുള്ളവർ ഈ പുതിയ നിയമത്തിൽ നിന്നും വലിയ നന്മ പ്രതീക്ഷിക്കേണ്ടതില്ല.

എന്നാൽ, നിങ്ങളുടെ സമ്പാദ്യങ്ങൾ നിങ്ങളുടെ ജീവിതകാലത്തു തന്നെ മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്ന നിലയിൽ ക്രമീകരണങ്ങൾ ചെയ്തിട്ട് വേണം കാലയവനികയ്ക്കുള്ളിൽ മറയുവാൻ.

അടുത്ത തലമുറയിലുള്ള പലരും മാതാപിതാക്കൾ സ്വരുപിച്ചു വെച്ചിരിക്കുന്നതിൽ വലിയ താല്പര്യമില്ലാത്ത സംസ്കാരത്തിൽ വളരുമ്പോൾ ഹിതമുള്ള ചാരിറ്റി പ്രവർത്തനങ്ങളിൽ ചെലവാക്കുന്നതും നല്ല കാര്യം തന്നെ.

## ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ്

(11-ാം പേജിൽനിന്നും)

ന്യൂജേഴ്സി, സ്റ്റാറ്റൻ ഐലൻഡ്: **ബ്ലൂ** വൈകുന്നേരം 6.30-ന് നിശ്ചയിച്ചിരിക്കുന്ന സായാഹ്ന പ്രാർത്ഥനയ്ക്ക് ശേഷം ഗ്രാൻഡ് ബാൾറൂമിൽ നടക്കുന്ന ഉദ്ഘാടന യോഗത്തിൽ ഭദ്രാസന മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. ഫാ. ഡോ. ബാബു കെ. മാത്യു നയിക്കുന്ന ഗായകസംഘം സമ്മേളനത്തിലുടനീളം പ്രേക്ഷകർക്ക് സംഗീത സദ്യയൊരുക്കും. യുവാക്കളെ കേന്ദ്രീകരിച്ചുള്ള സമ്മേളനത്തിൽ, ആദ്യ രാത്രിയിൽ തന്നെ MGOCSM, FOCUS ഗ്രൂപ്പുകൾക്കായി പ്രത്യേക സെഷനുകൾ ഉണ്ടായിരിക്കും.

ജൂലൈ ഒൻപതിന് ബുധനാഴ്ച മുതൽ ജൂലൈ 12-ന് ശനിയാഴ്ച വരെ നടക്കുന്ന കോൺഫറൻസ് കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും പഴയ സൗഹൃദങ്ങൾ പുതുക്കുന്നതിനും പുതിയ ബന്ധങ്ങൾ വളർത്തിയെടുക്കുന്നതിനും ആത്യന്തികമായി സമൂഹത്തിൽ ശക്തമായ ഒരു ക്രിസ്തീയ സാക്ഷ്യം നൽകുന്നതിനും സഹായിക്കുമെന്ന് സംഘാടകർ പ്രതീക്ഷിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്, ദയവായി ബന്ധപ്പെടുക:

ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോ-ഓർഡിനേറ്റർ, ഫോൺ: 914-806-4595

ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി, ഫോൺ: 917-612-8832

ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ, ഫോൺ: 917-533-3566

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917

Subscription fee non-refundable

# KCYLNA പ്രവർത്തനങ്ങൾ ക്നാനായ കമ്യൂണിറ്റിക്ക് എന്നും പ്രചോദനം: മേയർ റോബിൻ ഇലക്കാട്ട്



ബൈജു ആലപ്പാട്ട് (കെസിസിഎൻഎ പിആർഒ)

ഹൂസ്റ്റൺ: ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക (KCCNA)യുടെ യൂത്ത് ഓർഗനൈസേഷനായ KCYLNA-യുടെ ടെക്സാസ് റീജിയണൽ ഇവന്റ് 'ടെക്സസ് ടേക്ക്ഓവർ' അവിസ്മരണീയമായി. KCYLNA-യുടെ ആദ്യത്തെ പ്രാദേശിക പരിപാടിയായ ടെക്സസ് ടേക്ക്ഓവർ ജൂൺ 28-ന് ശനിയാഴ്ച ഹൂസ്റ്റണിൽ നടന്നു.



ഡാളസ് സാൻ അന്റോണിയോ, ഹൂസ്റ്റൺ എന്നിവയുൾപ്പെടെ ടെക്സസിലുടനീളമുള്ള ക്നാനായ യുവജനതയുടെ സൗഹൃദവും വിനോദവും നിറഞ്ഞ ഈ ഒത്തുചേരൽ KCYLNA-യുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി. പങ്കെടുത്ത ഓരോ അംഗത്തിന്റെയും അവിശ്വസനീയമായ ഊർജ്ജവും ഉത്സാഹവും ഈ പരിപാടിയെ ശരിക്കും അവിസ്മരണീയമാക്കി.

ഹൂസ്റ്റണിലെ HKCS കമ്യൂണിറ്റി സെന്റർ മിനി ഹാളിൽ ചെക്ക് ഇൻ ചെയ്തുകൊണ്ടാണ് ഇവന്റ് ആരംഭിച്ചത്. KCYLNA-യുടെ സ്വാഗത ചടങ്ങിനുശേഷം ഒരു ദിവസം നീണ്ടുനിന്ന തിരക്കേറിയ ഷെഡ്യൂൾ ആരംഭിക്കുകയും ചെയ്തു. ഉച്ചഭക്ഷണത്തിനുശേഷം ടെക്സസ് ടേക്ക് ഓവർ ടീം ബസിൽ നാസ സ്പേസ് സെന്ററിനു സമീപമുള്ള കെമാ ബോർഡ് വാക്കിലേക്ക് പോയി. അവിടെ വിവിധങ്ങളായ ഗെയിമുകൾ, റൈഡുകൾ, മനോഹരമായ കടൽത്തീരങ്ങൾ എന്നിവ ആസ്വദിച്ചു.

ഏതാണ്ട് 6 മണിയോടു കൂടി കമ്യൂണിറ്റി സെന്ററിലേക്ക് മടങ്ങിയെത്തി വൈകുന്നേരത്തെ ആഘോഷങ്ങളിലേക്ക് പ്രവേശിച്ചു. ഗ്രൂപ്പ് ഗെയിമുകൾ കൊണ്ട് ഹാൾ സജീവമായി. വാശിയേറിയ ഒരു മത്സര റൗണ്ടിനുശേഷം ടീം റെഡ് 500 ഡോളർ ഗ്രാൻഡ് സമ്മാനം നേടി.



KCYLNA-യുടെ ആദ്യപ്രസിഡണ്ടും നമ്മുടെ സമൂഹത്തിലെ അഭിമാനവുമായ മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് പങ്കെടുത്ത ഒരു പ്രത്യേക സമാപന ചടങ്ങോടെയാണ് ദിവസം അവസാനിച്ചത്. നമ്മുടെ യുവാക്കൾ കെട്ടിപ്പടുക്കുന്ന പൈതൃകത്തിന്റെ ശക്തമായ ഓർമ്മപ്പെടുത്തലായിരുന്നു അദ്ദേഹത്തിന്റെ സാന്നിധ്യം. KCYLNA-യുടെ പ്രവർത്തനങ്ങൾ എക്കാലവും നോർത്ത് അമേരിക്കൻ ക്നാനായ കമ്യൂണിറ്റിക്ക് പ്രചോദനവും അഭിമാനവുമാണെന്ന് മേയർ ഇലക്കാട്ട് ചൂണ്ടിക്കാട്ടി.

KCCNA ട്രഷറർ ജോജോ തറയിൽ ടെക്സസ് ടേക്ക്ഓവർ ഇവന്റിൽ എല്ലാ മാർഗ്ഗനിർദ്ദേശവുമായി മുഴുനീളെ പങ്കെടുത്തു. കൂടാതെ ഡാനി പല്ലാട്ടുമഠം (KCW-FNA President), ലൂക്ക് കുന്നേൽ (KCYNA Secretry) തുടങ്ങി ഹൂസ്റ്റൺ ഡാളസ്, സാൻ അന്റോണിയോയിലെ അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗങ്ങൾ, മാതാപിതാക്കൾ തുടങ്ങി ഒട്ടേറെ മുതിർന്ന സമുദായാംഗങ്ങൾ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് എല്ലാവിധ പിന്തുണയുമായി അണിനിരന്നു.

പരിപാടികൾക്ക് ആൽവിൻ പിണർക്കയിൽ (പ്രസിഡണ്ട്), ഷെറിൽ ചെറുകര (വൈസ് പ്രസിഡണ്ട്), സ്നേഹ പാലപ്പുഴമറ്റം (സെക്രട്ടറി), താര കണ്ടാരപ്പള്ളിൽ (ജോ. സെക്രട്ടറി), മിഷേൽ പറമ്പേട്ട് (ട്രഷറർ), റെയ്ന കാരയ്ക്കാട്ടിൽ (KCYLNA TX RVP) എന്നിവർ നേതൃത്വം നല്കി.

KCYLNA-യുടെ അടുത്ത ഇവന്റ് 'കാലി ടേക്ക് ഓവർ' കാലിഫോർണിയയിൽ ജൂലൈ 26-ന് പിസ്മോ ബീച്ചിൽ അരങ്ങേറുമെന്ന് പ്രസിഡണ്ട് ആൽവിൻ പിണർക്കയിൽ അറിയിച്ചു.
































# ചിക്കാഗോയിലെ ഗ്ലെൻവ്യൂ പരേഡിൽ മലയാളി സാന്നിദ്ധ്യം ശ്രദ്ധേയമായി

**ജോസ് കണിയാലി**

ചിക്കാഗോ: അമേരിക്കൻ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ജൂലൈ 4-ാം തീയതി വെള്ളിയാഴ്ച ചിക്കാഗോയിലെ ഗ്ലെൻവ്യൂവിൽ നടന്ന സ്വാതന്ത്ര്യദിന പരേഡിലെ മലയാളി കൂട്ടായ്മ വർണശബളമായി. കഴിഞ്ഞ 9 വർഷക്കാലമായി ഗ്ലെൻവ്യൂ മലയാളീസ് ഓഫ് ഇൻഡ്യയുടെ നേതൃത്വത്തിൽ മലയാളിസമൂഹം സാംസ്കാരികത്തനിമ പ്രദർശിപ്പിക്കാറുണ്ട്. ഗ്ലെൻവ്യൂ മേയർ മൈക്കിൾ ബി. ജെന്നി പരേഡ് ഉദ്ഘാടനം ചെയ്തു. വിവിധ രാജ്യങ്ങളുടെ പ്രതിനിധികൾ പരേഡിൽ അണിനിരന്നു. ചെണ്ടമേളം, മുത്തുക്കുടകൾ, വർണ്ണശബളമായ വേഷവിധാനങ്ങൾ എന്നിവയുടെ അകമ്പടിയോടെ അവതരിപ്പിക്കപ്പെട്ട മലയാളി ഫ്ളോട്ട് ജനശ്രദ്ധ പിടിച്ചുപറ്റി. ജോണത്തൻ കൊച്ചുവീട്ടിലിന്റെ നേതൃത്വത്തിൽ കൊച്ചുവീട്ടിൽ ബീറ്റ്സിന്റെ ചെണ്ടമേളം ഘോഷയാത്രയുടെ അരങ്ങുണർത്തി. അവതാരകന്റെ റോൾ സി. ജെ. ഭംഗിയായി നിർവഹിച്ചു.

ഗ്ലെൻവ്യൂ മലയാളീസ് ഓഫ് ഇൻഡ്യയുടെ ഭാരവാഹികളായ കുഞ്ഞച്ചൻ കൊച്ചുവീട്ടിൽ (പ്രസിഡണ്ട്), ഷാനി അബ്രഹാം (സെക്രട്ടറി), ജോണി വടക്കുംചേരി (ട്രഷറർ), ജിനോ ജോൺ മഠത്തിൽ (പരേഡ് കൺവീനർ), ചാക്കോച്ചൻ കടവിൽ (പരേഡ് കോ-ഓർഡിനേറ്റർ), ജോസഫ് തെക്കേക്കര എന്നിവരും അഡ്വൈസറി ബോർഡ് അംഗങ്ങളായ ജോർജ് നെല്ലാമറ്റം, കുര്യൻ ഇമ്മാനുവൽ, ജിതേഷ് ചുങ്കത്ത്, ജോൺ പാട്ടപ്പതി തുടങ്ങിയവരും പരേഡിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി. പരേഡിനുശേഷം ജോർജ് ആൻഡ് ജിജി നെല്ലാമറ്റത്തിന്റെ വസതിയിൽ സ്നേഹവിരുന്നും സമാപന സമ്മേളനവും നടത്തപ്പെട്ടു. കൈരളി ഫുഡ്സിന്റെ നേതൃത്വത്തിൽ ഒരുക്കിയ രുചികരമായ ഭക്ഷണവിഭവങ്ങളും തട്ടുകടയും ആസ്വാദ്യകരമായിരുന്നു. പ്രസിഡണ്ട് കുഞ്ഞച്ചൻ കൊച്ചുവീട്ടിൽ ഭാരവാഹികളേയും അതിഥികളേയും സദസ്സിനു പരിചയപ്പെടുത്തി. ഇല്ലിനോയിയിലെ എട്ടാമത് കോൺഗ്രഷ്വണൽ ഡിസ്ട്രിക്ടിൽ നിന്നും കോൺഗ്രസിലേക്ക് മത്സരിക്കുന്ന മലയാളിയും യുവാവുമായ റയൻ വെട്ടിക്കാട്, ഇൻഡോ-അമേരിക്കൻ ഡെമോക്രാറ്റിക് ഓർഗനൈസേഷൻ ബോർഡ് മെംബർ ലിറ്റ്സി കുരിശുങ്കൽ, കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി, പരേഡ് കൺവീനർ ജിനോ മഠത്തിൽ, അഡ്വൈസറി ബോർഡ് അംഗം ജോർജ് നെല്ലാമറ്റം, സിനു പാലക്കത്തടം, പ്രിൻസ് ഈപ്പൻ തുടങ്ങിയവർ പ്രസംഗിച്ചു. സെക്രട്ടറി ഷാനി അബ്രഹാം കൃതജ്ഞത പറഞ്ഞു. അനിൽ ചിറ്റലക്കാട്ട് (കെ.ഡബ്ല്യു. റിയൽ എസ്റ്റേറ്റ്) ഗ്രാൻഡ് സ്പോൺസർ ആയിരുന്നു. വിവിധ മാധ്യമങ്ങളെ പ്രതിനിധീകരിച്ച് പ്രിൻസ് മാഞ്ഞൂരാൻ, അനിൽ മറ്റത്തിക്കുന്നേൽ, ഡൊമിനിക് ചൊള്ളമ്പേൽ, മോനു വർഗീസ് എന്നിവരും സന്നിഹിതരായിരുന്നു.












ഫോട്ടോ: മോനു വർഗീസ്

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**